ഫെബ്രുവരി 2020

Price ₹ 25

# ജീവനും വെളിച്ചവും

THE CONSTITUTION OF INDIA

## ആമുഖം

**നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,**

ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ,
ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും
ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ **നീതി**, ചിന്ത,
ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവ
യ്ക്കുള്ള **സ്വാതന്ത്ര്യം**, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള **സമത്വം** എന്നിവ ഉറപ്പുവരുത്തുന്ന
തിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യ
വും അഖണ്ഡതയും ഉറപ്പുവരുത്തുന്ന **സാഹോദര്യം**
എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തു
കൊണ്ട് **നമ്മുടെ ഭരണ ഘടനാസഭയിൽവച്ച്,**
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
**ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.**


സെന്റ് തോമസ് ദൈവാലയം
വേളി, തിരുവനന്തപുരം
അത്ഭുതപ്രവർത്തകനായ
വിശുദ്ധ അന്തോനീസിന്റെ
തിരുനാൾ മഹോത്സവം
തിരുനാൾ ദിനം 2020 ഫെബ്രുവരി 23 ഞായർ
2020 ഫെബ്രുവരി 14 ന് കൊടിയേറുന്നു
ഏവർക്കും സ്വാഗതം

**ജീവനും വെളിച്ചവും**
തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2020 ഫെബ്രുവരി
പുസ്തകം - 44 ലക്കം - 2
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണ്ണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# തപസ്
# ശുദ്ധീകരണത്തിനുള്ള വിളി

ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും ഉഷ്ണം ക്രമാതീതമായി വർധിച്ചു. ഹിമപാതങ്ങൾ ഉരുകി അതിശൈത്യവും അന്തരീക്ഷമാറ്റവും സംഭവിക്കുന്നു. പേമാരി, ജലപ്രളയം, അഗ്നിബാധ, ഭൂമികുലുക്കം തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ നിത്യസംഭവങ്ങളായി കഴിഞ്ഞു. ആർത്തി പൂണ്ട മനുഷ്യൻ വികസനത്തിന്റെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടൽ കടലേറ്റമായും തീരശോഷണമായും ഉരുൾപൊട്ടലായും, ഭൂകമ്പങ്ങളായും, ചുഴലിക്കാറ്റായും സുനാമിയായും അടിക്കടി രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ഭരണ രംഗത്ത് വളർന്നുവരുന്ന ഏകാധിപത്യ പ്രവണതകൾ, സമ്പത്തിന്റെ കേന്ദ്രീകരണം, വ്യവസായാധിഷ്ഠിത ഉൽപ്പാദനം തുടങ്ങിയവ വരുത്തിത്തീർക്കുന്ന സംഘർഷങ്ങൾ: ഈ കലുഷിതമായ അന്തരീക്ഷത്തിലാണ് ഒരു തപസ്സുകാലത്തെക്കൂടി വരവേൽക്കാൻ ഒരു ക്രൈസ്തവ ജനത ലോകമെമ്പാടും ഒരുങ്ങുന്നത്.

തപസ് ആന്തരീകവും ബാഹ്യവുമായ ശുദ്ധീകരണത്തിനുള്ള അവസരമാണ്. യേശു പറയുന്നത് ശരീരത്തിന്റെ പുറമേ നിന്ന് വരുന്നതല്ല, ഉള്ളിൽ നിന്ന് വരുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത് എന്നാണ്. മനുഷ്യന്റെ മനോഭാവങ്ങളാണ് വാക്കായും, പ്രവർത്തിയായും നിലപാടായും രൂപപ്പെടുന്നത്. അതുകൊണ്ട് തപസ്സുകാലം മുഖ്യമായും ആന്തരീക ശുദ്ധീകരണത്തിനുള്ള അവസരമാകണം. നല്ല ചിന്ത, നല്ല വാക്കായും നല്ല പ്രവൃത്തിയായും മനുഷ്യരെയും ഭൂമിയെയും പ്രപഞ്ചത്തെയും സംരക്ഷിക്കുന്ന മനസ്സായി രൂപപ്പെടണം. ഒപ്പം ശരീര ശുദ്ധിയും വരുത്തണം. പൊണ്ണത്തടി, അമിത ഭക്ഷണം എന്നവ രക്തസമ്മർദ്ദങ്ങളായും, മാരകരോഗങ്ങളായും പുറത്തുവരുന്നു. കൂടാതെ പരിസര ശുദ്ധിയും സാമൂഹ്യ ശുദ്ധിയും നേടിയെടുക്കാനുള്ള അവസരം കൂടി ആകണം തപസ്സുകാലം. മനുഷ്യൻ ഉപയോഗിച്ച് വലിച്ചെറിയുന്ന മാലിന്യം വ്യക്തികളെ രോഗാതുരരാക്കുന്നു. സമൂഹങ്ങളിൽ വർധിച്ചു വരുന്ന തൻ പോരിമയും, സ്വാർഥതയും പരസ്പരം നോക്കാൻ പോലും കൂട്ടാക്കാത്ത സ്ഥിതിയിലേക്ക് സമൂഹങ്ങളെ അധഃപതിപ്പിക്കുന്നു. അതുകൊണ്ട് തപസ്സുകാലത്തെ ആന്തരിക ശുദ്ധിയും, ശരീര ശുദ്ധിയും പരിസര ശുദ്ധിയും, സാമൂഹ്യ ശുദ്ധിയും ആർജ്ജിക്കാനുള്ള അവസരമാക്കാം.

- പത്രാധിപർ

# പ്രതികരണങ്ങൾ




## കുമ്പസാര രഹസ്യം

സഭാപരമായ സംശയങ്ങൾക്ക് ജീവനും വെളിച്ചവും മാസികയിലൂടെ ജോസ് ജി. അച്ചൻ കാനോൻ നിയമത്തിൽ സംശയനിവാരണം ചെയ്യുന്നത് പ്രശംസനീയമാണ്. കഴിഞ്ഞ കുറേ ലക്കങ്ങളിലായി സഭാപരമായ അനേകം സംശയങ്ങൾക്ക് കാനോൻ നിയമപ്രകാരം തന്നെ ഉത്തരങ്ങൾ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ ലക്കത്തിൽ കുമ്പസാരമെന്ന കൂദാശയിൽ പാപമോചനം നിഷേധിക്കാമോ? എന്ന സംശയത്തിന് കാനോൻ നിയമപ്രകാരം മറുപടി നൽകിയിരുന്നു.

എന്നാൽ ഇതിന് വിപരീതമായും ഉണ്ട്. കുമ്പസാര രഹസ്യം പുറത്തുവരില്ല എന്ന വിശ്വാസത്തിലാണ് അനുതാപമുള്ള വിശ്വാസികൾ കുമ്പസാരിക്കുന്നത്. കുമ്പസാര രഹസ്യങ്ങൾ പുറത്തുവന്നാൽ നിയമപരമായ നടപടികൾക്ക് അത് കാരണമാകില്ലെ. കുമ്പസാരമെന്ന കൂദാശയ്ക്ക് കോട്ടം തട്ടുകയും ചെയ്യും. ആയതിനാൽ സംശയമുള്ള കുമ്പസാര രഹസ്യം രഹസ്യമായി തന്നെ തീർക്കേണ്ടതല്ലേ.

– ജോൺസൺ ബ്രദർ
വലിയതുറ

## പൗരത്വബില്ലിൽ തന്നെ

പൗരത്വ ബില്ലിനെക്കുറിച്ചുള്ള അഗസ്റ്റിൻ കണിപ്പിള്ളിയുടെ വർത്തമാനവും ജെയിംസ് കുലാസച്ചന്റെ നേർക്കാഴ്ചയും പത്രാധിപരുടെ മുഖവിചാരവും വായിച്ചു. പൗരത്വ ബില്ലിനെക്കുറിച്ച് യാഥാർഥ്യത്തേക്കാൾ, വസ്തുതകളേക്കാൾ ഊതിപ്പെരുപ്പിച്ച ഊഹാപോഹങ്ങളും അഭ്യൂഹങ്ങളും അവാസ്തവമായ കാര്യങ്ങളുമാണ് പ്രചരിക്കുന്നത്. ബംഗ്ലാദേശ്, പാകിസ്ഥാൻ തുടങ്ങി ഇന്ത്യയുടെ അയൽരാജ്യങ്ങളിൽ നിന്നും അനിയന്ത്രിതമായ കുടിയേറ്റമാണ് ഇന്നും ഇന്ത്യ അഭിമുഖീകരിക്കുന്നത്. ലോകത്ത് ഇന്തോനേഷ്യ കഴിഞ്ഞാൽ ഏറ്റവുമധികം മുസ്ലീങ്ങളുള്ള ഇന്ത്യയിലെ മുസ്ലീങ്ങളെ അപ്പാടെ ജനാധിപത്യ രാജ്യമായ ഇന്ത്യ ഇവിടെ നിന്നും പറഞ്ഞയക്കാൻ പോകുന്നു എന്നതരത്തിലുള്ള കുപ്രചാരണമാണ് കോൺഗ്രസും ഇടതുപാർട്ടികളും നടത്തുന്നത്. അത് വോട്ടുബാങ്ക് കച്ചവടമാണ്. ബംഗാളികൾ എന്ന വ്യാജേന കേരളത്തിലും ബംഗ്ലാദേശുകാർ വന്ന് നിസാരമായി കൊല്ലും കൊലയും നടത്തി മുങ്ങുന്നത് നാം കണ്ടില്ലെന്ന് നടിക്കരുത്.

ലോകത്തിലെ ഏറ്റവും വലിയ മുസ്ലീം ഭീകരസംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിന്റെ അനുയായികളായി അസംഖ്യം മലയാളികൾ ഉണ്ടെന്നതും അനേകം മലയാളികൾ മരിച്ചെന്നതും അനേകർ ജയിലിലാണെന്നതും നാം കാണാതെ പോകരുത്. ഇസ്ലാമിക ഭീകരർ അവർക്ക് സ്വാധീനമുള്ള രാഷ്ട്രങ്ങളിലും ഭരണ പ്രദേശങ്ങളിലും ക്രൈസ്തവരെ കൂട്ടത്തോടെ കഴുത്തറുത്ത് കൊല്ലുന്നതും പീഡിപ്പിച്ച് രസിക്കുന്നതും ഇവിടെ ജനാധിപത്യ പുരോഗമന വാദികൾ എന്തേ അപലപിക്കുന്നില്ല.

ഒരു തിരിച്ചറിയൽ രേഖ അനിവാര്യമാണ്. അതേ സമയം മതപരമായ വിവേചനം പാടില്ല. വ്യത്യസ്തതകളുടെ സംഗമഭൂമിയായ ഇന്ത്യയെ മതത്തിന്റെ പേരിൽ വെട്ടിമുറിക്കാൻ ശ്രമിച്ചാൽ നരേന്ദ്രമോദിയുടെ ഭരണം കെട്ടുകെട്ടിക്കാൻ ഇന്ത്യക്കാർക്കറിയാം. പൗരത്വ ബില്ലിനെയും അപ്രകാരമുള്ള സംഗതികളിലെ ആശങ്കകൾ അകറ്റേണ്ടതും കേന്ദ്ര സർക്കാരിന്റെ കടമയും കർത്തവ്യവുമാണ്.

– ജെറാൾഡ് ബി.മിരാൻഡ,
തോന്നയ്ക്കൽ

## ഗൾഫിലെ പ്രവാസ ജീവിതം

ലത്തീൻ കത്തോലിക്കരുടെ ഗൾഫിലെ പ്രവാസ ജീവിതത്തെപ്പറ്റിയുള്ള ലേഖനം ഹൃദ്യമായിരുന്നു. അന്നം തേടിയുള്ള അറബ്നാട് ലക്ഷ്യമാക്കിയുള്ള മലയാളിയുടെ യാത്രയാണ് കേരളത്തെ ഇന്നത്തെ നിലയിലേക്കുള്ള വളർച്ചയ്ക്കും വികസനത്തിനും അടിത്തറ പാകിയത്. മണലാരണ്യത്തിൽ ചോര നീരാക്കിയ മലയാളിയുടെ വിയർപ്പിന്റെ വിലയാണ് ഇവിടത്തെ രമ്യഹർമ്യങ്ങളും തലയെടുപ്പുള്ള ദേവാലയങ്ങളും പള്ളികളും അമ്പലങ്ങളും ഉന്നത ജീവിത നിലവാരങ്ങളും. ഇന്നും ഇവിടുത്തെ ആഘോഷങ്ങൾക്ക് പൊലിമയുടെ പൂത്തിരി കത്തിക്കുന്നത് മറുനാടൻ മലയാളിയുടെ അധ്വാന മികവാണ്.

എന്നാൽ നാട്ടിലേക്കാൾ ഭക്തിയുടെയും വിശ്വാസ ചൈതന്യത്തിന്റെ ആദ്ധ്യാത്മികതയുടെയും കാര്യത്തിൽ ഗൾഫിലെ പ്രവാസ ലത്തീൻ കത്തോലിക്കർ മുൻപന്തിയിലാണെന്നത് സന്തോഷം പകരുന്നു. ഗൃഹാതുരത്വത്തിന്റെ മധുരസ്മരണകൾക്ക് കരുത്തും ഊർജ്ജവും പകരുന്ന തരത്തിൽ സഭാ സംവിധാനങ്ങൾ കാര്യക്ഷമമായി ഗൾഫിൽ പ്രവർത്തിക്കുന്നത് അഭിമാനാർഹം തന്നെ. ലത്തീൻ സഭാ പിതാക്കന്മാർ ഇടയ്ക്കിടെ അറബി നാടുകൾ സന്ദർശിച്ച് സഭാമക്കൾക്ക് ആത്മീയ ഉണർവും ശ്ലൈഹികാശീർവാദവും നൽകേണ്ടതാണ്. ഊർജസ്വലനായ ക്രിസ്തുദാസ് കൊച്ചുപിതാവ് അക്കാര്യത്തിലും ശ്രദ്ധിക്കണം.

– വിജയമ്മാ പാളയം




# താളുകളിൽ

6 പൗരത്വ ഭേദഗതി നിയമം ഉയർത്തുന്ന വെല്ലുവിളികൾ
ഫാ. യൂജിൻ എച്ച്. പെരേര

9 കവിത: കനിവിൻ നാളം
ഹേമ പ്രകാശ്

10 നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം...

12 കൂടെ ആയിരിക്കുന്നവന്റെ മനസ്സറിയുക
ഫാ. ദീപക് ആന്റോ

14 എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം
എബ്രഹാം തോമസ് രഞ്ജിത്

17 കാനോൻ നിയമം
ഡോ. ജോസ് ജി.

20 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

24 വാർത്തകൾ

32 നീർച്ചാൽ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച

ലേഖനം

ഫാ. യൂജിൻ എച്ച്. പെരേര




# പൗരത്വ ഭേദഗതി നിയമം 2019 ഉയർത്തുന്ന വെല്ലുവിളികൾ

ഇന്ത്യയുടെ പൗരാണിക ദർശനങ്ങളും, ഭരണഘടനയും ഉയർത്തുന്ന ഉന്നത ദർശനങ്ങൾ ലോകരാഷ്ട്രങ്ങൾക്ക് മാതൃകയാണ്. ഋഷിവര്യന്മാർ പാടിയ 'ലോകാ സമസ്ഥാ സുഖിനോ ഭവന്തു' ഉയർത്തുന്ന ദർശനം അതിമഹത്താണ്. തരം തിരിവുകളില്ലാത്ത ഒരു ലോക വ്യവസ്ഥിതിയും, എല്ലാ മനുഷ്യരും ഏകോദരസഹോദരങ്ങളെപ്പോലെ ഐശ്വര്യത്തിൽ കഴിയുന്ന സ്ഥിതിയെക്കുറിച്ചുള്ള ചിന്തയും, അതുപോലെ തന്നെ മഹത്തായ ദർശനമാണ്, 'അസത്യത്തിൽ നിന്നും സത്യത്തിലേക്കും, ഇരുളിൽ നിന്ന് വളിച്ചത്തിലേക്കും, മരണത്തിൽ നിന്ന് അമരത്വത്തിലേക്കും' എന്നതാണ് ഉപനിഷത് ദർശനം. ഈ ദർശനങ്ങളും ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും, ഭരണഘടനാ ശിൽപ്പിയായ മഹാത്മാ അംബേദ്കറും, ഭരണഘടനാ അസംബ്ലിയും, ഫ്രഞ്ച് വിപ്ലവത്തിന്റെയും അമേരിക്കയുടെയും റഷ്യയുടെയും ഭരണഘടനകളുടെ അന്തസത്തകളുമുൾച്ചേർത്താണ് ഇന്ത്യയുടെ മഹത്തായ ഭരണഘടനയ്ക്ക് രൂപം നൽകിയത്. ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നതുപോലെ, നമ്മൾ ഇന്ത്യയിലെ ജനങ്ങൾ ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതി സമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ അവസരങ്ങൾ എന്നിവയി

ലുള്ള സമത്വം ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കുന്നു. ഭരണഘടനയുടെ മേൽപ്പറഞ്ഞ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് അനുഛേദം 14 ഇന്ത്യയിൽ ഒരാൾക്ക് നിയമത്തിന് മുമ്പിൽ സമത്വമോ, തുല്യമായ സംരക്ഷണമോ നിഷേധിച്ചുകൂടായെന്ന് അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു. 15-ാം അനുഛേദം മതത്തിന്റെയോ വംശത്തിന്റെയോ, ജാതിയുടെയോ പേരിൽ ഒരു വിവേചനവും പാടില്ലാത്തതാണ് എന്ന് പ്രഖ്യാപിക്കുന്നു. കൂടാതെ ഭരണഘടന ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക ഗോത്രവിഭാഗങ്ങൾക്കും മതിയായ പരിരക്ഷ ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിക്കുന്നു. ഭരണഘടനയുടെ ഈ പ്രഖ്യാപിത അന്തസത്തയ്ക്കും, നമ്മുടെ രാജ്യം ഉയർത്തിപ്പിടിക്കുന്ന പൗരാണിക ദർശനങ്ങൾക്കും വിരുദ്ധമാണ് 2019 ഡിസംബർ മാസം പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ പൗരത്വ ഭേദഗതി നിയമം.

1955-ലെ പൗരത്വ നിയമം ഭേദഗതി ചെയ്തുകൊണ്ട് രണ്ടാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലെ ബി.ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. "2014-ാം വർഷം ഡിസംബർ മാസം 31-ാം തീയതിയോ അതിന് മുമ്പോ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയിൽ പ്രവേശിച്ച ഹിന്ദു, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ വിഭാഗങ്ങളിലുള്ളവരെയും, കേന്ദ്ര സർക്കാർ 1920 ലെ പാസ്പോർട്ട് നിയമപ്രകാരമോ 1946 ലെ ഫോറിനേഴ്സ് നിയമപ്രകാരമോ മറ്റേതെങ്കിലും ചട്ടപ്രകാരമോ, വ്യവസ്ഥ പ്രകാരമോ ഒഴിവാക്കപ്പെട്ടവരെയോ ഈ നിയമത്തിൻ കീഴിൽ അനധികൃത കുടിയേറ്റക്കാരായി കരുതുന്നില്ല. ഈ നിയമഭേദഗതി ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്ന 'മതത്തിന്റെ പേരിൽ വിവേചനം പാടില്ല എന്ന നിർദ്ദേശക തത്വത്തെയാണ് ലംഘിക്കുന്നത്. നിയമത്തിന്റെ മുന്നിൽ എല്ലാവരും സമന്മാരാണെന്ന ഭരണഘടന ഉറപ്പുവരുത്തുന്ന മൗലീകാവകാശത്തിന്റെ നിഷേധം കൂടിയാണിത്.



പൗരത്വ ഭേദഗതി നിയമം വരുന്നതിന് മുൻപുതന്നെ അസം തുടങ്ങിയ ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ദേശീയ പൗരത്വ രജിസ്റ്റർ (എൻആർസി) തയ്യാറാക്കുകയുണ്ടായി. ആ പട്ടിക പ്രകാരം 19 ലക്ഷം പ്രദേശവാസികൾ പൗരത്വപട്ടികയിൽ നിന്നും പുറംതള്ളപ്പെട്ടിരിക്കുന്നു. ഈ



**നൂറുകണക്കിന് ഭാഷകളും ഉപഭാഷകളും ജാതികളും ഉപജാതികളും മതങ്ങളും ഉള്ള രാജ്യത്തെ വിവിധ സമൂഹങ്ങൾക്ക് തുല്യതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുകയാണ് നമ്മുടെ ഭരണഘടനയുടെ ലക്ഷ്യം.**




പ്രതിസന്ധി പരിഹരിക്കുന്നതിന് മുമ്പ് പാസാക്കിയ പൗരത്വ ഭേദഗതി നിയമം (സിഎഎ) ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ യുദ്ധസമാനമായ അന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ പാർലമെന്റിന്റെ ഇരുസഭകളും വേണ്ടത്ര ചർച്ച കൂടാതെ തിടുക്കത്തിൽ പാസാക്കിയ പൗരത്വഭേദഗതി നിയമം ജനങ്ങളിൽ വലിയ ആശങ്ക ഉയർത്തിരിക്കുകയാണ്. ഭരണഘടനാവിരുദ്ധമായ പൗത്വഭേദഗതി നിയമം വടക്കുകിഴക്കൻ സംസ്ഥാനങ്ങളുൾപ്പെടെ രാജ്യത്താകമാനം ആശങ്കയും ഭീതിയും ഉയർത്തിയ ഗൗരവം പരിഗണിച്ച് പ്രതിപക്ഷ കക്ഷികളെയും ജനാധിപത്യം ആഗ്രഹിക്കുന്ന സംഘടനകളെയും വിളിച്ചുചേർത്ത് ജനാധിപത്യ മര്യാദ അനുസരിച്ച് വിഷയം ചർച്ചചെയ്യാൻ പോലും തയ്യാറാകാതെ ദേശീയ ജനസംഖ്യാ കണക്കെടുപ്പ് (എൻപിആർ) തയ്യാറാക്കാൻ ഭരണാധികാരികൾ കൈക്കൊള്ളുന്ന നിലപാട് ലോകവ്യാപകമായി പ്രതിഷേധത്തിനിടയാക്കിയിരിക്കുകയാണ്.

പൗരത്വഭേദഗതി നിയമം ഇന്ത്യയുടെ ഭരണഘടന ഉറപ്പുവരുത്തുന്ന മതേതര ജനാധിപത്യമൂല്യങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ ഭരണഘടന ഉറപ്പുവരുത്തുന്ന പൗരാവകാശങ്ങൾക്കും ന്യൂനപക്ഷങ്ങൾക്ക് നൽകിയിരിക്കുന്ന സവിശേഷമായ പരിരക്ഷയ്ക്കും വിരുദ്ധമാണ്. ഇവയ്ക്കെല്ലാം ഉപരിയായി ഒരു മതരാഷ്ട്രം പടുത്തുയർത്തുവാനുള്ള നിഗൂഢ നീക്കങ്ങളുടെ ഭാഗമായാണ് ജനാധിപത്യ വിശ്വാസികൾ കാണുന്നത്. അതുകൊണ്ട് പൗരത്വനിയമ ഭേദഗതി തള്ളിക്കളയുകയും രാജ്യത്തിന്റെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ, മതേതര, ന്യൂനപക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതുമാണ്.

നൂറുകണക്കിന് ഭാഷകളും ഉപഭാഷകളും ജാതികളും ഉപജാതികളും മതങ്ങളും ഉള്ള രാജ്യത്തെ വിവിധ സമൂഹങ്ങൾക്ക് തുല്യതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുകയാണ് നമ്മുടെ ഭരണഘടനയുടെ ലക്ഷ്യം. എന്നാൽ പൗരത്വ നിയമത്തിലൂടെ നിറത്തിന്റെയും, ദേശത്തിന്റെയും, ജാതിയുടെയും, ഭാഷയുടെയും അടിസ്ഥാനത്തിൽ രാജ്യത്തെ പൗരന്മാർ തരംതിരിക്കപ്പെടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വഴുതിപ്പോയിക്കൊണ്ടിരിക്കുന്നു. പൗരത്വനിയമ ഭേദഗതി ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തന്നെ തകർക്കുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ വഴുതിപ്പോയിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യം പരിപാവനമായി കാത്തുസൂക്ഷിച്ച ഇന്ത്യയുടെ വൈവിധ്യത്തെയും, ബഹുസ്വരതയേയും, ഐക്യത്തേയും അഖണ്ഡതയേയും ഉയർത്തിപ്പിടിക്കുന്ന മതേതര ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. ഇന്ത്യയുടെ വൈവിധ്യവും ബഹുസ്വരതയുമാണ് രാജ്യത്തിന് മറ്റ് ലോകരാഷ്ട്രങ്ങൾക്ക് മുമ്പിൽ തല ഉയർത്തി നിൽക്കുവാൻ പര്യാപ്തമാകേണ്ടത്. വ്യത്യസ്തമായ ജീവിതശൈലിയും വസ്ത്രധാരണ രീതിയും ഭക്ഷണ ക്രമങ്ങളും, ഭാഷകളും ഉള്ളപ്പോഴും അവയ്ക്കതീതമായ ഏകത്വവും, ഫെഡറൽ സംവിധാനവും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നിർവഹിക്കാൻ നൂറ്റിമുപ്പതുകോടി ജനങ്ങളുള്ള ജനതയ്ക്ക് കഴിയണം.



ലേഖനം

ഹേമ പ്രകാശൻ

# കനിവിൻ നാളം



ഒരു മെഴുതിരി നാളത്തിൻ
പ്രഭ തൂകുന്നൊരു കരുണതൻ
മണി ദീപമേ...
അകതാരിൽ നീറുന്നൊരു
കനലകറ്റീടാൻ അണയുക നാഥാ..
നീ... അലിയുക വേഗം...

ഉരുകുമീ ജീവിത വീഥികളിൽ
നിഴലായ് തഴുകിടൂ... നാഥാ...
ഇരുളടഞ്ഞൊരു പാതയിൽ കനിവിൻ
പ്രകാശമായ്
നയിക്കുക നീ... പാരിനെ...
കരൾ നൊന്തുകരയും മക്കളിൽ
കരുണയായ് പെയ്തിറങ്ങിടൂ...നാഥാ...

സക്രാരിതന്നിൽ വാഴുന്നൊരാ..
നിത്യജീവനേ...
അണയാൻ വെമ്പുന്നൊരാ
ഹൃദയങ്ങളിൽ അലിവ്കാട്ടുക നീ...
ദാനമായി നൽകിയൊരീ ജന്മം
കാണിക്കയായ് അർപ്പിക്കുന്നതിതാ
നിൻ പാദ പദ്മങ്ങളിൽ.

# നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഉറപ്പുവരുത്താൻ നാം പ്രതിജ്ഞാബദ്ധർ

**– ഇന്ത്യൻ ഭരണഘടന**



കെ ആർ എൽ സി ബി സി യുടെ ആഹ്വാനപ്രകാരം ലത്തീൻ സമുദായം ജനുവരി 26 മഹത്തായ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണദിനമായി ആചരിക്കുകയുണ്ടായി. ഭരണഘടനാശില്പികൾ രാഷ്ട്രത്തെക്കുറിച്ചു കണ്ട സ്വപ്നങ്ങൾ തകർക്കുന്നതിനുള്ള ശ്രമങ്ങൾ രാജ്യത്ത് വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിലാണ്, രാഷ്ട്രീയ ദർശനത്തോടുകൂടി വിദ്യാർത്ഥികളും യുവജനങ്ങളും ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ബോധവാന്മാരാകണമെന്നും അവരിൽ പൗരബോധവും പൗരധർമ്മവും വളർത്തിയെടുക്കണമെന്നും ലക്ഷ്യമിട്ടാണ് ജനുവരി 26 ഞായറാഴ്ച ദിവ്യബലിക്കുശേഷം പൊതുവായും ബിസിസി (കുടുംബയോഗം)കളിലും മതബോധനക്ലാസ്സുകളിലും യുവജന -സമുദായ -സാമൂഹ്യ -സംഘടനകളുടെ യോഗങ്ങളിലും ഭരണഘടനയുടെ ആമുഖം വായിക്കുകയും ഭരണഘടന സംരക്ഷണ പ്രതിജ്ഞ എടുക്കുകയും ചെയ്തുകൊണ്ട് സഭ ഭരണഘടനാ സംരക്ഷണദിനം ആചരിച്ചത്. തെരുവുപ്രകടനങ്ങൾക്കല്ല, ബോധവത്കരണപ്രക്രിയയ്ക്കാണ് നാം നേതൃത്വം കൊടുക്കേണ്ടത് എന്ന ബോധത്തോടെയാണ് അന്നേദിവസം ദേശീയപതാക ഉയർത്തുകയും മതേതരഇന്ത്യയെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കുകയും ഭരണഘടനയുടെ ആമുഖം (preamble)വായിക്കുകയും ചെയ്തുകൊണ്ട് ഭരണഘടനാ സംരക്ഷണദിനം ആചരിച്ചത്.

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അഹിംസ ആയുധമാക്കി നമ്മൾ നേടിയ സ്വാതന്ത്ര്യം ലോകത്തിലെ ഐതിഹാസികസംഭവവും സമാധാനസൃഷ്ടിയ്ക്കുള്ള പുതിയ ചിന്താധാരയുമായി. മഹത്തായ ഇന്ത്യൻ ഭരണഘടന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ഡോ. ബി.ആർ. അംബേദ്കറുടെയും നേതൃത്വത്തിൽ രൂപപ്പെടുത്തുമ്പോൾ ലത്തീൻ സമുദായത്തിന്റെ മഹത് നേതാക്കളും അതിൽ പങ്കുചേർന്നിരുന്നു. ആനി മസ്ക്രീൻ, എച്ച്.സി. മുഖർജി, ഫാ. ജെറോം ഡിസൂസ, ഫ്രാങ്ക് അന്തോണി തുടങ്ങിയ നേതാക്കൾ നീതിയും സമാധാനവും പുലരുന്ന രാഷ്ട്രത്തെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ഭരണഘടന നിർമാണസമിതിയിൽ പങ്കുവച്ചത്. രാഷ്ട്രനേതാക്കളുടെയും ഭരണഘടനാശില്പികളുടെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ഭരണാധികാരികൾ അതിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അരുതെന്ന് പറയാനുള്ള ധൈര്യം പൗരന്റെ അവകാശമാണ്.

ഈ പശ്ചാത്തലത്തിലാണ് 2020 പുതുവർഷത്തിൽ കെആർഎൽസിസിയുടെ 35-ാമത് ജനറൽ അസംബ്ലിയും ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിയും ജനുവരി 10, 11, 12 തീയതികളിൽ നെയ്യാറ്റിൻകര ലോഗോസ് പാസ്റ്ററൽ സെന്ററിൽ ചേർന്ന് 'അധികാരപങ്കാളിത്തം നീതി സമൂഹത്തിന്' എന്ന പ്രമേയം മുഖ്യവിഷയമായി ചർച്ച ചെയ്തത്. മിണ്ടാത്തവന് അവകാശം ഇല്ല എന്നതാണ് ഇന്നത്തെ സാമൂഹിക അവസ്ഥ; വിതരണനീതിയെക്കുറിച്ചുള്ള ഇപ്പോഴ

ത്തെ സങ്കല്പം. ജനസംഖ്യാനുപാതികമായ പങ്കാളിത്തം അധികാരത്തിന്റെ വിവിധതലങ്ങളിൽ നമുക്ക് ലഭിക്കണം. ദീർഘകാലം സാമൂഹിക അവശതകൾ അനുഭവിച്ച സമൂഹമെന്ന നിലയിൽ അത് പരിഹരിക്കാൻകൂടിയുള്ള നീതിബോധത്തോടെ സമുദായത്തിന് അർഹമായ പരിഗണനയും പങ്കാളിത്തവും അധികാരത്തിൽ ലഭിക്കണം.

കെ.ആർ.എൽ.സി.സി സമ്മേളനവും മെത്രാൻസമിതി യോഗവും ആനുകാലിക സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളെ ആഴത്തിൽ അപഗ്രഥിക്കുകയായി. ക്രൈസ്തവർക്കും ക്രിസ്തീയ സ്ഥാപനങ്ങൾക്കുമെതിരേ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന അക്രമണങ്ങളെക്കുറിച്ചുള്ള വലിയ ആശങ്ക സമ്മേളനത്തിൽ പ്രകടിപ്പിക്കപ്പെട്ടു. കേരളത്തിൽതന്നെ ചില സംഘടിത ഗ്രൂപ്പുകളിൽ നിന്നു സഭയ്ക്കെതിരേയും സഭാമക്കൾക്കെതിരേയും ഉണ്ടാവുന്ന തുടർച്ചയായ ഗൂഢനീക്കങ്ങളും അക്രമങ്ങളും ഗൗരവമാർന്ന പ്രശ്നങ്ങളായിത്തന്നെ പരാമർശിക്കപ്പെടുകയുമുണ്ടായി. അവയെക്കുറിച്ചൊന്നും കൃത്യമായ അന്വേഷണമോ നടപടികളോ വേണ്ടപ്പെട്ടവരിൽ നിന്നുണ്ടാകാത്തതിലുള്ള അമർഷവും പൊതുവികാരമായിരുന്നു.



## പൗരത്വഭേദഗതി നിയമം

പൗരത്വനിയമഭേദഗതിക്കെതിരെ ശക്തമായ നിലപാടാണ് രണ്ടു സമ്മേളനങ്ങളും സ്വീകരിച്ചത്. ജനങ്ങളെ വിഭജിക്കുന്നതാണ് ഏറ്റവുംവലിയ കുറ്റകൃത്യം. അതിവിപുലമായി ഇവിടെ അത് നടക്കുന്നു. പൗരത്വബിൽ ഭരണഘടനാവിരുദ്ധമാണ്. മതേതര ജനാധിപത്യസങ്കല്പത്തിന് വിരുദ്ധവുമാണ്. മുസ്ലീങ്ങൾ ഒഴികെ എന്ന പ്രയോഗം തന്നെ ശ്രദ്ധിക്കുക! ഇത് മുസ്ലീങ്ങളുടെ മാത്രം പ്രശ്നമല്ല. സർവജനത്തിന്റെയും പ്രശ്നമാണ്. ഭരണഘടനയുടെ വിശുദ്ധിയുടെ പ്രശ്നമാണ്.

ബില്ലിന്റെ ആന്തരാർത്ഥങ്ങളും ഭരണാധികാരികളുടെയും അവരെ നിയന്ത്രിക്കുന്ന ശക്തികേന്ദ്രങ്ങളുടെയും പ്രസ്താവനകളും വിലയിരുത്തുമ്പോഴും മതരാഷ്ട്രത്തിനുള്ള തയ്യാറെടുപ്പുകളാണ് നടക്കുന്നതെന്ന് വെളിപ്പെടുന്നു. ഒരുമിച്ചുള്ള പ്രതിഷേധങ്ങളാണ് ആവശ്യം. നമുക്കുവേണ്ടത് മതേതര ഇന്ത്യയാണ്. "ഭാരതമാതാ കീ ജയ്" നമ്മുടെ മുദ്രാവാക്യമാണ്.

ഭരണഘടനാ പ്രകാരം ഇന്ത്യ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതര ജനാധിപത്യ റിപ്പബ്ലിക്കാണ്. ഏത് മതത്തിൽ വിശ്വസിക്കാനും, ആചരിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം പൗരന്മാർക്കുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 14 ഏതൊരു വ്യക്തിക്കും നിയമത്തിന് മുന്നിൽ തുല്യതയും ഇന്ത്യയുടെ പ്രദേശത്തിനകത്ത് തുല്യ പരിരക്ഷയും ഉറപ്പുനൽകുന്നു. ഇതുപ്രകാരം മതം, വംശം, ജാതി, ലിംഗം അല്ലെങ്കിൽ ജനന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലായെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു.

സമത്വം, സ്വാതന്ത്ര്യം, തുല്യത, നീതി എന്നിവയാണ് രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ എന്നു ഭരണഘടനയുടെ ആമുഖത്തിൽ തന്നെ വിശദീകരിക്കുന്നുണ്ട്. ഈ മൗലിക ആദർശങ്ങൾക്കെതിരായിട്ടാണ് പൗരത്വ നിയമഭേദഗതിയെ മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു പ്രത്യേക മതവിഭാഗത്തോട് വിവേചനം പ്രകടിപ്പിക്കുന്നത് ഭരണഘടനയുടെ മൗലിക തത്വങ്ങൾക്ക് എതിരാണ്. അതിനാൽ പൗരത്വഭേദഗതി ബിൽ പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം.

## പൗരത്വ രജിസ്റ്റർ

പൗരത്വ നിയമ ഭേദഗതിയുടെ തുടർച്ചയായി രൂപപ്പെടുത്തുവാൻ പോകുന്ന പൗരത്വ രജിസ്റ്ററും ദലിത് ആദിവാസി ന്യൂനപക്ഷ വിഭാഗങ്ങളിൽ കടുത്ത ആശങ്കയും ഭീതിയുമാണ് ഉളവാക്കുന്നത്. 2021ലെ കനേഷുമാരിയോടനുബന്ധിച്ചു ദേശീയ ജനസംഖ്യാ രജിസ്റ്റർ രൂപീകരണം എൻ.സി.ആറിന്റെ മുന്നോടിയാണെന്ന സർക്കാർ രേഖകൾ വെളിവാക്കുന്നു. പൗരത്വ നിയമ ഭേദഗതിക്കെതിരെ കലാലയങ്ങൾ ഉൾപ്പടെ രാജ്യമെങ്ങും പ്രതിഷേധം ശക്തമാകുകയാണ്. ചില സംസ്ഥാനങ്ങളിൽ നടക്കുന്ന സമരങ്ങളെ അതിക്രൂരമായ വിധത്തിൽ അടിച്ചമർത്താൻ ഭരണാധികാരികളും തല്പരകക്ഷികളും ശ്രമിച്ചു വരുന്നതായി കാണാം.

## ആംഗ്ലോ – ഇൻഡ്യൻ പ്രാതിനിധ്യം

രാജ്യത്തെ ആംഗ്ലോ-ഇൻഡ്യൻ സമൂഹത്തിന് ഭരണപങ്കാളിത്തം ലഭിക്കുന്നതിനുവേണ്ടി ഭരണഘടനാശില്പികൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 331 ഉം 333 ഉം പ്രകാരം ലോകസഭയിലേയ്ക്ക് രണ്ട് എം.പി.മാരേയും സംസ്ഥാന നിയമസഭകളിലേയ്ക്ക് ഓരോ എം.എൽ.എ. മാരേയും നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം ഇൻഡ്യൻ പ്രസിഡന്റിനുണ്ടായിരുന്നു. ഈ അധികാരം അഥവാ ആംഗ്ലോ-ഇൻഡ്യക്കാർക്ക് ഭരണഘടന നൽകിയ അവകാശം കേന്ദ്ര സർക്കാർ നിയമഭേദഗതിയിലൂടെ നിറുത്തലാക്കിയിരിക്കയാണ്. ആയതിന് കാരണമായി കേന്ദ്ര സർക്കാർ പാർലിമെന്റിൽ പറഞ്ഞത് ഇൻഡ്യയിൽ 296 ആംഗ്ലോ-ഇൻഡ്യൻ സമുദായാംഗങ്ങൾ മാത്രമേയുള്ളൂ എന്നാണ്. യാതൊരു പഠനവും അന്വേഷണങ്ങളും ചർച്ചയുമില്ലാതെ ആംഗ്ലോ ഇന്ത്യൻ നോമിനേഷൻ ഒഴിവാക്കിയത് കടുത്ത അനീതിയാണ്. ക്രൈസ്തവരോടുള്ള മതപരമായ വിവേചനമാണിത്. ആംഗ്ലോ-ഇന്ത്യക്കാർക്കുള്ള ഈ പ്രത്യേക അവകാശം പുനസ്ഥാപിക്കണം.



ലേഖനം

ഫാ. ദീപക് ആന്റോ

# കൂടെ ആയിരിക്കുന്നവന്റെ മനസ്സറിയുക

**ക്രിസ്തുവിന് മരുഭൂമി അനുഭവം ഭക്ഷണമുപേക്ഷിക്കൽ മാത്രമായിരുന്നില്ല. ശരീരത്തിന്റെ വെട്ടിയൊരുക്കലുകൾക്കുമപ്പുറം ആത്മാവിനെ തൊടുന്ന ഒന്നായിരുന്നു.**

മറ്റൊരു നോമ്പുകാലത്തിന്റെ പടിവാതിലിൽ നിൽക്കുമ്പോൾ മരുഭൂമിയിലേക്ക് നടന്നുപോയ നസ്രായനെയാണ് മനസ് പിന്തുടരുന്നത്. 40 ദിവസമല്ല, 40 വർഷക്കാലം പാലുംതേനും കാത്തിരുന്ന ഇസ്രായേല്യരും മരുഭൂമിയുടെ ഊഷരതകൾക്ക് പിന്നാലെയാണ് കാനാനിൽ പ്രവേശിച്ചത്.

'ഉപവാസം' എന്ന പദം നോമ്പുകാലത്ത് ഏറെ ഉപയോഗപ്പെടുന്നുണ്ടല്ലോ. കൂടെ ആയിരിക്കുക എന്നാണ് ആ പദത്തിന്റെ അർഥം. അവന്റെ പാദത്തിങ്കലിരുന്ന് നല്ല ഭാഗം തെരഞ്ഞെടുത്ത മറിയവും, മലമുകളിൽ നിന്ന് 'കൂടെയിരിക്കുവാൻ' വിളിക്കപ്പെട്ട ശിഷ്യന്മാരും താബോർ മലയിൽ കൂടെയായിരിക്കുക നല്ലതെന്ന് കണ്ടെത്തിയ ശിഷ്യരും കൂടെയായിരിക്കുമ്പോൾ ഹൃദയം കൊണ്ട് അവിടുത്തെ സ്പർശിച്ച രക്തസ്രാവക്കാരി സ്ത്രീയും ഉപവസിക്കുകയായിരുന്നു. അതെ, അവർ കൂടെ വസിക്കയായിരുന്നു. പക്ഷേ, ചില കൂടെവസിക്കലുകളെ അവൻ തന്നെ വേണ്ടെന്ന്, അരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്. അവന്റെ അധികാരവും മഹത്വവും സമ്പന്നതയും കണ്ടുകൊണ്ട് അധികാരത്തിന്റെ പങ്കുപറ്റാനെത്തിയ യാക്കോബും യോഹന്നാനും, ഇതുനിനക്ക് സംഭവിക്കാതിരിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് അവന് ആയുരാരോഗ്യവും ദീർഘജീവിതവും ആശംസിച്ച പത്രോസും അവന്റെ സുഖത്തിലും സൗഖ്യത്തിലും കൂടെ വസിക്കാനാഗ്രഹിക്കുന്നുണ്ട്. പക്ഷേ അവരോടൊക്കെ ക്രിസ്തു പറയുന്നത് ഇതല്ല ഉപവാസമെന്നാണ്, കൂടെ വസിക്കലെന്നാണ്.

തന്നോടൊപ്പം പാനപാത്രത്തിൽ നിന്നും ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യാനാവശ്യപ്പെട്ടുകൊണ്ട് മറ്റെന്തിലേക്കൊക്കെയോ അവൻ ക്ഷണിക്കുന്നുണ്ട് ഈ നോമ്പുകാലത്ത്.

ക്രിസ്തു വീഞ്ഞുകുടിയനും ഭക്ഷണപ്രിയനും ഒക്കെ ആയിരുന്നു എന്നതൊരു പൊതുസംസാരവും ആരോപണവും മാത്രമല്ലായിരുന്നു. ഏകദേശം 40 ഓളം വിരുന്നുസന്ദർഭങ്ങൾക്ക് സുവിശേഷങ്ങൾ സാക്ഷിക്കുന്നുണ്ട്. വിരുന്നുകളെയാണ് ജീവിതവും സന്ദേശവും പകുത്തുനൽകാൻ അവൻ ഏറ്റവും കൂടുതൽ ഉപയോഗിച്ചത്.

സഭയുടെ പുരാതന പാരമ്പര്യം അനുസരിച്ച് 40 ദിനരാത്രങ്ങളുടെ ഉപവാസം ക്രിസ്തുവിനോടൊപ്പം ആയിരിക്കുവാനുള്ള സഭാതനയരുടെ ശ്രമമാണ്.

പക്ഷേ, ക്രിസ്തുവിന് മരുഭൂമി അനുഭവം ഭക്ഷണമുപേക്ഷിക്കൽ മാത്രമായിരുന്നില്ല. അതിനുമപ്പുറം ശരീരത്തിന്റെ വെട്ടിയൊരുക്കലുകൾക്കുമപ്പുറം ആത്മാവിനെ തൊടുന്ന ഒന്നായിരുന്നു. മരുഭൂമി അനുഭവത്തിലൂടെ ദൈവസാന്നിധ്യം തിരിച്ചറിയാനും സ്വന്തം ജീവിത നിയോഗത്തെ പുനർവിചിന്തനത്തിനും വിധേയമാക്കുവാൻ, നിശബ്ദതയിൽ സ്വന്തം ആത്മാവിനെ അഭിമുഖീകരിക്കാൻ ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളോട് ഊഷരമായ കാലത്തോട് പടപൊരുതി, തെറ്റിനോട് സന്ധിയില്ലാ സമരം ചെയ്യുവാൻ, അരുതെന്ന് പറയുവാനുള്ള ആർജ്ജവവും ജാഗ്രതയും തേടുവാൻ ഉള്ള സ്ഥലമാണ് മരുഭൂമി.

ആഗ്രഹിക്കുന്നതെല്ലാം നേടാനാവും എന്ന് പഠിപ്പിക്കുന്ന, ന്യൂജെൻ മോട്ടിവേഷൻ തീയറികൾക്കിടയിൽ നിനക്ക് വളരെക്കു

റിച്ച് മാത്രമേ ആവശ്യമുള്ളൂവെന്ന് ഓർമിപ്പിക്കുന്ന കാലമാണ് നോമ്പുകാലം. ശബ്ദനിബിഡമായ ലോകത്തിൽ പാണ്ഡിത്യത്തിന്റെ വാചാടോപം കൊണ്ട് ദൈവത്തെ പ്രഘോഷിക്കുന്നതിനിടയിൽ നിശബ്ദത കൊണ്ട് ദൈവത്തെ തൊടാനാവുന്ന കാലമാണിത്. ശരീരമാണ് മനുഷ്യനെന്ന് പഠിപ്പിക്കുന്ന തത്വശാസ്ത്രങ്ങൾക്കിടയിലും ഇത്രയേയുള്ളൂ ശരീരമെന്ന് ഓർമ്മിപ്പിക്കുന്നകാലമാണ് നോമ്പുകാലം. കൂടുതൽ ഉള്ളവനാണ് കൂടുതൽ വലിയവനെന്ന് ചിന്തിക്കുന്നതിനിടയിൽ ജീവിതത്തിന് വളരെക്കുറിച്ച് കാര്യങ്ങളേ ആവശ്യമുള്ളൂവെന്ന് ഓർമിപ്പിക്കുന്ന കാലമാണ് നോമ്പുകാലം.

### നോമ്പുകാലം ഉപേക്ഷിക്കലല്ല, അനുഭവങ്ങളുടെ ശേഖരിക്കൽ കാലമാണ്

സ്വന്തം സുഖസൗകര്യങ്ങളും ഇറച്ചിപ്പാത്രങ്ങളും ഈജിപ്തിലെ ദേവന്മാരുമായി യാത്രതുടങ്ങിയ ഇസ്രായേൽ ജനത 40 വർഷങ്ങൾക്കുശേഷം കാനാൻ തീരമണയുമ്പോൾ അവരുടെ ജീവിത പാനപാത്രങ്ങൾ നിറഞ്ഞുകവിഞ്ഞിരുന്നു. ദൈവാനുഭവങ്ങൾ കൊണ്ട് ദൈവപരിപാലനയിൽ മാത്രം ജീവിക്കുന്നുന്ന ജനമായും വെട്ടിയൊരുക്കപ്പെട്ടിരുന്നു. ക്രിസ്തുവിന് മുൻപേ പോയ മോശയും 40 വയസ്സുള്ള കൊട്ടാരവാസിയായല്ല 40 വർഷം കൂടി പരദേശിയായി അലഞ്ഞുനടഞ്ഞശേഷമാണ് 30 ലക്ഷത്തിലധികം വരുന്ന ഒരു ഗോത്ര ജനതയെ നയിക്കുന്നവനാകുന്നത്. ഈ അനുഭവങ്ങളാണ് മോശയെ ശക്തനാക്കിയത്.

### ഉപവാസം ശബ്ദമുണ്ടാക്കാതിരിക്കലല്ല നിങ്ങളുടെ ശബ്ദത്തിലെ സ്നേഹമില്ലായ്മയാണ് പ്രശ്നം

നിങ്ങൾ മുഴങ്ങുന്ന ചേങ്ങിലയോ ചിലമ്പുന്ന കൈത്താളമോ ആണ് വാക്കുകളിൽ സ്നേഹമില്ലെങ്കിൽ ചെമ്പുപോലെ പൊള്ളയായിപ്പോകുന്നു. ആൾക്കൂട്ടത്തിനിടയിൽ നിന്നും ആക്രോശവും കുറ്റാരോപണവും നിശബ്ദതയെ ഭജിച്ചപ്പോൾ തെറ്റിൽ പിടിക്കപ്പെട്ട സ്ത്രീക്ക് മുമ്പിൽ ക്രിസ്തു സ്നേഹംകൊണ്ടൊരു ഇടവേള തീർക്കുന്നുണ്ട്. ഒടുവിൽ കരുണയുള്ള വാക്കുകൾ ജനത്തിന്റെ ഹൃദയത്തെ ഉരുക്കിക്കളയുന്നുണ്ട്.

### ഭക്ഷണം കഴിക്കാതിരിക്കലല്ല ഭക്ഷണത്തിലെ നന്ദിയില്ലായ്മയാണ് പ്രശ്നം

കണ്ടിട്ടില്ലേ, കൃതജ്ഞതാസ്തോത്രം അർപ്പിച്ച് അവൻ ഭക്ഷണം കഴിക്കുന്നത്. അവന്റെ വിരുന്നു മേശകളിൽ അനർഹരും അപരിചിതരും ഇടംപിടിക്കുന്നു. കാരണം ഓരോ അപ്പവും അരിമണിയും ഈ സൃഷ്ടപ്രപഞ്ചം മുഴുവന്റെയും, അദ്ധ്വാനിച്ച മനുഷ്യരുടെയും അനുഗ്രഹിച്ച ദൈവത്തിന്റെയും പ്രതിരൂപമാണ്. അതുകൊണ്ട് (അറപ്പുരകളിൽ കൂടുതൽ വലിയവ ശേഖരിച്ചുകൊണ്ടല്ല) നന്ദി നിറഞ്ഞ ഹൃദയത്തോടെ ഭക്ഷിച്ചതുകൊണ്ട് കൂടെ നോമ്പചരിക്കാം.

### ജീവിതത്തോടുള്ള നിർമമതയല്ല, അടങ്ങാത്ത അഭിനിവേശമാണ്

കുടുംബം വിട്ടെറിഞ്ഞുപോയ ധൂർത്തപുത്രനെ ഭൃത്യന്മാരിലൊരുവനായല്ല, കുടുംബാംഗത്തിന്റെ സ്നേഹോഷ്മളതയിലേക്ക് തന്നെയാണ് തിരികെ പ്രതിഷ്ഠിക്കുന്നത്. നഷ്ടപ്പെട്ടുപോയ ചില സ്നേഹകൂട്ടായ്മകളിലേക്കുള്ള തിരിച്ചുചെല്ലലാണ് ഈ നോമ്പുകാലം. നഷ്ടപ്പെട്ടുപോയ ബാല്യത്തിന്റെ, സൗഹൃദങ്ങളുടെ, ബന്ധങ്ങളുടെ നന്മകളിലേക്കുള്ള സുബോധത്തോടെയുള്ള തിരിച്ചുപോക്കാണ് നോമ്പുകാലം. ജീവനോടും, സർവചരാചാരങ്ങളോടുള്ള മമതയോ കരുതലോ ഇല്ലാതാവുക എന്നതല്ല, മറിച്ച്, ഫ്രാൻസിസിനെ പോലെ അടക്കാനാവാത്ത അഭിനിവേശത്തോടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെ തന്നെയും പ്രണയിച്ചുതുടങ്ങുമ്പോഴാണ് തപസുകാലം പൂർണമാകുക.

### നിശ്ചേഷ്ഠതയല്ല, നിരന്തരമായ പടപൊരുതലിനുള്ളിടമാണ് നോമ്പുകാലം

ഭാരതത്തിന്റെ സ്വാതന്ത്ര്യസമര കാലഘട്ടം ലോകത്തിന് നൽകിയ അമൂല്യമായ ആശയങ്ങളിലൊന്നായിരുന്നു സത്യാഗ്രഹം. തെറ്റിനെതിരെ ദുർബലന്റെ സമരായുധം. അത് നൂറ്റാണ്ടുകൾക്കുമുൻപ് തിന്മയുടെ എല്ലാ ശക്തികൾക്കുമെതിരെ ക്രിസ്തു നൽകിയ ആയുധമായിരുന്നു. അതുകൊണ്ടാണല്ലോ ഉപവാസവും പ്രാർഥനയും കൊണ്ടേ തിന്മയെ നേരിടാൻ ആകുവെന്ന് അവിടുന്ന് പറയുന്നത്. അപ്പോൾ ഉപവസിക്കുന്ന മനുഷ്യരിൽ സന്യാസിയുടെ താപസഭാവം മാത്രമല്ല, തിന്മയ്ക്കെതിരെയുള്ള പോരാളിയുടെ ധീരതയും ദർശിക്കാനാകും.

പ്രകൃതിയോടുള്ള കയ്യേറ്റങ്ങളുടെ മറക്കാനാവാത്ത ചിത്രമായി മരട് ഫ്ളാറ്റ് പൊളിക്കലുകൾ മനസിൽ നിൽക്കുമ്പോൾ അവസാനമായി ഒന്നുകൂടി പറയട്ടെ, ബലവത്തായ കെട്ടിടം പൊളിക്കുവാൻ ബലഹീനമാക്കിയ ചില സ്ഥലങ്ങളിൽ കുറച്ച് സ്ഫോടനം നടന്നാൽ മതിയത്രേ. വൃക്ഷം എവിടേക്ക് ചാഞ്ഞിരിക്കുന്നുവോ അവിടേക്ക് വീഴുന്നു. ജീവിതത്തിലെ ബലഹീനതകളെ ഓർക്കാനും ധ്യാനിക്കാനുമുള്ള അവസരം കൂടിയാകട്ടെ ഈ തപസ്സുകാലം.



ലേഖനം

**എബ്രഹാം തോമസ് രഞ്ജിത്**
പ്രോഗ്രാം ഓഫീസർ, സംസ്ഥാന ശുചിത്വ മിഷൻ

**ലോകത്തിൽ നിങ്ങൾ കാണുവാൻ ആഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നിങ്ങളിൽ നിന്നാകട്ടെ**
*- മഹാത്മാഗാന്ധി*

## മാറ്റത്തിനു തുടക്കം കുറിക്കാം

# എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം

ഇന്ന് രാജ്യത്ത് പ്രതിവർഷം ഉണ്ടാകുന്ന ഖരമാലിന്യത്തിന്റെ അളവ് ഏകദേശം 48-62 മില്യൺ ടൺ ആണ്. പുരോഗമനത്തിന്റെ ഏതൊരു നല്ല മാറ്റത്തിനൊപ്പവും നമ്മൾ മുൻകൂട്ടി കാണുവാൻ മറന്നുപോകുന്ന ചില ചീത്തവശങ്ങൾ ഉണ്ടാവും. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി ലോകത്ത് എവിടെയും ഉല്പാദിപ്പിക്കുന്ന എന്ത് വസ്തുവും, ഏത് മനുഷ്യനും എവിടെ നിന്നും വാങ്ങുവാൻ കഴിയുന്ന അവസ്ഥ വന്നു. ഇതോടപ്പം മനുഷ്യന്റെ ഉപഭോഗ-ക്രയവിക്രയ ശേഷിയും വർധിപ്പിച്ചപ്പോൾ ലോകത്ത് ദൃശ്യമായ ഒരു പ്രകടമായ മാറ്റമാണ് മാലിന്യകൂമ്പാരങ്ങൾ. ജനസംഖ്യയിലുണ്ടായ വർധനവും വർധിച്ച നഗരവൽക്കരണവും മാലിന്യ സംസ്കരണത്തിന് അനുകൂലമല്ലാത്ത ഫ്ളാറ്റുകൾ പോലുള്ള ജനവാസ വ്യവസ്ഥിതിയും മാലിന്യകൂമ്പാരങ്ങളുടെ സൃഷ്ടിക്ക് മറ്റൊരു കാരണമാണ്.

ഒരു 30-35 കൊല്ലം മുമ്പ് നമ്മുടെ വീടുകളിൽ മാലിന്യങ്ങൾ എന്ന് ഇന്ന് നാം വിശേഷിപ്പിക്കുന്ന വസ്തുക്കൾ ഉണ്ടായിരുന്നില്ലേ? തീർച്ചയായും ഉണ്ടായിരുന്നു. പക്ഷേ, ഇന്നത്തെ മാലിന്യത്തിന്റെ സ്വഭാവം ആയിരുന്നില്ല അവയ്ക്ക്. പ്ലാസ്റ്റിക്കും, സ്റ്റൈറോഫോമും, റബറും പ്ലാസ്റ്റിക് ആവരണമുള്ള പേപ്പറുകളും ഒന്നും ആയിരുന്നില്ല അന്ന് മാലിന്യങ്ങളിൽ ഏറിയ പങ്ക്. അടുക്കളയിൽ ഉണ്ടാകുന്ന പാചകത്തിന്റെ ശേഷിപ്പുകൾ ആയിരുന്നു അവയിൽ കൂടുതലും. അവ പക്ഷേ അന്ന് മാലിന്യങ്ങൾ ആയിരുന്നില്ല. പക്ഷി-മൃഗാദികൾക്കുള്ള ഭക്ഷണവും ശേഷിച്ചവ കൃഷിത്തോട്ടത്തിൽ വളമായി ഏതെങ്കിലും ചെടിയുടെയോ, തെങ്ങിന്റെയോ ചുവട്ടിൽ അവസാനിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറി. ഇന്ന് മാലിന്യത്തിൽ വലിയൊരു പങ്ക് അജൈവ പാഴ്വസ്തുക്കളാണ്. മാത്രമല്ല, വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വളർത്തുമൃഗങ്ങളോ, കൃഷിസ്ഥലങ്ങളോ ഇല്ലാതായി. തൽഫലമായി മാലിന്യങ്ങൾ ഒരു പ്ലാസ്റ്റിക് കൂട്ടിലാക്കി പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്ന ഒരു അപസംസ്കാരം നമ്മുടെ ഇടയിൽ രൂപപ്പെട്ടു. തൽഫലമായി ഇന്ന് നാം നേരിടുന്ന ആരോഗ്യ-പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങൾ അനവധിയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് നാലിലൊന്ന് രോഗങ്ങൾക്ക് ഇപ്പോൾ കാരണമാകുന്നത് അശാസ്ത്രീയ മാലിന്യ സംസ്കരണമാണ്. കാൻസർ, ശ്വാസകോശ രോഗങ്ങൾ, ബൗദ്ധിക ശേഷിക്കുറവ് അല്ലെങ്കിൽ വളർച്ചാ വികാസത്തിനുള്ള കാലതാമസം, പഠനവൈകല്യങ്ങൾ, ത്വക് രോഗങ്ങൾ, വന്ധ്യത തുടങ്ങിയ മാരക രോഗങ്ങളും മറ്റനേകം പകർച്ചവ്യാധികളും അശാസ്ത്രീയമായ മാലിന്യ സംസ്കരണം മൂലം ഉണ്ടാകുന്നു. ഏതൊരു ജീവിയുടെയും പ്രത്യുല്പാദന വ്യവസ്ഥ, രോഗപ്രതിരോധ വ്യവസ്ഥ, ഹോർമോൺ വ്യവസ്ഥ എന്നീ ജീവന്റെ നെടുംതൂണുകളായ വ്യവസ്ഥകളെ മാലിന്യങ്ങളിൽ നിന്ന് പുറത്തുവരുന്ന രാസവിഷങ്ങൾ ഗുരുതരമായി ബാധിക്കും. ഇതാണ് പിന്നീട് പലവിധ രോഗങ്ങളായി പരിണമിക്കുന്നത്.

സ്വച്ഛ് ഭാരത് മിഷൻ വിഭാവനം ചെയ്യുന്നതുപോലെ 2019 ആകുമ്പോഴേക്ക് ശുചിത്വരംഗത്ത് മാതൃകാപരമായ പ്ര



വർത്തനങ്ങളുമായി ഭാരതം ലോകത്തിന് മാതൃകയാകണമെങ്കിൽ സർക്കാരുകളുടെയോ, ഭരണകർത്താക്കളുടെയോ മാത്രം പ്രവർത്തനംകൊണ്ട് സാധ്യമാകില്ല. അതിന് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വം ഉണ്ടായേ തീരൂ. 2019 വർഷം ആകുമ്പോഴേക്ക് മാലിന്യ സംസ്കരണ രംഗത്ത് ഒരു സാംസ്കാരിക മുന്നേറ്റം സംസ്ഥാനത്ത് സാധ്യമാക്കുവാൻ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കുവാൻ കേരളത്തിൽ പ്രാദേശിക ഭരണകൂടങ്ങളിലൂടെ സംസ്ഥാന സർക്കാർ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

reduce, reuse and recycle എന്നീ പ്രധാന മൂന്നു തത്വങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈ രംഗത്ത് നടത്തുന്നത്. ആയതിന്റെ ഭാഗമായി reduce എന്ന തത്വം ഗ്രീൻ പ്രോട്ടോകോളിലൂടെ സംസ്ഥാന വ്യാപകമായി പ്രചരിപ്പിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. 2015 ലെ നാഷണൽ ഗെയിംസിൽ തുടങ്ങി ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോത്സവം, ഓണം വാരാഘോഷം തുടങ്ങി ഒട്ടനവധി വേദികളിലും പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി പ്രകൃതി സൗഹൃദ വസ്തുക്കളുടെയും പുനഃരുപയോഗ സാധ്യമായ വസ്തുക്കളുടെയും ഉപയോഗം പ്രോത്സാഹിപ്പിച്ചും ഏക ഉപയോഗ വസ്തുക്കളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തിയും മാലിന്യത്തിന്റെ അളവ് കുറയ്ക്കലാണ് മാലിന്യ സംസ്കരണത്തിന്റെ ആദ്യഘട്ടം എന്ന അറിവ് ജനങ്ങളിലേക്ക് എത്തിച്ചു. മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്നുപറയുന്നത് മാലിന്യസംസ്കരണത്തിലെ സങ്കീർണതകളുടെ പേരിൽ മാത്രമല്ല, മറിച്ച് അറിവില്ലായ്മയും അജ്ഞതയുംമൂലം നാമിന്ന് പാഴാക്കുന്നത് പരിമിതങ്ങളായ പ്രകൃതി വിഭവങ്ങൾ കൂടിയാണ്. ആധുനിക യുഗത്തിലെ ഒരു ശരാശരി മനുഷ്യൻ ഒരു ദിവസം ഉപയോഗിക്കുന്ന വിഭവങ്ങൾ ആയിരം വർഷങ്ങൾക്ക് മുൻപ് പതിനായിരം മനുഷ്യർ ഉപയോഗിച്ചിരുന്നതിന് തുല്യമായ അളവിലുള്ളതാണ് എന്ന് പറയുമ്പോൾ നാം ചിന്തിക്കേണ്ടത്, ഇനിയും എത്രയോ തലമുറകൾക്ക് ഉപയോഗപ്പെടുത്തേണ്ടതും അവരുടെ നിലനിൽപ്പിന് അനിവാര്യമായതുമായ പ്രകൃതിവിഭവങ്ങളാണ് നാം നിർലോഭം ഉപഭോഗം നടത്തി പാഴാക്കി കളയുന്നത് എന്ന വസ്തുത കൂടിയാണ്. മാത്രമല്ല, ആയിരം വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന ജനസംഖ്യയുടെ 20 ഇരട്ടിയാണ് ഇന്നത്തെ ജനസംഖ്യ എന്നതുകൂടി അറിയുമ്പോൾ എത്രവേഗത്തിലാണ് തലമുറകൾക്ക് അവകാശപ്പെട്ട പ്രകൃതി വിഭവങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാകും. ആയതിനാൽ പ്രകൃതിവിഭവങ്ങൾ സൂക്ഷ്മതയോടുകൂടിയും ഓരോ വസ്തുവിന്റെയും ഉപയോഗക്ഷമതയുടെ പരമാവധി ഉപയോഗപ്പെടുത്തിയാൽ തന്നെ മാലിന്യങ്ങളുടെ അളവ് വലിയൊരു പരിധിവരെ നമുക്ക് കുറയ്ക്കാൻ കഴിയും. ഒരു ഉദാഹരണം പറഞ്ഞാൽ ആയിരം ആളുകൾ പങ്കെടുക്കുന്ന ഒരു കല്യാണസദ്യയിൽ ഇന്ന് ഏതാണ്ട് രണ്ടായിരത്തോളം ഡിസ്പോസിബിൾ കുപ്പികളാണ് വെള്ളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. മുൻപ് ഒരു ലിറ്റർ കുപ്പികളാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് 250-300 മിറ്റി ലിറ്ററിന്റെ കുപ്പികളും, ഡിസ്പോസിബിൾ ഗ്ലാസുകളും ആണ്. ഒന്ന് മനസ്സുവച്ചാൽ ഒഴിവാക്കാൻ കഴിയുന്ന ഇവയൊക്കെ (ഡിസ്പോസിബിൾസ്) ഉൽപ്പാദിപ്പിക്കുന്നത് പരിമിതങ്ങളായ പ്രകൃതിവിഭവങ്ങളിൽ നിന്നുതന്നെയാണ്. ഈ പ്രകൃതി ചൂഷണം തടയുന്നതിന് ഗ്രീൻ പ്രോട്ടോകോളും, സ്വാപ്ഷോപ്പുകളും, റീസൈക്ലിംഗ് പ്ലാന്റുകളും നാം പ്രോത്സാഹിപ്പിക്കേണ്ടത്.



മാലിന്യങ്ങൾ അളവില്ലാതെ ഉണ്ടാക്കിയിട്ട് അവ നിർമാർജനം ചെയ്യുന്നതിനുള്ള മാർഗം തേടുക അല്ല ചെയ്യേണ്ടത്. മറിച്ച്, മാലിന്യങ്ങളുടെ അളവ് കുറയ്ക്കുകയാണ് ഉത്തരവാദിത്തമുള്ള ഒരു സമൂഹം പിന്തുടരേണ്ടരീതി എന്ന ബോധ്യം ജനങ്ങളിൽ ഉണ്ടാക്കി എടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. മാത്രവുമല്ല, പലവിധ സാങ്കേതിക വിദ്യകളാൽ രൂപപ്പെടുത്തുന്ന വിവിധങ്ങളായ വസ്തുക്കളാണ് മാലിന്യങ്ങളിൽ ഉള്ളത്. ഇവയെല്ലാം കൂടി ഏതെങ്കിലും ഒരു സാങ്കേതികവിദ്യ ഉപയോഗിച്ച് അപ്രത്യക്ഷമാക്കുന്നതല്ല മാലിന്യ സംസ്കരണം, മറിച്ച് ജൈവമാലിന്യങ്ങളെ തരംതിരിച്ച് പുനഃചംക്രമണം ചെയ്ത് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതാണ് മാലിന്യ സംസ്കരണത്തിലെ ഏറ്റവും പ്രകൃതി സൗഹൃദ രീതി.


reduce, recycle എന്നീ തത്വങ്ങളുടെ പ്രചരണത്തിനും പ്രോത്സാഹനത്തിനുമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ വ്യാപകമായി സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾ പണികഴിപ്പിക്കുകയും അവ ഉടൻതന്നെ പ്രവർത്തന സജ്ജമാവുകയും ചെയ്യും. ഇതുവഴി നിലവിൽ മാലിന്യങ്ങളിലേക്ക് തള്ളുന്ന പല വസ്തുക്കളും 'റീസൈക്ലിംഗിനായി' റിക്കവർ ചെയ്യപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നതിനാലും മാലിന്യങ്ങളുടെ അളവ് സ്വാഭാവികമായി (Reduce) കുറയുകയും ചെയ്യും.

അങ്ങനെ ലോകത്ത് നാം കാണുവാൻ ആഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നമ്മളിൽ നിന്ന് തന്നെ ആരംഭിച്ച് ഒരു പുതിയ മാലിന്യ സംസ്കരണ സംസ്കാരത്തിലേക്ക് നമുക്ക് എത്തിച്ചേരാം.

പുസ്തക പരിചയം

**ഇഗ്നേഷ്യസ് തോമസ്**

# പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ ശാക്തീകരണ കഥ




നിഷേധിക്കപ്പെട്ട സ്വാതന്ത്ര്യവും സാമൂഹ്യനീതിയും സ്വായത്തമാക്കാൻ, സഹനവും സഹിഷ്ണുതയും മുറുകെ പിടിച്ച് മുന്നേറിയ ഒരു ജനസമൂഹത്തിന്റെ ശാക്തീകരണ പ്രക്രിയയുടെ ചുരുളുകൾ നിവർത്തുകയാണ് അധ്യാപകനും ചരിത്രഗവേഷകനുമായ ഡോ. എസ്.റൈമൺ 'എ സാഗാ ഓഫ് എംപവർമെന്റ് ട്രേസിംഗ് ദി ആനൽസ് ഓഫ് ദി ലാറ്റിൻ ഡയോസിസ് ഓഫ് ട്രിവാൻഡ്രം' എന്ന ഗ്രന്ഥത്തിലൂടെ.

അത്യന്തം ദുഷ്കരമായ ഉറവിടങ്ങൾ തേടി, അന്വേഷണം നടത്തുകയും പ്രാഥമിക രേഖകൾ കണ്ടെത്തി, വസ്തുനിഷ്ടവും ആധികാരികവുമായ തെളിവുകളുടെ പിൻബലത്തോടെ, വസ്തുതകൾ അവതരിപ്പിക്കുക ചരിത്രകാരന്റെ ചുമതലയാണ്. ഡോ. എസ്.റൈമൺ ഇത്തരത്തിൽ തിരുവനന്തപുരം രൂപതയുടെ 50 വർഷത്തെ (1937-1987) ചരിത്രം, പ്രാഥമികരേഖകളെ അവലംബമാക്കി യാഥാർഥ്യത്തോടെ അവതരിപ്പിക്കുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അരികുവൽക്കരിക്കപ്പെട്ട സമൂഹത്തെ, സഭാപരമായ ഘടനയിലൂടെ, ഒന്നിപ്പിക്കുകയും ആദ്ധ്യാത്മിക അടിത്തറയിൽ നിലയുറപ്പിച്ചുകൊണ്ട്, സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രാഷ്ട്രീയ തലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത കഥയാണ് പുസ്തകത്തിന്റെ ഉള്ളടക്കം. അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിന്റെ മുന്നേറ്റത്തിന് നേതൃത്വം നൽകിയ മതരാഷ്ട്രീയ നേതൃത്വത്തെ ഇന്നത്തെ തലമുറയ്ക്ക് വഴികാട്ടികളായി ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. സമഗ്രവും ഗവേഷണാത്മകവുമായ ഈ പഠനത്തിനാണ് ഡോ. റൈമണ് കേരള സർവകലാശാല ഡോക്ടറേറ്റ് നൽകിയത്.

തിരുവനന്തപുരം രൂപത സ്ഥാപിതമായ 1937 മുതൽ 1987 വരെയുള്ള 50 വർഷത്തെ ചരിത്രം, വിമർശനാത്മകമായി ഈ ഗ്രന്ഥത്തിൽ വിലയിരുത്തപ്പെടുന്നു. രൂപതയുടെ തനത് പാരമ്പര്യത്തിന്റെയും സംസ്കാരികോന്നതിയുടെയും ഉറവിടം തേടി അദ്ദേഹം ചെന്നെത്തി നിൽക്കുന്നത് സെന്റ് തോമസ് പാരമ്പര്യത്തിലാണ്. മിഷണറിമാരുടെ പ്രയത്നത്താൽ ക്രിസ്തുമതം പുൽകിയവർ വ്യത്യസ്ഥ ജാതികളിൽപ്പെട്ടവരായിരുന്നു. മുക്കുവരും, നാടാരും, ഈഴവരും, ദളിതരും ഇതിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം രൂപതയിലെ ജനസമൂഹം വിശ്വാസത്തിലൊഴികെ മറ്റൊന്നിലും ഏക ശിലാരൂപം അന്നും ഇന്നും കൈവരിച്ചിട്ടില്ല. ജാതിവ്യവസ്ഥ ഒരു യാഥാർഥ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് തന്നെ മിഷണറിമാർ മുന്നോട്ടുപോയി. സമഭാവനയോടെ മനുഷ്യത്വം ഉൾക്കൊണ്ട് അവർ പ്രവർത്തിച്ചു. സാർവത്രിക വിദ്യാഭ്യാസം പ്രചരിപ്പിച്ചും ആരോഗ്യരംഗത്ത് പ്രവർത്തനങ്ങൾ നടത്തിയും സാമൂഹ്യമായ ഇടപെടലുകളിലൂടെയും അവർ സുവിശേഷം പ്രചരിപ്പിച്ചു. മിഷണറിമാർ പാകപ്പെടുത്തിയ ഭൂമികയിലാണ് വൈകുണ്ഠസ്വാമി, ചട്ടമ്പിസ്വാമി, ശ്രീനാരായണഗുരു, ശ്രീ അയ്യങ്കാളി തുടങ്ങിയ നവോത്ഥാനനായകന്മാർ സാമൂഹ്യ മുന്നേറ്റത്തിനുള്ള വിത്തുപാകിയത്. "മിഷണറിമാർ സ്ഥാപിച്ച ദേവാലയങ്ങൾ ആരാധന കേന്ദ്രങ്ങൾ മാത്രമായിരുന്നില്ല. വിദ്യാഭ്യാസത്തിനും വിനോദത്തിനും സാമൂഹ്യ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നുവെന്ന് ഗ്രന്ഥകാരന്മാർ ചൂണ്ടിക്കാണിക്കുന്നു."

ചരിത്രത്തിനുള്ളിലെ ചരിത്രത്തെ അവധാനതയോടെ കണ്ടെത്തുകയും ഭയപ്പാടുകളില്ലാതെ രേഖപ്പെടുത്തുകയും ചെയ്യുകയെന്നത് നിഷ്പക്ഷ ചരിത്രരചയിതാക്കളുടെ കടമയാണ്. ഈ ഗ്രന്ഥത്തിലെ രണ്ടു വിവരണങ്ങളിലൂടെ ഡോ. റൈമൺ തന്റെ സത്യസന്ധതയും തുറവിയും വെളിപ്പെടുത്തുന്നു. ഒന്ന് തിരിവിതാംകൂർ രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും മതസഹിഷ്ണതയുടെ കപടമുഖം തുറന്നുകാട്ടുകയും ക്രൈസ്തവരോട് പ്രത്യേകിച്ച് ഉന്നതജാതിയിൽപ്പെട്ട, ക്രിസ്തുമതം സ്വീകരിച്ച ദേവസഹായം പിള്ളയോടും മിഷണറിമാരോടും ക്രിസ്തുമതം പുൽകിയ താണജാതിക്കാരോടും കാട്ടിയ ക്രൂരവും നിന്ദ്യവുമായ മർദ്ദന മുറകളും വിശദമായി വിവരിക്കുന്നു.

തെക്കൻ തിരുവിതാംകൂറിലുണ്ടായ ജനകീയ മുന്നേറ്റങ്ങളെപ്പറ്റി സാമാന്യം ഭംഗിയായി പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. മാറുമറയ്ക്കൽ സമരം, സ്വാതന്ത്ര്യ സമരം സി.പി.രാമസ്വാമി അയ്യരുടെ കിരാത ഭരണത്തിനും അടിച്ചമർത്തലിനുമെതിരായ പ്രക്ഷോഭങ്ങൾ, ബിഷപ്പ് പെരേരായുടെ നേതൃത്വത്തിൽ നടന്ന, വിമോചന സമരം, ചെറിയ തുറ, വെട്ടുകാട്, പുല്ലുവിള വെടിവയ്പുകൾ, എൺപതുകളിൽ നടന്ന മത്സ്യത്തൊഴിലാളി സമരം ഇവയെല്ലാം തന്നെ ഒരു ജനതയുടെ അവകാശ പോരാട്ടങ്ങളായിരുന്നുവെന്ന് ഗ്രന്ഥകാരൻ വസ്തുതകളുടെ പിൻബലത്തോടെ സമർഥിക്കുന്നു.




# കുമ്പസാര രഹസ്യം വെളിപ്പെടുത്താമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനാണ് ഞാൻ. കുട്ടികൾക്കെതിരെ ലൈംഗികാതിക്രമം കാട്ടുന്നതും അതിനു കൂട്ടുനിൽക്കുന്നതും, ഇക്കാര്യം അറിഞ്ഞിട്ട് അറിയിക്കേണ്ടവരെ അറിയിക്കാതെ മറച്ചുവയ്ക്കുന്നതും ഇന്ത്യൻ നിയമമനുസരിച്ച് കഠിന ശിക്ഷ ലഭിക്കാവുന്ന ഗൗരവമേറിയ ഒരു കുറ്റമാണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ (പോക്സോ - POCSO - കേസുകൾ) കൂടിവരുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. പ്രായപൂർത്തിയാകാത്ത (18 വയസ്സിനു താഴെ) ഒരു കുട്ടിയെ ലൈംഗികമായി ചൂഷണം ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് ഒരു അനുതാപി കുമ്പസാരത്തിൽ ഏറ്റുപറയുകയും, പിന്നീട് പോലീസ് പിടിയിലായപ്പോൾ ഇക്കാര്യം എന്നോടു പറഞ്ഞിരുന്നതായി അയാൾ പോലീസിനു മൊഴി നല്കുകയും, അതിന്റെ വെളിച്ചത്തിൽ പോലീസ് എന്നെ ചോദ്യംചെയ്യുകയും ചെയ്താൽ, കുമ്പസാരത്തിൽ അയാൾ പറഞ്ഞിരുന്നതായി പോലീസിനോട് എനിക്ക് സമ്മതിക്കാമോ?

കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം ഹീനമായ ഒരു ക്രൂരകൃത്യവും മാരകമായ പാപവുമാണ്. നിയമലംഘനമാണ് കുറ്റകൃത്യം. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമണത്തെ നമ്മുടെ രാജ്യം ഗുരുതരമായ ഒരു കുറ്റമായി കാണുകയും കഠിനമായ ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1440, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ജനതകളുടെ പ്രകാശം (LG) 11 എന്നിവ പ്രകാരം, പാപം പ്രാഥമികമായി ദൈവത്തിന് എതിരെയുള്ള ഒരു ദ്രോഹമാണ്. അത് ദൈവത്തോടുള്ള ബന്ധത്തിനും സഭയുമായുള്ള സംസർഗത്തിനും ക്ഷതമേല്പിക്കുന്നു. CCC 1441 1448 ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 959 എന്നിവ പ്രകാരം, ജ്ഞാനസ്നാനം സ്വീകരിച്ചയാൾ തിരിച്ചറിവ് വന്നശേഷം ചെയ്തുപോയ പാപങ്ങളെ അനുതാപത്തോടെ ഏറ്റുപറയുകയും ആ പാപങ്ങളിൽനിന്ന് മോചനവും മുറിപ്പെടുത്തിയ സഭയുമായി അനുരഞ്ജനം നേടുകയും ചെയ്യുന്ന കൂദാശയാണ് കുമ്പസാരം.

CCC 1467, CIC 983 §1, 1388 എന്നിവ പ്രകാരം കുമ്പസാരം കേൾക്കുന്ന ഓരോ പുരോഹിതനും അനുതാപികൾ തന്നോടു ഏറ്റുപറഞ്ഞ പാപങ്ങൾ പരമരഹസ്യമായി സൂക്ഷിക്കണം. ഈ രഹസ്യം "കൗദാശിക മുദ്ര"യാണ്.

കൗദാശിക മുദ്ര അലംഘനീയമാണ്. എന്തെങ്കിലും കാരണത്താൽ പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും വിധത്തിൽ കുമ്പസാരക്കാരൻ അനുതാപിയെ വെളിപ്പെടുത്തുന്നത് അതികഠിനമായ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

കൗദാശിക മുദ്രയുടെ ലംഘനം രണ്ടുതരത്തിൽ സംഭവിക്കാം: 1). പ്രത്യക്ഷമായ ലംഘനം: അനുതാപിയെയും അയാൾ ഏറ്റുപറഞ്ഞ പാപത്തെയും കുമ്പസാരക്കാരൻ വെളിപ്പെടുത്തുക; 2). പരോക്ഷമായ ലംഘനം: കുമ്പസാരത്തിൽ ഏറ്റുപറഞ്ഞ പാപവുമായി ബന്ധപ്പെട്ട് അനുതാപിയെ തിരിച്ചറിയാനോ അനുതാപി ഏറ്റുപറഞ്ഞ പാപം തിരിച്ചറിയനോ സഹായിക്കുന്ന തരത്തിൽ കുമ്പസാരക്കാരൻ സൂചനകൾ നല്കുക.

CIC 964 പ്രകാരം, കുമ്പസാരമെന്ന കൂദാശ സ്വീകരിക്കേണ്ട സ്ഥലം ദൈവാലയമോ ചാപ്പലോ ആണ്. ന്യായമായ കാരണത്തിനുവേണ്ടിയല്ലാതെ, കുമ്പസാരക്കൂടിനു പുറത്ത് കുമ്പസാരം കേൾക്കാൻ പാടില്ല. വ്യക്തിത്വം വെളിപ്പെടുത്താതെ കുമ്പസാരിക്കാനുള്ള വിശ്വാസിയുടെ അവകാശം ഉറപ്പുവരുത്താനാണ് കുമ്പസാരക്കൂട്. അതുകൊണ്ടുതന്നെ, സാധാരണയായി, കുമ്പസാരിക്കുന്ന അനുതാപിയെ കുമ്പസാരക്കാരൻ തിരിച്ചറിയുന്നില്ല.

ഇനി താങ്കളുടെ സംശയത്തിലേയ്ക്കു വരുന്നു. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം സംബന്ധിച്ച പാപമായാലും കുമ്പസാരക്കൂടിന്റെ സഹായത്തോടെ കുമ്പസാരിപ്പിക്കുന്ന കുമ്പസാരക്കാരൻ അനുതാപിയെ തിരിച്ചറിയുന്നില്ല. അഥവാ, തിരിച്ചറിഞ്ഞാൽ CCC 1467, CIC 983 § 1, 1388 എന്നിവ പ്രകാരം അനുതാപി തന്നോടു ഏറ്റുപറഞ്ഞ പാപങ്ങൾ പരമ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. ഒരു കാരണവശാലും അത് വെളിപ്പെടുത്താൻ പാടില്ലാത്തതാകുന്നു. കുമ്പസാരരഹസ്യം വെളിപ്പെടുത്തുന്നത് സഭാ ഭ്രഷ്ട് ഉൾപ്പെടെയുള്ള ശിക്ഷകൾ ക്ഷണിച്ചുവരുത്തും.

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു**



സി. ബെനഡിക്ട് മേരി

# ദൈവം കരം പിടിച്ച് നടത്തിയ അനുഭവങ്ങൾ

ദൈവത്തിന്റെ സ്വരം, അതിന് ഒരായിരം ഭാവങ്ങളുണ്ട്. നിശബ്ദതയിലും കോലാഹലത്തിലും, വളരെ കുറച്ച് മാത്രം മനുഷ്യന്റെ ഭാഷയിലും അതു വിടരും. ചിലപ്പോൾ ഒരു സ്വരം പോലുമില്ലാതെ ദൈവം മനുഷ്യനോട് സംവദിക്കും. അനുവാദമില്ലാതെ മനുഷ്യന്റെ ചിന്തകളിൽ കയറി മാറ്റത്തിന്റെ വെളിപാടുകൾ ഉണർത്തും. ഹോം മിഷന്റെ ദിവസങ്ങളിൽ ദൈവത്തിന്റെ സ്വരം പ്രത്യേക സാഹചര്യങ്ങളിൽ പലഭാവങ്ങളിൽ അനുഭവവേദ്യമാകുന്നതും മാറ്റങ്ങൾ ഉണ്ടാക്കുന്നതും തിരിച്ചറിയാൻ എനിക്ക് ഇടയായി.

പ്രഥമ വ്രതവാഗ്ദാനം നടത്തി കുറച്ചു നാളുകൾക്കുള്ളിൽ തന്നെ കുടുംബ നവീകരണയജ്ഞത്തിൽ പങ്കാളിയാകുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. പൊതുവെ ഹോം മിഷനിൽ പങ്കെടുക്കുന്ന സന്യസ്തർ ധാരാളം അനുഭവങ്ങൾ ഉള്ളവരും കുടുംബങ്ങളോട് എപ്രകാരം പ്രതികരിക്കണമെന്നും, എങ്ങനെ ക്രിസ്തുവിലേക്ക് അവരെ അടുപ്പിക്കണമെന്നും ഗ്രാഹ്യമുള്ളവരായിരിക്കും. അതുകൊണ്ട് തന്നെ അനുഭവകുറവിന്റേതായ ചില ബുദ്ധിമുട്ടുകൾ ഹോം മിഷന്റെ ആദ്യദിനങ്ങളിൽ അനുഭവപ്പെട്ടെങ്കിലും, അതിനെ തരണം ചെയ്യുവാനുള്ള കൃപ നൽകി ദൈവം എന്നെ അനുഗ്രഹിച്ചു.

ഹോം മിഷൻ എന്ന പുസ്തകത്തിന്റെ താളുകൾ മറിക്കുമ്പോൾ എന്റെ ഉള്ളിൽ ഓടിയെത്തുന്നത് ദൈവത്തെ അനുഭവിച്ചറിഞ്ഞ സന്ദർഭങ്ങളാണ്. "ദൈവത്തിന്റെ സ്വാദും സൗന്ദര്യവും വർദ്ധിപ്പിക്കുവാൻ ദൈവം ഒരുക്കിയ തിരുശേഷിപ്പുകളാണ് ഭൂമിയിലെ കുടുംബങ്ങൾ". പ്രഭാതത്തിൽ തന്നെ ക്രിസ്തുവിന്റെ പാദാരവിന്ദത്തിൽ ആയിരുന്നുകൊണ്ട് സമർപ്പിതർ സന്ദർശിക്കാനൊരുങ്ങുന്ന കുടുംബങ്ങളെ സമർപ്പിച്ച് പ്രാർഥിക്കാനും ഭവനങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ കുടുംബാംഗങ്ങളിൽ ക്രിസ്തുവിനെ ദർശിക്കാനും സാധിച്ചു. സങ്കടം പറയാനും പരിഭവപ്പെടാനും പങ്കുവയ്ക്കുവാനും ആരുമില്ലെന്ന അവരുടെ തോന്നൽ ഇല്ലാതാക്കി ക്രിസ്തുവിനെ പകർന്ന് കൊടുക്കാൻ ലഭിച്ച അവസരങ്ങളായിരുന്നു ഹോം മിഷൻ ദിനങ്ങളിലെ ഓരോ കുടുംബസന്ദർശനവും. ക്രിസ്തുവിനെ എവിടെയോ വച്ച് നഷ്ടപ്പെട്ടതിന്റെ ഫലമായി, ആശ്രയിക്കാൻ ആരുമില്ലാതെ കഷ്ടതയിലും കണ്ണുനീരിലും കടത്തിന്റെ വക്കത്തെത്തി നിൽക്കുന്നവരിലും, അപക്വമായ പ്രേമബന്ധങ്ങളിൽ കുടുങ്ങിയ മക്കളെ ഓർത്തു വിലപിക്കുന്ന മാതാപിതാക്കളിലും, ദാമ്പത്യജീവിതത്തിൽ വിശ്വസ്തത പുലർത്താത്ത ഭാര്യാഭർത്താക്കന്മാരിലും, സഭയെ തള്ളിപ്പറഞ്ഞ് അകന്ന് നിൽക്കുന്ന ധാരാളം വ്യക്തികളിലും, നിസഹായതയുടെ നിമിഷങ്ങളിൽ ആഗ്രഹങ്ങൾ അറിഞ്ഞ് അനുഗ്രഹിക്കുന്ന പ്രകാശമാകുന്ന ദൈവത്തെ പകർന്ന് കൊടുക്കാനും പ്രത്യാശയുടെ ദാസിമാർ എന്ന ഞങ്ങളുടെ സന്യാസ സമൂഹത്തിന്റെ സിദ്ധി സ്വീകരിച്ചുകൊണ്ട് "ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രത്യാശ"യാകുന്ന വെട്ടം തെളിക്കാനും ദൈവം അവസരമൊരുക്കിതന്നു.

ഒപ്പമുള്ള സമർപ്പിതരിൽ നിന്നും പകർത്തിയെടുക്കുന്ന നന്മകളും അവർ നൽകുന്ന തിരുത്തലുകളും ഒക്കെ ഒരു കുടുംബത്തിന്റെ പ്രതീതി സൃഷ്ടിച്ചു. വചനം ഗ്രഹിക്കുവാനും തീക്ഷ്ണതയോടെ പഠിക്കുവാനും ആത്മീയമായി വളരുവാനും ഹോം മിഷനിലൂടെ സാധിച്ചു. "നിനക്ക് എന്റെ കൃപമതി" എന്ന വചനം അവിടുന്ന് പ്രാവർത്തികമാക്കുന്നതും ദൈവത്തിന്റെ കരം കുടുംബങ്ങളെ ആശ്ലേഷിച്ചുകൊണ്ട് വചനത്തിലൂടെ പ്രതികരിക്കുന്നതും അത്ഭുതാവഹമായി തോന്നിയിട്ടുണ്ട്. എന്റെ കഴിവുകളെ വളർത്തിയെടുക്കാൻ ഹോം മിഷൻ ഒരു വേദിയായി. ഞാൻ ആരാണെന്ന് ചിന്തിക്കുവാനും എന്റെ വിഷമങ്ങളെ മറ്റുള്ളവരുടെ വിഷമങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എന്റേതൊന്നുമല്ലെന്ന് മനസിലാക്കാനും മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ വേദനയിലും സന്തോഷത്തിലും പങ്കാളിയാകാനും ദൈവം ഒരുക്കിയ അനുഗ്രഹത്തിന്റെ നിമിഷങ്ങളായിരുന്നു ഹോം മിഷൻ ദിനങ്ങൾ.

# ഹോം മിഷൻ
# ഹൃദയസ്പർശിയായ ഒരനുഭവം



**സി. ആൻമരിയ** OSS

**ഞാ**ൻ ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് സമൂഹത്തിലെ ഒരംഗമാണ്.. "ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിന്" (1 കൊറി. 15:28) സഭയോട് ചേർന്ന് സഭയുടെയും ലോകത്തിന്റെയും നവീകരണത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സമർപ്പിതരുടെ കൂട്ടായ്മയാണ് ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്. തിരുവനന്തപുരം അതിരൂപതയിൽ നടപ്പിലാക്കി വരുന്ന ഹോം മിഷൻ പ്രവർത്തനത്തിന്റെ ആരംഭകാലം മുതൽ ഞങ്ങളുടെ സിസ്റ്റേഴ്സിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. പ്രേഷിത പ്രവർത്തനത്തിലുള്ള ഈ പങ്കാളിത്തം എന്റെ സമർപ്പിത ജീവിതത്തിന്റെ പൂർണ്ണതയിലേക്കുള്ള ഒരു വിളിയായി ഞാൻ മനസിലാക്കുന്നു. 29 വർഷത്തെ അദ്ധ്യാപകവൃത്തിക്കുശേഷമാണ് കുടുംബനവീകരണപ്രവർത്തനത്തിലേക്ക് ഞാൻ കടന്നു വരുന്നത്. അദ്ധ്യാപന ജീവിതത്തിൽ യേശുവിന് സാക്ഷ്യം നൽകുന്ന അവസരങ്ങൾ, സംഭവങ്ങൾ എന്റെ ജീവിതത്തിലും ഇടവക പ്രേഷിത പ്രവർത്തനങ്ങളിലും ഉണ്ടായിട്ടുണ്ടെങ്കിലും അതിൽ നിന്നും ഏറെ വ്യത്യസ്തമായ ഒരനുഭവമാണ് ഹോം മിഷനിലൂടെ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലൂടെ കടന്നു പോകാൻ ലഭിച്ച ഒരു സുവർണ്ണവസരം. ജീവിതത്തിന്റെ ഞെരുക്കുന്ന ദൗർഭാഗ്യങ്ങൾക്ക് മുന്നിൽ പകച്ചു നിൽക്കുന്ന മനുഷ്യർക്ക് ദൈവവചനത്തിന്റെ വെളിച്ചത്തിൽ പ്രത്യാശയും ബലവും നൽകുവാൻ എനിക്ക് കഴിയുന്നു. പാവങ്ങളോട് പക്ഷം ചേരുവാനും രോഗികളിലും ദുഃഖിതരിലും പീഡിതരിലും യേശുവിനെ കാണുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഹോം മിഷൻ എന്നെ സഹായിക്കുന്നു. ആളുകളുടെ ജീവിതാനുഭവങ്ങളിൽ പലതും വേദനാജനകവും ഉറക്കം കെടുത്തുന്നവയുമാണ്. ത്യാഗത്തോടും സ്നേഹത്തോടും കൂടി മറ്റുള്ളവർക്കുവേണ്ടി കൂടുതൽ സമയം പ്രാർത്ഥിക്കുവാൻ ഇത് എന്നെ പ്രേരിപ്പിക്കുന്നു. വചനത്തിൽ കൂടുതൽ ആഴപ്പെടുവാനും വചനം ഹൃദിസ്ഥമാക്കാനും ഉത്സാഹം വർദ്ധിക്കുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ച് ഏറെ ഹൃദ്യമായി ഞങ്ങളെ സ്വീകരിക്കുകയും അവരുടെ ജീവിതം ഞങ്ങൾക്കു മുമ്പിൽ തുറന്നുവയ്ക്കുകയും ചെയ്യുന്നു.

പല സന്യാസസമൂഹങ്ങളിലെ സമർപ്പിതർ ഒരുമിച്ച് ഒരു സമൂഹമായി പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും പങ്കുവച്ചും പ്രാർത്ഥനയിൽ വളരാനും ക്രിസ്തുവിന് സാക്ഷ്യമേകുവാനുമുള്ള ഒരു വേദിയായി ഞാൻ ഹോം മിഷനെ കാണുന്നു.

തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും യേശു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തുതുപോലെ എന്റെ തെരഞ്ഞെടുപ്പിന്റെ പൂർണ്ണതയിലെത്തിച്ചേരാൻ സഹായിക്കുന്നതിനായ് ഹോം മിഷൻ ശുശ്രൂഷയ്ക്ക് എന്നെ അയച്ച എന്റെ സന്യാസസമൂഹത്തെ ഏറെ നന്ദിയോടെ സ്മരിക്കുന്നു.

## ലോഗോസ് ക്വിസ് 2019

### ദേശീയതലത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്നുള്ള വിജയികൾ



**ബ്ലെസ്സി ബി. താർസിയൂസ്**
പുല്ലുവിള
ഗ്രൂപ്പ്- എ



**ഗോഡ്സൺ ഫെലിക്സ് പെരേര**
വെട്ടുതുറ, ഗ്രൂപ്പ് ഡി



**ഗ്രേയ്സ് ജോർജ്ജ്**
സെന്റ് ആൻഡ്രൂസ്
ഗ്രൂപ്പ്- ഡി



**പ്രേമ അലക്സാണ്ടർ**
തൈക്കാട്
ഗ്രൂപ്പ്- എഫ്



**ജാനറ്റ് ഐ. സി.**
പുത്തൻതോപ്പ്
ഗ്രൂപ്പ്- എഫ്

തുടർമഴ ........................ 14

ഫാ. ലെനിൻ ഫെർണാണ്ടസ്

# അവസാനത്തെ തെറ്റ്

**പിലാത്തോസിന്റെ വിധിവാചകം ആധാരമായ ചെറുകഥ**

ക്ലൗഡിയായുടെ ഹൃദയം സന്ദേഹത്താൽ നിറഞ്ഞു. പിലാത്തോസിന്റെ ഹൃദയം മരവിച്ചതുപോലെയായി. കരങ്ങൾ കോർത്തുപിടിച്ച് അവരിരുവരും പട്ടുമെത്തയുടെ ശീതളിമയിലേക്ക് വീണുവെങ്കിലും പരസ്പരം ആലിംഗനബന്ധരാകാനോ കണ്ണോടു കണ്ണുനോക്കി സംസാരിക്കാനോ കഴിയാത്തത്ര ഒരു തരം നിസംഗത രണ്ടുപേർക്കും അനുഭവപ്പെട്ടു. ക്ലൗഡിയായുടെ ചിന്തകളത്രയും തലേ രാത്രി അവൾ കണ്ട സ്വപ്നത്തെ ചുറ്റിപ്പറ്റിത്തന്നെയായിരുന്നു. ആ സ്വപ്നത്തിൽ ദൃഢഗാത്രനായ ഒരു യുവാവ്; അതെ ഇന്നു ഞാൻ പ്രത്തോറിയത്തിൽ കണ്ട അതേ യുവാവ് ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട് അതിക്രൂരമായ മർദനങ്ങളേറ്റ് നടന്നു നീങ്ങുന്നു. അതോടൊപ്പം അവൾ മറ്റൊരു കാഴ്ച കൂടി കണ്ടു, യൂദയായുടെ ശക്തനായ ഭരണാധികാരിയും റോമിൽ നിന്ന് നിയുക്തനായ ഗവർണറുമായ തന്റെ പ്രിയ ഭർത്താവ് പോന്തിയൂസ് പിലാത്തോസ്, ഹെറോദേസ് പണികഴിപ്പിച്ച അതിമനോഹരമായ ജറുസലേം ദേവാലയത്തിന് ചുറ്റം മാനാഭിമാനങ്ങൾ മറന്ന് അർദ്ധനഗ്നനായി, ഒരു മനോരോഗിയെപ്പോലെ പൊട്ടിച്ചിരിച്ചുകൊണ്ട് ഓടി നടക്കുന്നു. നഷ്ടമായ മനസ്സുമായി അവൻ ഓടിനടക്കുമ്പോൾ അത് ഭയപ്പാടോടെ നോക്കിനിൽക്കാനെ തനിക്കാവുന്നുള്ളൂ. ആ സ്വപ്നത്തിന്റെ പരിണിതഫലം ഇങ്ങനെയാകുമെന്ന് ബോധ്യം വന്നതുകൊണ്ടാണ് വിചാരണ മദ്ധ്യേ ഒരു ദൂതനെ വിട്ട് അവൾ പിലാത്തോസിനെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചത്. എന്നാൽ തക്കസമയങ്ങളിൽ ഹൃദയങ്ങളെ കഠിനമാക്കുന്ന ദൈവം പിലാത്തോസിന്റെ ഹൃദയത്തേയും കഠിനമാക്കുക തന്നെ ചെയ്തു. ”ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല” എന്ന ഒറ്റവാചകം കൊണ്ട് സകല പാപങ്ങളേയും കഴുകിക്കളയാം എന്ന് അവൻ മൗഢ്യമായി വ്യാമോഹിച്ചു.

നിറകണ്ണുകളോടെ ക്ലൗഡിയാ പിലാത്തോസിനെ നോക്കിയപ്പോൾ അയാളുടെ കണ്ണുകൾ അടഞ്ഞുകഴിഞ്ഞിരുന്നു. എന്നാൽ പിലാത്തോസിന്റെ ചുണ്ടുകൾ എന്തൊക്കെയോ പറയുന്നുണ്ട്. അവൻ എന്താണ് പിറുപിറുക്കുന്നത് എന്നുകേൾക്കാൻ അവൾ ചെവി അവന്റെ ചുണ്ടോടു ചേർത്തു പിടിച്ചു. അതേ അവൻ പറയുന്നത് എനിക്ക് വ്യക്തമായി കേൾക്കാം. യഹൂദൻമാരുടെ രാജാവ്, യഹൂദൻമാരുടെ രാജാവ് എന്നത്രേ അവൻ പിറുപിറുത്തുകൊണ്ടിരിക്കുന്നത്.

അയാളെ ഉണർത്താൻ അവൾ ശ്രമിച്ചില്ല. കാരണം അൽപ്പം മയങ്ങിയിട്ടാണെങ്കിൽ അങ്ങനെയെങ്കിലും ആ മനസ്സ് ഒന്നു തണുക്കട്ടെ എന്ന് അവൾ ധരിച്ചു. എങ്കിലും താൻ സ്വപ്നം കണ്ടതുപോലെ ഒക്കെ സംഭവിക്കാൻ പോകുന്നു എന്ന തോന്നലാണ് ആ വേളയിൽ അവൾക്കുണ്ടായത്. അയാളുടെ ചുരുട്ടിപ്പിടിച്ച മുഷ്ടികൾ ബലം പിടിക്കുന്നുണ്ട്, മുഖത്തെ മാംസപേശികൾ വലിഞ്ഞുമുറുകുന്നുണ്ട്, പുരികം അസാധാരണമാംവിധം ചുളിയുന്നുണ്ട്. അകക്കണ്ണുകൊണ്ട് ഏതോ ഭീകരാവസ്ഥയെ പിലാത്തോസ് അഭിമുഖീകരിക്കുന്നു എന്ന് ക്ലൗഡിയായ്ക്ക് മനസ്സിലായി. എങ്കിലും അയാളെ ഉണർത്താൻ അവൾ ധൈര്യപ്പെടില്ല. അയാൾ ഉണർന്നാൽ ഒരുപക്ഷേ അവിശ്വനീയമായ ദുരന്തത്തിലേക്ക് സംഭവങ്ങൾ എത്തിച്ചേരും എന്ന് ഒരുപക്ഷേ അവൾ ധരിച്ചിട്ടുണ്ടാകും. എങ്ങനെയും ഈ രാത്രി തരണം ചെയ്യണം. നാളെ വെള്ളിയാഴ്ച ആ നീതിമാൻ ക്രൂശിലേറ്റപ്പെടും. നാളെ പ്രഭാതത്തിൽ തന്നെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ഒരുപക്ഷേ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പുണ്യകർമമായിരിക്കും അത്.

പരിചാരിക കൊണ്ടുവന്ന കുങ്കുമപൂവിട്ട പാല് അവളുടെ ഇഷ്ടപാനീയമായിരുന്നുവെങ്കിലും അത് ആസ്വദി



ക്കാനോ തന്റെ പ്രിയതമന് അത് കൊടുക്കാനോ അവൾ ശ്രമിച്ചില്ല. അവന്റെ മുഖത്തേക്ക് നോക്കുമ്പോൾ അവന്റെ താളം തെറ്റിയ മനസ്സുമാത്രമേ അവൾക്ക് കാണാൻ സാധിച്ചുള്ളൂ. പിലാത്തോസിനെ നോക്കി അവൾ ഇങ്ങനെ ആത്മഗതം ചെയ്തു. അധികാരത്തിനു വേണ്ടി എന്തു വിട്ടുവീഴ്ചയും ചെയ്ത ഒരു മനുഷ്യൻ. ഭാഗ്യം കൊണ്ട് മാത്രം ജീവിതത്തിലേക്ക് വന്ന അധികാരത്തെ ഒരിക്കലും വിട്ടുകളയാതെ ഭദ്രമായി സൂക്ഷിക്കാൻ തിടുക്കം കാട്ടി ഒടുവിൽ പല അസംബന്ധങ്ങൾക്ക് കൂട്ടുനിൽക്കേണ്ടിവന്ന ദുരന്തവാഹകൻ. യഹൂദ നേതാക്കന്മാരെ മുറിപ്പെടുത്തിയും അശാന്തി വിതച്ചും ഭിന്നിപ്പിച്ചും എന്നും എപ്പോഴും വിജയം കൊയ്യാം എന്ന് വ്യഥാചിന്തിച്ചവശനായവൻ. ഇങ്ങനെയൊക്കെയാണെങ്കിലും ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുമ്പോൾ തന്റെ മുൻപിൽ മുട്ടുകുത്തിയിരുന്ന് തന്റെ മടിയിൽ മുഖം ആഴ്ത്തി പൊട്ടിക്കരഞ്ഞ് ഒരു കുഞ്ഞിനെപ്പോലെ നിലവിളിച്ച് കരയുന്ന തന്റെ പാവം പുരുഷനെ ഞാനെങ്ങനെ നിഷേധിക്കും.

ഒരുപക്ഷേ സ്വപ്നത്തിൽ കണ്ടതുപോലെ അയാൾ ഒരു ഭ്രാന്തനായി തീർന്നാലും ഈ മനുഷ്യന്റെ കൂടെ ഞാനുണ്ടാകും, അവൾ സ്വയം തീർച്ചപ്പെടുത്തി. പൊതുജനത്തിന്റെ മുന്നിൽ ഒരു ധീരനെപ്പോലെ ചമയുമെങ്കിലും ജീവിതത്തിന്റെ ക്രമക്കേടുകളെ ഓർത്ത് പരിതപിക്കുന്ന ഒരു ഹൃദയം അവനുണ്ടെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു സത്യത്തിൽ. പലതും ചിന്തിച്ചുചിന്തിച്ച് എപ്പോഴോ ക്ലൗഡിയാ മയങ്ങിപ്പോയി.

രാവിലെ ഉറക്കമെഴുന്നേറ്റു നോക്കിയപ്പോൾ ക്ലൗഡിയായ്ക്ക് പിലാത്തോസിനെ തന്റെ കിടപ്പറയിൽ കാണാൻ കഴിഞ്ഞില്ല. പരിഭ്രാന്തമായ മനസ്സോടെ നാലുപാടും അവൾ അയാളെ അന്വേഷിച്ചു. കണ്ട എല്ലാ പരിചാരരോടും അവൾ അന്വേഷിച്ചു. പലരും പല മറുപടികൾ പറഞ്ഞുവെങ്കിലും സത്യത്തിൽ പിലാത്തോസ് കൊട്ടാരത്തിന് പുറത്തുപോയി കഴിഞ്ഞിരുന്നു. ഒടുവിൽ ഒരു ഭടന്റെ അവകാശവാദം സത്യമാകുമെന്ന് ക്ലൗഡിയ തീർച്ചപ്പെടുത്തി. തെക്കേ വാതിലിലൂടെ ഒരു കറുത്ത പുതപ്പും ധരിച്ച് ഒരു മനുഷ്യൻ ജറുസലേം ദേവാലയം ലക്ഷ്യമാക്കി അതിവേഗത്തിൽ നടന്നു നീങ്ങുന്നത് അവൻ കണ്ടിരുന്നു എന്നത്രേ അവന്റെ അവകാശവാദം. അതവൾക്ക് സത്യമായ വാർത്തയായിരുന്നു. ആരുടെയും സഹായത്തിനോ യാത്രാമഞ്ചത്തിനോ കാത്തുനിൽക്കാതെ ദേവാലയം ലക്ഷ്യംവച്ച് അവളും ഓടി. തന്റെ പ്രിയനെ തിരികെ കൊണ്ടുവരണം എന്ന ഒറ്റലക്ഷ്യം മാത്രമേ അവൾക്കുണ്ടായിരുന്നുള്ളൂ. കുരിശിലേറ്റേണ്ട കുറ്റവാളിയെ പ്രഭാതത്തിൽ തന്നെ മലമുകളിലേക്ക് കൊണ്ടുപോകുന്ന രീതിയാണ് യഹൂദ ശിക്ഷാ നിയമത്തിലുള്ളത്. വിധി തീർപ്പുകഴിഞ്ഞാൽ അതെത്രയും പെട്ടെന്ന് നടപ്പിലാക്കുക എന്ന ജോലി മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. ഒരു കുറ്റവാളിയെ ക്രൂശിക്കാൻ കിട്ടിക്കഴിഞ്ഞാൽ യഹൂദഭടന്മാർക്ക് ഭ്രാന്തമായ ആവേശംമൂക്കാൻ വീര്യം കൂടിയ വീഞ്ഞ് അവർക്ക് ആവോളം കൊടുക്കും. പച്ചമനുഷ്യനെ പിച്ചിച്ചീന്താൻ മദ്യത്തിന്റെ ആവേശം അവരെ ആവോളം സഹായിക്കും. ക്ലൗഡിയ അവിടെ എത്തിയപ്പോഴേക്കും കാൽവരിയിലേക്കുള്ള അവന്റെ യാത്ര ആരംഭിച്ചുകഴിഞ്ഞിരുന്നു. അവിടവിടെയായി അനേകം മനുഷ്യർ, കൂടുതലും സ്ത്രീ ജനങ്ങൾ. കൈകൾ കെട്ടപ്പെട്ട യേശു ആ വലിയ കുരിശിന്റെ മുൻപിലേക്ക് തള്ളിയിടപ്പെട്ടു. ദൂരെ നിന്നും ഉള്ള അവളുടെ ആ കാഴ്ചയിൽ അവന്റെ ഇന്നലെ കണ്ട തേജോമുഖം അതിക്രൂരമാംവിധം പീഡിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ആൾക്കൂട്ടത്തിലെങ്ങാനും കരിമ്പടം പുതച്ച ഒരു മനുഷ്യനുണ്ടോ എന്നവൾ അന്വേഷിക്കുകയായിരുന്നു. കാരണം അവനെ അന്വേഷിച്ചാണവൾ അവിടെ എത്തിയത്. പിലാത്തോസ് തലേരാത്രി വിധിച്ച ചമ്മട്ടിയടിയേറ്റുതന്നെ അവൻ തീർത്തും അവശനായി കഴിഞ്ഞിരുന്നു. രക്തപങ്കിലമായ അവന്റെ മുഖം നീണ്ട മുടികളാൽ മറയ്ക്കപ്പെട്ടിരുന്നു. എന്തുചെയ്യണമെന്നറിയാതെ ക്ലൗഡിയ അവിടെ തന്നെ നിന്നുപോയി.

കുറച്ച് അപ്പുറത്തായി ഒരു കറുത്ത കമ്പിളികുപ്പായം പുതച്ച് ഒരു മനുഷ്യൻ കൂനികൂടി നിൽക്കുന്നത് അവൾ ശ്രദ്ധിച്ചു. അവളുടെ കാലുകൾ അവിടേക്ക് ചലിച്ചുതുടങ്ങി. ആ മുഖം തന്റെ ഭർത്താവിന്റേതാണെന്ന് അവൾക്ക് തീർച്ചയായിരുന്നു. വിധി വാചകത്തിന്റെ രൗദ്രഭാവങ്ങളില്ലാതെ ഒരു നീതിമാന്റെ രക്തത്തെ കടുത്ത വില പേശലിലൂടെ കൈവിട്ടുകളഞ്ഞ അധാർമികതയുടെ കറുത്ത കുപ്പായവും ധരിച്ച് എന്നും ചരിത്രത്തിൽ കുപ്രസിദ്ധിയുടെ മറുവാക്കായി ഇടം കണ്ടെത്തിയ ആ മനുഷ്യൻ തന്റെ ഭർത്താവാണെന്ന് തിരിച്ചറിയാൻ ക്ലൗഡിയക്ക് മറ്റൊരു സഹായവും ആവശ്യമില്ലായിരുന്നു. അതിദയനീയമായ കണ്ണുകളോടെ പിലാത്തോസ് തന്റെ പ്രിയ ഭാര്യയെ നോക്കി. തന്റെ ഏറ്റവും അവസാനത്തെ തെറ്റ് എന്ന് അവന്റെ ആ നോട്ടം വിളിച്ചുപറയുന്നുണ്ടായിരുന്നു. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ പിലാത്തോസ് തേങ്ങിക്കരഞ്ഞു. അപ്പോഴും അട്ടഹാസങ്ങൾ അകന്നകന്നുപോകുന്നത് അവൾ കേട്ടു. ആരൊക്കെയോ വിളിച്ചുപറയുന്നുണ്ട് നീരസത്തോടെ 'ഹും ഇവനോ യഹൂദന്മാരുടെ രാജാവ്'.



അഗസ്റ്റിൻ കണിപ്പിള്ളി











## പൗരത്വ നിയമ ഭേദഗതിക്ക് പിന്നിലെ

# മതാധിപത്യരാഷ്ട്രീയം

പൗരത്വ നിയമ ഭേദഗതിക്കെതിരെ ജനുവരി 26 ന് കേരളത്തിലെ ലത്തീൻ സമുദായം നടത്തിയ ഭരണഘടനാ സംരക്ഷണ ദിനാചരണം മാതൃകാപരവും അനുകരണീയവുമായ ഒരു പ്രതിഷേധ മാർഗത്തിനാണ് തുടക്കംകുറിച്ചത്. പൗരത്വനിയമഭേദഗതിക്കെതിരായ പ്രതിഷേധം ഇടവക തോറും ബിസിസി തലത്തിൽ സഭയിൽ അടിസ്ഥാന ഘടകങ്ങളിൽ വരെയെത്തിക്കാൻ കഴിഞ്ഞുവെന്നതാണ് ജനുവരി 26 ലെ ഭരണഘടനാ സംരക്ഷണദിനാചരണത്തിന്റെ സവിശേഷത. കേളത്തിലെ ഇതര ക്രൈസ്തവ സഭാവിഭാഗങ്ങൾ കൂടി ജനുവരി 26 ലെ ഭരണഘടനാ സംരക്ഷണ ദിനാചരണത്തിൽ പങ്കെടുക്കേണ്ടതായിരുന്നു. എങ്കിൽ അത് പൗരത്വ നിയമഭേദഗതിക്കെതിരെയുള്ള കത്തോലിക്കാസഭയുടെ കൂട്ടായ പ്രതിഷേധത്തിന്റെ മകുടോദാഹരണമാകുമായിരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ 1930 ജനുവരി 26 ന് ഇന്ത്യ പൂർണ സ്വരാജ് പ്രഖ്യാപിച്ചതുപോലെ ഭരണഘടനാ സംരക്ഷണ ദിനാചരണവും സവിശേഷ ശ്രദ്ധയ്ക്ക് കാരണമാകുമായി

**ഇന്ത്യ പരമാധികാര റിപ്പബ്ലിക്കായിട്ട് 70 വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെ പിൻതുടർന്ന് പോന്നിരുന്ന പൗരത്വ നിയമത്തിൽ മതപരമായ ഒരു ചേരിതിരിവ് സൃഷ്ടിക്കുന്നതിലാണ്, ഇന്ത്യൻ പൗരത്വത്തിന് മതം അടിസ്ഥാനമാക്കുന്നതിലെ ഔചിത്യമില്ലായ്മയാണ് ഇന്നിന്റെ പ്രശ്നം**



രുന്നു. സമാധാനപൂർണവും ആദർശപരവും എന്നാൽ ആവേശപൂർണവുമായ ഈ സമര മാർഗത്തെ ആർക്കാണ് തള്ളിക്കളയാനാവുക. ഭരണകർത്താക്കൾക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടാണ് സഭ പ്രതിഷേധിച്ചത്. ഭരണാധികാരികൾക്ക് വേണ്ടി പ്രാർഥിക്കുന്ന ഏക സമൂഹവും കത്തോലിക്കാ സഭ മാത്രമായിരിക്കുമെന്ന് ഓർക്കണം.

2016 ജൂലൈയിൽ പാർലമെന്റ് പാസാക്കിയതും എന്നാൽ രാജ്യസഭയിൽ ബിജെപിക്ക് ഭൂരിപക്ഷമില്ലാത്തിനാൽ തള്ളിക്കളഞ്ഞതുമായ പൗരത്വനിയമഭേദഗതി ബില്ലാണ് 2019 ൽ ഇരുസഭകളും പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തോടെ ഇന്ന് രാജ്യത്ത് നടപ്പാക്കാൻ ബിജെപി സർക്കാർ ശ്രമിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ച് നടന്ന ഇന്ത്യ-പാകിസ്ഥാൻ വിഭജനസമയത്ത് മുഴങ്ങിക്കേട്ട ഹൈന്ദവ രാഷ്ട്രമെന്ന മുറുമുറുക്കലുകളുടെ ശബ്ദായനരൂപമാണ് പൗരത്വനിയമഭേദഗതി ബില്ലിന്റേത്. അന്ന് ഗാന്ധിജിയെ വധിച്ചുകൊണ്ട് തുടക്കമിട്ട ഹൈന്ദവവൽക്കരണ ശ്രമം ഇന്ന് ഊർജിതമായി തീർന്നിരിക്കുന്നുവെന്നുമാത്രം.

ഇന്ത്യ പരമാധികാര റിപ്പബ്ലിക്കായിട്ട് 70 വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെ പിൻതുടർന്ന് പോന്നിരുന്ന പൗരത്വ നിയമത്തിൽ മതപരമായ ഒരു ചേരിതിരിവ് സൃഷ്ടിക്കുന്നതിലാണ്, ഇന്ത്യൻ പൗരത്വത്തിന് മതം അടിസ്ഥാനമാക്കുന്നതിലെ ഔചിത്യമില്ലായ്മയാണ് ഇന്നിന്റെ പ്രശ്നം. ഇതിന്റെ പിന്നിലെ രാഷ്ട്രീയം സുവ്യക്തമാണ്. ഇന്ത്യ ഒരു ഹൈന്ദവരാഷ്ട്രമായി അറിയപ്പെടണമെന്ന ആർഎസ്എസ്-ബജ്റംഗ്ദർ-വിഎച്ച്പി-ശ്രീരാമസേന-ഗോസംരക്ഷണസേന എന്നിവയുടെ അജണ്ടയ്ക്ക് ഇവയുടെയെല്ലാം രാഷ്ട്രീയരൂപമായ ബിജെപി ശ്രമിക്കുന്നുവെന്ന് മാത്രം. ഇന്ത്യയെ മതബന്ധമായ രാഷ്ട്രമായി കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ ഇന്ത്യൻ ഭരണഘടന ഉറപ്പുതരുന്ന മതനിരപേക്ഷത ബലികഴിക്കപ്പെടുന്നുവെന്നതാണ് സത്യം.

പൗരത്വനിയമഭേദഗതി കേവലം കുടിയേറ്റക്കാരായ മുസ്ലീം ന്യൂനപക്ഷങ്ങളെ മാത്രം ഉദ്ദേശിച്ചുള്ളതാണെന്നാണ് വിവക്ഷ. അതുകൊണ്ട് ക്രൈസ്തവർ ഭയപ്പെടേണ്ടതില്ലെന്നും പറയുന്നു. ഇവിടെ ക്രൈസ്തവനെന്നോ മുസ്ലീമെന്നോ ഹൈന്ദവനെന്നോ ഉള്ള ഒരു വിവേചനം പാടില്ലെന്നാണ് ക്രൈസ്തവർ ആവശ്യപ്പെടുന്നത്. ഇന്നുവരെ ഭാരതത്തിൽ നിലനിന്നുപോന്നിരുന്ന മതേതരത്വ-ജനാധിപത്യ നിലപാട് അതേപടി തുടരണം. അതായത് ഇന്ത്യൻ ഭരണഘടന ഉറപ്പുതരുന്ന മതനിരപേക്ഷത ബലികഴിക്കാൻ പാടില്ലെന്ന് സാരം.

മുസ്ലീം രാജ്യങ്ങളിൽ ഇതര മതസ്ഥർ പീഡിപ്പിക്കപ്പെടുന്നത് ചൂണ്ടിക്കാട്ടി ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളെ തമ്മിൽ ഭിന്നിപ്പിച്ച് പൗരത്വനിയമഭേദഗതി നടപ്പിലാക്കാനുള്ള ഒരു കുത്സിത ശ്രമമാണ് ശക്തമായി നടക്കുന്നത്. ക്രൈസ്തവർ ഭയപ്പെടേണ്ടതില്ലെന്നാണ് പ്രചരണം. വൻമീനുകളെ പിടിക്കാനാണ് കുളം വറ്റിക്കുന്നത്. ചെറുമീനുകൾ ഭയക്കേണ്ടെന്ന് സാരം. കുളം വറ്റുമ്പോഴല്ലേ ചെറുമീനുകളുടെ ദുർഗതി തുടങ്ങുന്നത്. മതാധിപത്യത്തിലേക്ക് പോകുന്ന ഇന്ത്യൻ ഭരണ സംവിധാനത്തെ ജനാധിപത്യ വിശ്വാസികൾക്ക് ആശങ്കയോടെ മാത്രമേ കാണാൻ കഴിയൂ. തങ്ങളുടെ ജനാധിപത്യത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് വിഘാതം ഉണ്ടാക്കുന്ന യാതൊരു വ്യവസ്ഥിതിയോടും യോജിക്കാനാവില്ല. അതുകൊണ്ട് സുവിശേഷമൂല്യങ്ങളുടെ സാരാംശം പ്രകടമാക്കുന്ന ഭരണഘടനയോട് ക്രൈസ്തവന് എന്നും ആഭിമുഖ്യം ഉണ്ടാകും. നിന്നെപ്പോലെ തന്നെ നീ നിന്റെ അയൽക്കാരനെ സ്നേഹിക്കണമെന്ന് പഠിപ്പിച്ച ക്രിസ്തുവിന്റെ ഈ ആഹ്വാനത്തിന് പിന്നിൽ മറ്റൊരു സന്ദേശം കൂടി ഒളിപ്പിച്ചുവച്ചിട്ടുണ്ട്. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും നീ സംരക്ഷിക്കണമെന്ന്. ഈ തിരിച്ചറിവാണ് ഇന്ത്യൻ ഭരണഘടനയെ മുറുകെ പിടിച്ച് അതിന്റെ മൂല്യ പരിപോഷണത്തിന് എന്തുത്യാഗവും സഹിച്ച് മുന്നോട്ടുപോകാനുള്ള ലത്തീൻ സഭയുടെ പ്രതിജ്ഞയ്ക്ക് പിന്നിലെ ചാലകശക്തി.

# വാർത്തകൾ

## 54 കുടുംബങ്ങൾക്ക് ധനസഹായം നൽകി

**തിരുവനന്തപുരം:** സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വഞ്ചിയൂർ ഇമ്മാക്യൂലേറ്റ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ശ്രീകാര്യം ലയോള സ്കൂളിന്റെ സഹായത്തോടുകൂടി പൂന്തുറ, വലിയതുറ, പരുത്തിയൂർ ഇടവകകളിലെ നിർധനരായ 54 കുടുംബങ്ങൾക്ക് ആവശ്യമായ വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും 1000 രൂപയും ഉൾപ്പെടെ 5000 രൂപയുടെ കിറ്റ് വിതരണം ചെയ്തു. പൂന്തുറ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച യോഗം പൂന്തുറ ഇടവക വികാരി ഡോ. ബെബിൻസൺ ഉദ്ഘാടനം ചെയ്തു. ലയോള സ്കൂൾ പ്രിൻസിപ്പൾ ഫാ. ദേവസി പോൾ എസ്.ജെ ആത്മീയ സന്ദേശം നൽകി. വൈസ് പ്രിൻസിപ്പാൾ ഫാ. ജോസ് പുളിന്താനത്ത്, സ്കൂൾ പിടിഎ പ്രസിഡന്റ് രാഹേഷ്കുമാർ ഫാ. രതീഷ് വി. രാജൻ, ഫാ. ആന്റോ ബൈജു, ഡയനേഷ്യസ് പെരേര, ഡോൺ ബോസ്കോ എന്നിവർ പ്രസംഗിച്ചു.




*റ്റിഎസ്എസ്എസ് സ്റ്റാഫിനുവേണ്ടി നടന്ന ത്രിദിന പരിശീലന പരിപാടി ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു*

## റ്റി.എസ്.എസ്.എസ് സ്റ്റാഫിന് വേണ്ടി ത്രിദിന പരിശീലനം നടത്തി

**തിരുവനന്തപുരം:** സാമൂഹ്യശുശ്രൂഷ സമിതി സ്റ്റാഫ് അംഗങ്ങൾക്കായുള്ള ത്രിദിന പരിശീലന പരിപാടി തിരു. അതിരൂപത സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ഉത്ഘാടനം ചെയ്തു. പുരോഗമനപരമായ സമീപനങ്ങൾ, സുസ്ഥിര വികസനം, ഫലാധിഷ്ഠിത കാര്യനിർവ്വഹണം, സന്നദ്ധ പ്രവർത്തനവും സംഘടിത പ്രവർത്തനവും, ഉജ്ജീവന പ്രക്രിയയുടെ ശാക്തീകരണവും സാമൂഹ്യ സമാഹരണവും, പഞ്ചായത്തീ രാജ് എന്നീ വിഷയങ്ങളെക്കുറിച്ച് കാരിത്താസ് ഇൻഡ്യയുടെ പരിശീലകയായ ശോഭ ജോസ്, കെ.എസ്.എസ്.എഫിൽ നിന്നും വർക്കി, സിസ്റ്റർ ജെസീന, 'സഹായി' ഡയറക്ടർ പ്ലാസിഡ് ഗ്രിഗറി തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

മേൽ പറഞ്ഞ വിഷയങ്ങൾ അടിസ്ഥാനമാക്കി റ്റി.എസ്.എസ്.എസിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തലും, മുമ്പോട്ടുള്ള പ്രവർത്തനങ്ങൾക്കുള്ള ആസൂത്രണവും ലക്ഷ്യം വച്ചുള്ള ഗ്രൂപ്പ് ചർച്ചകളും നടന്നു. ചർച്ചകൾ മോൺ. ജെയിംസ് കുലാസ്, മോൺ. യൂജിൻ എച്ച് പെരേര എന്നിവർ മോഡറേറ്റ് ചെയ്തു.

വിലയിരുത്തുവാനായി റവ. ഫാ. ജെസ്റ്റിൻ ജൂഡിൻ, റവ. ഫാ. സിൽവസ്റ്റർ കുരിശ്, റവ. ഫാ. ഷാജിൻ ജോസ്, സി. മേരി, ശ്രീമതി ശ്രീകല എന്നിവരും സന്നിഹിതരായിരുന്നു.



*റവ ഫാ. ദേവസി പോൾ സഹായ വിതരണം നടത്തുന്നു. റവ. ഡോ. ബെബിൻസൺ, റവ. ഫാ. ആന്റോ ബൈജു, ബ്ര. ഡനേഷ്യസ് പെരേര, ബ്ര. റോളിംഗ് ഫെർണാണ്ടസ് തുടങ്ങിയവർ സമീപം.*



*സാന്ത്വനം മംഗല്യം, കരുണാമയൻ എന്നീ പദ്ധതികളിൽ നിന്നുള്ള ധനസഹായവിതരണ സമ്മേളനത്തിൽ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷത വഹിച്ച് സംസാരിക്കുന്നു*

# കാരുണ്യപദ്ധതി സഹായം വിതരണം ചെയ്തു

തിരുവനന്തപുരം: ദരിദ്രനോട് പക്ഷം ചേരാനും സ്വാർത്ഥത വെടിഞ്ഞ അപരനെ സഹായിക്കാനും കഴിഞ്ഞാൽ ലോകത്തിന്റെ പട്ടിണിയകറ്റാനും നാടിന്റെ വികസനം സാധ്യമാക്കാനും കഴിയുമെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ഈ ലോകത്തിൽ ഓരോരുത്തർക്കുമുള്ളത് ദൈവം കരുതിയിട്ടുണ്ട്. എന്നാൽ സ്വാർത്ഥമതികളായ കുറെപേർ അത് കയ്യടക്കുന്നതാണ് ഇന്നത്തെ അരക്ഷിതാവസ്ഥയ്ക്കും ദാരിദ്ര്യത്തിനും കാരണമെന്നും ഇതിൽ നിന്നുള്ള മാറ്റമാണ് ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു. തിരുവനന്തപുരം ലത്തീൻ അതിരൂപതാ കുടുംബപ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ നിർധന കുടുംബങ്ങൾക്കായി നൽകിവരുന്ന 'സാന്ത്വനം മംഗല്യം', 'കരുണാമയൻ' എന്നീ പദ്ധതികളിലൂടെയുള്ള ധനസഹായ വിതരണ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ് ഡോ. സൂസപാക്യം. സമ്മേളനം ഡോ. എസ്.കെവിൻ ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. അനുഗ്രഹ പ്രഭാഷണം നടത്തി. ഡോ. എ.ആർ.ജോൺ, മോൺ. ഡോ. സി.ജോസഫ്, അയോണ ഗ്രേയ്സ് അഡ്വ. സെലിൻ വിൽഫ്രഡ്, ഫാ. ജിം കാർവിൻ റോച്ച് എന്നിവർ പ്രസംഗിച്ചു.

'സാന്ത്വനം മംഗല്യം' പദ്ധതിയിൽ 50 യുവതികൾക്ക് വിവാഹ സഹായവും 'കരുണാമയൻ' പദ്ധതിയിൽ 20 പേർക്ക് പെൻഷനും ചടങ്ങിൽ വച്ച് വിതരണം ചെയ്തു. 'സാന്ത്വനം മംഗല്യം' പദ്ധതിയിൽ 252 പേർക്കും കരുണാമയൻ പദ്ധതിയിൽ 195 പേർക്കും ഇതിനോടകം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

## സഹയാത്രി പരിശീലനം

**തിരുവനന്തപുരം:** അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയുടെ സഹയാത്രി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ആത്മവിശ്വാസത്തോടെ എങ്ങനെ പരീക്ഷയെഴുതാം എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകി. പഠന പ്രക്രിയയിൽ വിദ്യാർഥികളെ പിൻതുടർന്ന് അവരെ പഠനത്തിൽ സഹായിക്കുകയെന്ന ലക്ഷ്യമാണ് സഹയാത്രി പദ്ധതിയുടേത്.

പാളയം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പരിശീലന പരിപാടിക്ക് ജോയ്ജോൺ, ലിറ്റി ലൂസിയ സൈമൺ എന്നിവർ നേതൃത്വം നൽകി.



*സഹയാത്രി പരിശീലന പരിപാടിയിൽ ജോയി ജോൺ ക്ലാസ് നയിക്കുന്നു*

# സംസ്ഥാനതല ബൈബിൾ കലോത്സവ വിജയികൾ



**ജൂഡ്സി ബി.**
കുലശേഖരം
നാടോടിനൃത്തം സീനിയർ
എ ഗ്രേഡ്



**സാനിയ സ്റ്റെല്ലസ്**
സൗത്ത് കൊല്ലംകോട്
നാടോടിനൃത്തം ജൂനിയർ
രണ്ടാം സമ്മാനം



**കൃപ പി. കസ്പർ**
കരുംകുളം
ലളിതഗാനം ജൂനിയർ
എ ഗ്രേഡ്



**അർണ മാർട്ടിൻ**
പാങ്ങോട്
ലളിതഗാനം സീനിയർ
ഒന്നാം സമ്മാനം



**ലിൻസി ഡേവിഡ്**
കുലശേഖരം
പ്രസംഗം സീനിയർ
എ ഗ്രേഡ്



**ആൻ മരിയ**
പുല്ലുവിള
ബൈബിൾ ക്വിസ്
ജൂനി. എ ഗ്രേഡ്



**ബ്ലെസി ബി.** താർസിയൂസ്
പുല്ലുവിള
ബൈബിൾ ക്വിസ്
ജൂനി. എ ഗ്രേഡ്



**ജിജോ ജോസ്**
നമ്പ്യാതി
ബൈബിൾ ക്വിസ്
സീനിയർ എ ഗ്രേഡ്



**അജ്ഞന എസ്.ആർ**
നമ്പ്യാതി
ബൈബിൾ ക്വിസ്
സീനിയർ എ ഗ്രേഡ്

# വിദ്യാർഥി സംഗമവും പുതുവർഷാഘോഷവും

**മങ്കാട്ടുകടവ്:** പാളയം ഫൊറോന ക്രിസ്തീയവിശ്വാസ ജീവിത പരിശീലന സമിതിയുടെ ആഭിമുഖ്യത്തിൽ മതാധ്യാപക-വിദ്യാർഥി സംഗമവും പുതുവർഷാഘോഷവും നടത്തി. മങ്കാട്ടുകടവ് വിശ്വപ്രകാശ് സ്കൂളിൽ ഫൊറോന വൈദിക കോർഡിനേറ്റർ റവ. ഫാ. ലൂസിയാൻസ് തോമസിന്റെ അധ്യക്ഷതയിൽ നടന്ന ആഘോഷപരിപാടികൾ ഫൊറോന വികാരി മോൺ. നിക്കോളസ് റ്റി ഉദ്ഘാടനം ചെയ്തു. ഫൊറോന വൈദിക സെക്രട്ടറി ഫാ. ഡാനിയേൽ രാജമണി, അധ്യാപിക പ്രതിനിധി ലീനാദാസ്, വിദ്യാർഥി പ്രതിനിധി കുമാരി ലിൻസി ഡേവിഡ് എന്നിവർ ആശംസാപ്രസംഗം നടത്തി. കുട്ടികളുടെ വിവിധ കലാപരിപാടികളെ തുടർന്ന് ഫൊറോനാ പരീക്ഷ, ബൈബിൾ കോലത്സവം എന്നിവയിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. ഫൊറോന എക്സിക്യൂട്ടീവ് അംഗം റോയി വിൽസൺ സ്വാഗതവും ഫൊറോന സെക്രട്ടറി സുശീല ലോപ്പസ് കൃതജ്ഞതയും പറഞ്ഞു.



*മങ്കാട്ടുകടവ് വിശ്വപ്രകാശ് സ്കൂളിൽ നടന്ന മതാധ്യാപക വിദ്യാർഥി സംഗമവും പുതുവർഷാഘോഷവും മോൺ. നിക്കോളാസ് ടി. ഉദ്ഘാടനം ചെയ്യുന്നു*



*പുതുക്കുറിച്ചി ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ ജനറൽ ബോഡി യോഗത്തിൽ ഫാ. ഷാജൻ ജോസ് സംസാരിക്കുന്നു*

## വിദ്യാർഥികേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസം

**തിരുവനന്തപുരം:** പുതുക്കുറിച്ചി ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാ ജനറൽ ബോഡിയോഗം ഫെറോന വികാരി ഫാ. ജോർജ്ജ് പോൾ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ ഇടവകാതല ശുശ്രൂഷാ തലപ്രവർത്തനങ്ങൾ വിലയിരുത്തി. വിദ്യാർഥി കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിച്ചു. സെന്റ് ജോസഫ് സ്കൂൾ അധ്യാപകൻ സ്റ്റാലിൻ വിദ്യാർഥി കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസത്തെക്കുറിച്ച് ക്ലാസെടുത്തു. പുതുക്കുറിച്ചി മരിയനാട്, വെട്ടുതുറ, സെന്റ് ആൻഡ്രൂസ്, ഫാത്തിമാപുരം, തുമ്പ, പള്ളിത്തുറ എന്നീ ഇടവകകളിൽ നിന്നുള്ള 35 പേർ സെന്റ് ആൻഡ്രൂസ് പാരിഷ് ഹാളിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു.

## ഒഇറ്റി, ഐഇഎൽറ്റിഎസ് സൗജന്യ പരിശീലനം

**തിരുവനന്തപുരം:** തിരുവനന്തപുരം അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ ബിഎസ്സി നഴ്സിംഗ് പാസായ 15 നിർധന ഉദ്യോഗാർഥികൾക്ക് സെന്റർ ഫോർ അമേരിക്കൻ സ്റ്റഡീസിൽ (തൈക്കാട്) ഒഇറ്റിയിലും ഐഇഎൽറ്റിഎസിലും സൗജന്യ പരിശീലനം നൽകുന്നു. ഫെബ്രുവരി ആദ്യവാരം ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടറുടെ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## സ്റ്റുഡൻസ് ഫോറം ഉദ്ഘാടനം ചെയ്തു

**കോവളം:** അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ നടപ്പാക്കുന്ന വിദ്യാർഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം ഇടവകയുടെ ഒന്നാം വാർഡിൽ ആരംഭിച്ച സ്റ്റുഡൻസ് ഫോറത്തിന്റെ ഉദ്ഘാടനം അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ നിർവഹിച്ചു. ഓരോ വിദ്യാർഥിയുടെയും സമഗ്രവളർച്ച സാധ്യമാക്കുന്നതിന് വിദ്യാഭ്യാസം, വ്യക്തിത്വവികസനം, കൂട്ടായ്മ എന്നിവക്ക് മുൻതൂക്കം നൽകിയുള്ള പ്രവർത്തനമാണ് സ്റ്റുഡൻസ് ഫോറത്തിന്റെ ലക്ഷ്യമെന്ന് ഫാ. മെൽക്കൺ പറഞ്ഞു. ചടങ്ങിൽ ഇടവക വികാരി ഫാ. ജസ്റ്റിൻ ജൂഡിൻ, ഇടവക വിദ്യാഭ്യാസ ശുശ്രൂഷ കൺവീനർ ജീവ ടീച്ചർ അധ്യാപക ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.





*സ്റ്റുഡന്റ്സ് ഫോറത്തിന്റെ ഉദ്ഘാടനം അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ നിർവഹിക്കുന്നു*



*കെസിഎസ്എൽ അംഗങ്ങൾ പുൽക്കൂട് എന്ന പരിപാടിയിലൂടെ തങ്ങളുടെ ഒരു സഹപാഠിക്ക് ഭവനം നിർമ്മിക്കുന്നതിനു വേണ്ടി സമാഹരിച്ച മൂന്നുലക്ഷം രൂപയുടെ ചെക്ക് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന് കൈമാറിയപ്പോൾ*

# സൂസപാക്യം പിതാവിന് ആശംസകളുമായി കെസിഎസ്എൽ അംഗങ്ങൾ

**തിരുവനന്തപുരം:** പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പിതാവിന് ആശംകളുമായെത്തിയ കെസിഎസ്എൽ അംഗങ്ങൾ പിതാവിന്റെ ഭവനം ഒരു സമ്മാന പദ്ധതിയിലേക്ക് പുൽക്കൂട് എന്ന പരിപാടിയിലൂടെ സമാഹരിച്ച മൂന്നു ലക്ഷം രൂപയും കൈമാറി. തങ്ങളുടെ സഹപാഠിയായ ഒരു നിർധന വിദ്യാർഥിക്ക് ഒരു വീട് സമ്മാനമായി നിർമിച്ചുനൽകുകയെന്ന ലക്ഷ്യത്തോടെയാണ് കെസിഎസ് എൽ പുൽക്കൂട് എന്ന പരിപാടിക്ക് രൂപം നൽകിയത്.

പിതാവിനൊരാശംസ എന്ന പേരിൽ സ്കൂൾ വിദ്യാർഥികൾ ആർച്ച് ബിഷപ്പിനയച്ച ആശംസാ കാർഡുകളുടെ പ്രദർശനവും ആർച്ച് ബിഷപ്പ്സ് ഹൗസിൽ നടത്തി. കെസിഎസ്എൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസ് പരിപാടികൾക്ക് നേതൃത്വം നൽകി. പുൽക്കൂട് എന്ന പരിപാടിയുടെ നറുക്കെടുപ്പ് ഫാ. ഡൈസൺ, ഫാ. ഷൈനീസ് ബോസ്കോ, ഫാ. ജേക്കബ് സ്റ്റെല്ലസ് എന്നിവരുടെ നേതൃത്വത്തിൽ നടന്നു. നറുക്കെടുപ്പിൽ പൂന്തുറ ഇടവകയിലെ റിജോ ഒന്നാം സമ്മാനം നേടി.




*ക്രിസ്തുമസിനോടനുബന്ധിച്ച് പിതാവിനൊരാശംസ എന്നപേരിൽ വിദ്യാർഥികൾ അയച്ച ആശംസാകാർഡുകളുടെ പ്രദർശനം ആർച്ച്ബിഷപ്പ് ഡോ. സൂസാപാക്യം നോക്കികാണുന്നു*

## ലിപ്സി ജോണിന് ഡോക്ടറേറ്റ്



*പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫിയിൽ ലിപ്സി ജോൺ എൽ–ന് ഡോക്ടറേറ്റ് ലഭിച്ചു. പൂന്തുറ ഇടവകാംഗങ്ങളായ ബേബി ജോൺ – ലില്ലി പുഷ്പം ദമ്പതികളുടെ മകളായ ലിപ്സി, പൂന്തുറ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലാണ് പ്ലസ്–ടുവരെ പഠിച്ചത്.*

## വിധവാ ഏകസ്ത സംഗമം നടത്തി

**ചെറിയതുറ:** ചെറിയതുറ ഇടവക കുടുംബ പ്രേഷിത ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ വിധവകളുടെയും ഏകസ്ഥരുടെയും സംഗമം നടത്തി. ഇടവക വികാരി ഫാ. ജെറോം റോസ് സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ കുടുംബപ്രേഷിത ശുശ്രൂഷാ റിസോഴ്സ് പേഴ്സൺ അജിത് പെരേര ക്ലാസുകൾ നയിച്ചു. ഡീക്കൺ ജോൺസൺ സംഗമത്തിൽ പങ്കെടുത്തുവർക്കുള്ള ധനസഹായം വിതരണം ചെയ്തു. ഫെറോനാ ആനിമേറ്റർ ആന്റണി പത്രോസ് പ്രസംഗിച്ചു.

### അറിയിപ്പ്

ജീവനും വെളിച്ചവും മാസികയുടെ വരിസംഖ്യ നൽകാത്തവർ മാസിക തുടർന്ന് ലഭിക്കുന്നതിന് എത്രയും വേഗം വരിസംഖ്യതുക വെള്ളയമ്പലം ആർച്ച് ബിഷപ്പ്സ് ഹൗസിൽ പ്രവർത്തിക്കുന്ന ജീവനും വെളിച്ചവും ഓഫീസിൽ നേരിട്ടോ മണി ഓർഡർ മുഖേനയോ ലഭ്യമാക്കണമെന്ന് അഭ്യർഥിക്കുന്നു.

– പത്രാധിപർ



*കെസിഎസ്എൽ അംഗങ്ങൾക്കായി സംഘടിപ്പിച്ച പുൽക്കൂട് എന്ന പരിപാടിയുടെ നറുക്കെടുപ്പ് ഫാ. ഡൈസൻ ഉദ്ഘാടനം ചെയ്യുന്നു*

## രൂപത തലത്തിൽ എസ്.എച്ച്.ജി അംഗങ്ങൾക്ക് എൽ. ഇ. ഡി ഉൽപന്ന നിർമാണ പരിശീലനം നടത്തി

**തിരുവനന്തപുരം:** വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'റീച്ച്' എന്ന സ്ഥാപനവുമായി ബന്ധപ്പെടുത്തി വെള്ളയമ്പലം റ്റി.എസ്.എസ്.എസ് സെന്റ് ആന്റണീസ് ഹാളിൽ വച്ച് രൂപതാതലത്തിൽ എസ്.എച്ച്.ജി അംഗങ്ങൾക്ക്, എൽ.ഇ.ഡി. ബൾബ്, റ്റി.ട്യൂബ്, സാധാരണ ട്യൂബ്, എമർജൻസി ലാമ്പ്, ഇൻവെർട്ടർ, സ്റ്റാർ ട്യൂബ്, ബൾബ് ഇവക്കുള്ള കവറുകളുടെ നിർമ്മാണം എന്നിവയുടെ ദ്വിദിന പരിശീലനം നടത്തി. പ്രസ്തുത പരിശീലന പരിപാടിയുടെ ഉത്ഘാടനം റ്റി.എസ്.എസ്.എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് നിർവ്വഹിച്ചു. അജിത്ത് കോഴിക്കോട് ക്ലാസ്സ് നയിച്ചു.

പരിശീലനത്തിൽ ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. പ്രസ്തുത പരിപാടിക്ക് രൂപത എസ്.എച്ച്.ജി കോർഡിനേറ്റർ അന്നറീറ്റ നേതൃത്വം വഹിച്ചു. പരിശീലനത്തിന്റെ വെളിച്ചത്തിൽ കൊല്ലേങ്കോട് ഇടവകയിൽ എ.ഇ.ഡി യൂണിറ്റ് ആരംഭിച്ചു ഉത്ഘാടനം റവ. ഡോ. സാബാസ് നിർവ്വഹിച്ചു.



*എസ്എച്ച്ജി അംഗങ്ങൾക്കായി നടത്തിയ എൽഇഡി ഉൽപ്പന്നങ്ങളുടെ പരിശീലന പരിപാടി റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് ഉദ്ഘാടനം ചെയ്യുന്നു*


അനുഗ്രഹ ഭവൻ
തിരുവനന്തപുരം അതിരൂപത ധ്യാനകേന്ദ്രം
യേശു വിളിക്കുന്നു
എല്ലാ മാസവും ആദ്യ ആഴ്ചയിൽ മുക്തി ധ്യാനം
ആദ്യ ശനിയാഴ്ച വൈകുന്നേരം 4 ന് ആരംഭിച്ച് വെള്ളിയാഴ്ച
രാവിലെ 9 ന് സമാപിക്കുന്നു.
എല്ലാ മാസവും അവസാന ആഴ്ചയിൽ കുടുംബ വിശുദ്ധീകരണ ധ്യാനം
ഞായറാഴ്ച വൈകുന്നേരം 5ന് ആരംഭിച്ച്
വ്യാഴാഴ്ച രാവിലെ 8 ന് സമാപിക്കുന്നു.
Contact No. 9446376653, 04712706653, 9446182707, 9489602406, 9496479625
ഡയറക്ടർ : ഫാ. ജോർജ്ജ് പോൾ

# ആർച്ച്ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പേറ്റിയെ ദൈവദാസ പദവിയിലേക്ക് ഉയർത്തി



**എറണാകുളം:** വരാപ്പുഴ അതിരൂപത പ്രഥമ തദ്ദേശീയ മെത്രാപ്പൊലീത്ത ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ നാമകരണത്തിനായുള്ള കാനോനിക നടപടികൾക്ക് തുടക്കംകുറിച്ചു. വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ കാര്യാലയത്തിൽ നിന്നും അനുമതി ലഭിച്ചതിനെ തുടർന്നാണ് നടപടികൾക്ക് തുടക്കംകുറിച്ചത്. പുണ്യചരിതന്റെ 50-ാം ചരമവാർഷിക ദിനത്തിൽ എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ നടന്ന ഭക്തിനിർഭരമായ ചടങ്ങിൽവച്ച് നാമകരണ നടപടികളുടെ ആദ്യഘട്ടമായി അദ്ദേഹത്തെ ദൈവദാസ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനം നടന്നു. ഇതോടനുബന്ധിച്ച് നടന്ന കൃതജ്ഞതാബലിയിൽ വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. അതിരൂപതാ ചാൻസലർ ഫാ. എബിജിൻ അറയ്ക്കൽ റോമിൽ നിന്നുള്ള നിഹിൽ ഒബ്സ്താത് രേഖ ലത്തീനിൽ വായിച്ചു. കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശേരി സുവിശേഷ പ്രഘോഷണം നടത്തി. ആർച്ച്ബിഷപ്പ് എമരിറ്റസ്, ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, വിജയപുരം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ, കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല, ആലപ്പുഴ ബിഷപ്പ് ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ തുടങ്ങിയവർ സഹകാർമികരായിരുന്നു.



*ചെറിയതുറ ഇടവകയിൽ നടന്ന വിധവാ ഏകസ്ഥ സംഗമത്തിൽ രൂപതാ റിസോഴ്സ് പേഴ്സൺ അജിത് പെരേര ക്ലാസ് നയിക്കുന്നു*



*2020 ലോഗോസ് ക്വിസിന് വേണ്ടി തയ്യാറാക്കിയ പഠനസഹായിയുടെ പ്രകാശനം അതിരൂപതാ അജപാലനശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് പ്രകാശനം ചെയ്യുന്നു. ഷാജി ജോർജ്ജും ഫാ. ലോറൻസ് കുലാസും ചേർന്ന് തയ്യാറാക്കിയ ലോഗോസ് ക്വിസ് പഠനസഹായി കാർമൽ ബുക്സാണ് പുറത്തിറക്കിയിരിക്കുന്നത്. 2200 ലധികം ചോദ്യങ്ങൾ അടങ്ങിയതാണ് ഈ പഠനസഹായി*


**5-ാം ചരമവാർഷികം**



**പ്രദീപ് സക്കറിയാസ്**

**പുതിയതുറ**

ജനനം: 18-7-1987

മരണം: 25-2-2015

നിത്യശാന്തി നേർന്നുകൊണ്ട്,

*കുടുംബാംഗങ്ങൾ, ബന്ധുക്കൾ കൂട്ടുകാർ*



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം അഞ്ചാം ഞായർ (ഫെബ്രുവരി 09)

നീർച്ചാലുകൾ

ഡോ. ഡൈസൻ

# ക്രിസ്തു ശിഷ്യൻ: ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

ഏശ. 58: 7–10 | 1 കൊറി. 2: 1–5 | മത്താ. 5: 13–16




ഒരു ക്രിസ്തുശിഷ്യൻ ഉപ്പിനെപോലെ തിന്മയുടെ പൈശാചിക ശക്തിയെ ഇല്ലാതാക്കുന്നവനാകണം. വി.പാദ്രേപീയോ പൈശാചിക ശക്തിയെ ഉന്മൂലനം ചെയ്ത ക്രിസ്തുവിന്റെ ശക്തനായ പോരാളിയാണ്. പിശാചുകൾ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിതചരിത്രം വ്യക്തമാക്കുന്നു.

Natural History - ൽ Pliny പറയുന്നു: "ഉപ്പ്, സൂര്യപ്രകാശം എന്നിവയെക്കാൾ ഉപയോഗപ്രദമായി മറ്റൊന്നുമില്ല." മനുഷ്യജീവിതത്തിൽ ഒഴിച്ചു കൂടാൻ സാധിക്കാത്തതും, നിത്യേന ഉപയോഗിക്കുന്നതുമായ ഉപ്പിലൂടെയും, പ്രകാശത്തിലൂടെയും എന്താണ് ശിഷ്യത്യമെന്ന് യേശു വ്യക്തമാക്കുന്നു. ക്രിസ്തുശിഷ്യത്വം വെറുമൊരു പേരല്ല: ക്രിസ്തുവിലുള്ള ജീവിതമാണ്. എന്നിൽ ഞാനല്ല, ക്രിസ്തുവാണ് ജീവിക്കുന്നു എന്നുള്ള ഒരു ക്രിസ്തുശിഷ്യന്റെ ജീവിതമാണാത്!

### ശിഷ്യൻ ഭൂമിയുടെ ഉപ്പ്

ഉപ്പിനെ ദിവ്യവസ്തുവായി കരുതി ഗ്രീക്കുകാർ അവരുടെ ദേവന്മാർക്ക് കാഴ്ചയർപ്പിക്കുകയും, ഭവനങ്ങളിൽ സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ റോമക്കാർ അതിനെ അമൂല്യ വസ്തുവായി കണ്ട് സേവനത്തിനുള്ള വേതനമായി നല്കിയിരുന്നു. ഉപ്പ് മനുഷ്യനു മാത്രമല്ല, ദൈവത്തിനും പ്രീതികരമായതു കൊണ്ടാവാം യഹൂദർ ബലിവസ്തുക്കളിൽ ഉപ്പു ചേർത്തിരുന്നത് (ലേവ്യ 2:13, എസെ 43:24). ബൈബിൾ ഉപ്പിനെ വലിയ പ്രാധാന്യത്തോടെയാണ് കാണുന്നത്. പൈശാചിക ശക്തികളിൽ നിന്ന് നവജാത ശിശുക്കളെ സംരക്ഷിക്കുവാൻ ഉപ്പുതേച്ചു കുളിപ്പിക്കുന്ന പതിവ് യഹൂദർക്കുണ്ടായിരുന്നു (എസെ 16:4). ഉപ്പു കലർത്തിയ വെള്ളം ശുദ്ധീകരണത്തെയും, പൈശാചികബന്ധനങ്ങളിൽ നിന്നുമുള്ള മുക്തിയെയും, അലിഞ്ഞ് ഇല്ലാതാകാനുള്ള സേവന സന്നദ്ധതയേയും സൂചിപ്പിക്കുന്നു (2 രാജ 2:19–22). ശിഷ്യത്വത്തിന്റെ പ്രതീകമായി യേശു ഉപ്പിനെ ചൂണ്ടികാണിക്കുന്നു. ഭൂമിയുടെ ഉപ്പാകുകയെന്നാൽ യേശുവുള്ള ജീവിതം സ്വന്തമാക്കുകയെന്നാണർത്ഥം! യേശുവില്ലെങ്കിൽ ശിഷ്യന്റെ ജീവിതം ഉറകെട്ട ഉപ്പു പോലെയാകും. എല്ലാവരാലും ചവിട്ടി തേയ്ക്കപ്പെടുന്ന യൂദാസിന്റെ, ധൂർത്തപുത്രന്റെ ജീവിതത്തിനു തുല്യമാകും!

ഒരു ക്രിസ്തുശിഷ്യൻ ഉപ്പിനെ പോലെ തിന്മയുടെ പൈശാചിക ശക്തിയെ ഇല്ലാതാക്കുന്നവനാകണം. വി.പാദ്രേപീയോ പൈശാചിക ശക്തിയെ ഉന്മൂലനം ചെയ്ത ക്രിസ്തുവിന്റെ ശക്തനായ പോരാളിയാണ്. പിശാചുകൾ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിതചരിത്രം വ്യക്തമാക്കുന്നു. ഉപ്പിനെപോലെ അഴിവിൽ നിന്നും, അധ:പതനത്തിൽ നിന്നും നന്മയെ, ധാർമ്മികതയെ സംരക്ഷിക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യർ. നന്മക്കുവേണ്ടി നിലകൊണ്ട വി.വിൻസെന്റ്



ഡി പോലും ധാർമ്മികതയ്ക്കു വേണ്ടി കരുത്തുറ്റ നിലപാടെടുത്ത മദർ തെരാസായും ഭൂമിയുടെ ഉപ്പായ ക്രിസ്തുശിഷ്യരാണ്! ആദ്ധ്യാത്മീക ജീവിതത്തിൽ മാത്രമല്ല, അനുദിന ജീവിതത്തിലും ഉറയുള്ള ഉപ്പാകണം. അല്ലാത്തപക്ഷം സമൂഹത്തിൽ ഉപയോഗശൂന്യരായ കുട്ടികളായും, യുവാക്കളായും, മാതാപിതാക്കളായും, മുതിർന്നവരായും നമ്മൾ മാറും!

ഉറകെട്ട ഉപ്പിന് ഏറ്റവും നല്ല ഉദാഹരണമാണ് പഴയ നിയമത്തിലെ സാവൂൾ രാജാവ്. ദൈവത്തിന്റെ മനസ്സ് പ്രവചിച്ച സാവൂൾ രാജാവിന് ദൈവസ്വരം പോലും കേഴ്ക്കാനാവുന്നില്ല. അഭിഷേകത്തിന്റെ കാലത്ത് ദൈവാത്മാവിന്റെ കൃപകളാൽ നിറഞ്ഞു നിറന്നിരുന്ന സാവൂൾ ദുരാത്മാവിനാൽ പീഡിപ്പിക്കുന്ന തലത്തിൽ പാപം കൊണ്ട് അധ:പതിച്ചു. ദുരാത്മാവിനെ അകറ്റാൻ വന്ന ഇടയ ചെറുക്കനായ ദാവീദിൽ അസൂയാലുവായി; അവനെ കൊല്ലാൻ ശ്രമിക്കുന്നു. അവസാനം സ്വന്തം വാളിൽ വീണു മരിക്കുന്നു. നമ്മിലെ ദൈവാത്മാവിനെ നഷ്ടപ്പെടുത്താതെ ഉറയുള്ള ഉപ്പായിരിക്കാം!

## ശിഷ്യൻ ലോകത്തിന്റെ പ്രകാശം

സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ചുകൊണ്ട് രാത്രിയിൽ തെളിയുന്ന നക്ഷത്രങ്ങൾക്ക് സമാനമാണ് ഒരു ക്രിസ്തുശിഷ്യൻ. ക്രിസ്തു ഉള്ളിലുള്ള ക്രിസ്തുശിഷ്യൻ എപ്പോഴും പ്രകാശിച്ചു നില്ക്കും. സങ്കീർത്തകൻ പറയുന്നതുപോലെ അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം (സങ്കീ 36:9). ലോകത്തിന്റെ പ്രകാശമായ ദൈവത്തോട് സീനായ് മലയിൽ 40 ദിനരാത്രങ്ങൾ കഴിച്ച മോശ, മലയിറങ്ങിയപ്പോൾ സ്വയം പ്രകാശിക്കാൻ തുടങ്ങി (പുറ: 34: 29-30).

ഓരോ ക്രിസ്തുശിഷ്യനും ദൈവം ഈ ലോകത്ത് കൊളുത്തുന്ന ദീപമാണ്, വിളക്കാണ്. സങ്കീർത്തനം പറയുന്നു. ദൈവമേ അങ്ങ് എന്റെ ദീപം കൊളുത്തുന്നു, എന്റെ അന്ധകാരം അകറ്റുന്നു (സങ്കീ 8:28). ദൈവത്തിന്റെ രക്ഷ ലോകാതിർത്തിവരെ എത്തിക്കാൻ ദൈവം നമ്മെ ലോകത്തിന്റെ പ്രകാശമായി നല്കുമെന്നാണ് ഏശയ്യ പ്രവാചകൻ പറയുന്നത് (ഏശ 49:6). വഴിപിഴച്ചതും, വക്രതയുമുള്ള ലോകത്തിൽ അന്ധകാരമകറ്റുന്ന പ്രകാശമാണ് ക്രിസ്തുശിഷ്യരായ നമ്മൾ ഓരോരുത്തരുമെന്ന് പൗലോസ് അപ്പോസ്ഥലൻ പറയുന്നു (ഫിലി 2:15).

നാം ലോകത്തിന്റെ പ്രകാശമാകാണമെങ്കിൽ പ്രകാശങ്ങളുടെ പ്രകാശമായ ദൈവം നമ്മിലുണ്ടാകണം. രൂപരഹിതവും, ശൂന്യവും, അന്ധകാരം കൊണ്ട് നിറഞ്ഞ ഈ ലോകത്തിന് വെളിച്ചം നല്കിയത് ദൈവമാണ് (ഉല്പ 1:2-3). ഉല്പത്തി പുസ്തകം ആരംഭിക്കുന്നത് പ്രകാശത്തെ സൃഷ്ടിച്ചുകൊണ്ടാണെങ്കിൽ വെളിപാട് പുസ്തകം അവസാനിക്കുന്നത് ദൈവം തന്നെ നാം ഓരോരുത്തരുടെയും പ്രകാശമെന്ന് പറഞ്ഞുകൊണ്ടാണ് (വെളി 22:5).

ദൈവം പ്രകാശമാണ്. അവനിൽ അന്ധകാരമില്ല (1 യോഹ 1: 5-6). പ്രകാശമായ ദൈവം നമ്മിലുണ്ടാകണമെങ്കിൽ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമായ അവിടത്തെ വചനം (സങ്കീ 119:105) നമ്മുടെ ഹൃദയത്തിലുണ്ടാകണം (നിയ 6:6). നമ്മുടെ ഉള്ളിൽ കുടികൊള്ളുന്ന, സൂക്ഷിക്കപ്പെട്ടിരിക്കുന്ന വചനം ദൈവത്തിനെതിരെ പാപം ചെയ്യാതിരിക്കുന്നതിന് നമ്മെ സഹായിക്കുന്നു (സങ്കീ 119:11). നമ്മിൽ പാപത്തിന്റെ അന്ധകാരം നീങ്ങുന്നതിനും നന്മയുടെ വെളിച്ചം നിറയുന്നതിനും ദൈവം തന്റെ വചനത്തെ (നിയമത്തെ) നമ്മുടെ മനസ്സിൽ സ്ഥാപിക്കുന്നു. അവിടന്ന് അവയെ നമ്മുടെ ഹൃദയത്തിൽ ആലേഖനം ചെയ്യുന്നു (ഹെബ്രാ 8:19).

പ്രാർത്ഥനയിലൂടെ ധ്യാനത്തിലൂടെ ദൈവത്തെ സ്വന്തമാക്കി ബോധിസത്വനായി മാറിയ സിദ്ധാർത്ഥനെ നോക്കി സുജാത എന്ന പെൺകുട്ടി പറഞ്ഞു. "നിങ്ങൾ ഇപ്പോൾ ഒരു നക്ഷത്രം പോലെയായിരിക്കുന്നു. കത്തുന്നൊരു നക്ഷത്രം". നമ്മളും പ്രാർത്ഥനയിലൂടെ ധ്യാനത്തിലൂടെ ദൈവത്തെ കൊണ്ട് നമ്മുടെ അന്തരംഗത്തെ നിറക്കാം. അങ്ങനെ നന്മയുടെ തിളക്കമുള്ള നക്ഷത്രങ്ങളായി നമുക്കും പ്രകാശിക്കാം. അന്ധകാരത്തിൽ പ്രകാശിക്കുന്ന ക്രിസ്തുവുള്ള നക്ഷത്രമാണ് ഒരു ക്രിസ്തു ശിഷ്യൻ.

ചെറിയ ചെറിയ നന്മകളിലൂടെ ഈ ലോകത്തെ പ്രകാശിപ്പിക്കാൻ ശ്രമിച്ച വി. കൊച്ചു ത്രേസ്യയെപോലെ ഓരോ ക്രിസ്തുശിഷ്യനും പ്രകാശം പരത്തുന്നവനായിരിക്കണം. തിരുകുടുംബത്തെ ഹെറോദേസിന്റെ പടയാളികളിൽ നിന്നും രക്ഷിക്കാൻ ചിലന്തികൾ ഗുഹാമുഖത്ത് വലകൾ പുതിയതായി നെയ്തു. അങ്ങനെ ചിലന്തി വലകൾ കൊണ്ട് മുടപ്പെട്ട ഗുഹമുഖം കണ്ടപ്പോൾ അവിടെ ആരും കാണുകയില്ലായെന്ന് ധരിച്ച് പടയാളികൾ മടങ്ങിപോയി. ചെറിയ നന്മകൾ ലോകത്തെ പ്രകാശിപ്പിക്കും. മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ കൊച്ചി ഫോർട്ട് കടപ്പുറത്തെ വൃദ്ധിയാക്കിയത് ഫ്രഞ്ച് യാത്രികനായ ടോണിയാണ്. മാലിന്യങ്ങൾ കുന്നു കൂടുന്ന നമ്മുടെ പരിസരങ്ങൾ, വിദ്യാലയങ്ങൾ, കടൽപ്പുറങ്ങൾ നാം വൃത്തിയാക്കുമ്പോൾ നന്മയുടെ ചെറുവെട്ടങ്ങളായി, ക്രിസ്തുശിഷ്യരായി മാറുന്നു. അസ്തമയ സൂര്യൻ വരും മുമ്പേ നാം നമ്മുടെ ഉള്ളും, പരിസരവും വൃദ്ധിയാക്കാം! വചനത്തിലൂടെ, പ്രാർത്ഥനയിലൂടെ നന്മ പ്രവൃത്തികളിലൂടെ ഈ ലോകത്തിന്റെ പ്രകാശമായി ക്രിസ്തുശിഷ്യരാകാം.

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# നീതീകരിക്കപ്പെടുന്ന നിയമം

സുഭാ. 15: 15-20 | 1കൊറി. 2: 6-10 | മത്താ. 5: 17-37



സഹോദരനെ ഒരിക്കലും വെറുക്കരുതെന്നാണ് ലേവ്യരുടെ പാഠം. തെറ്റുചെയ്യുന്ന അയൽക്കാരനെ ശാസിക്കുക, പകയും പ്രതികാരവും ഉപേക്ഷിക്കുക, അയൽക്കാരനെ സ്നേഹിക്കുക. ഇത്തരം ലളിതമായ കാര്യങ്ങളാണ് ദൈവം ആവശ്യപ്പെടുന്നത്.

സോഫി ഷോളെന്ന പെൺകുട്ടിയുടെ ജീവിതകഥ ഓർക്കേണ്ട സമയമാണിത്. നമ്മുടെ മനോഹര രാജ്യം ഫാഷിസവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്നേഹത്തിന്റെ സഹജാതഭാവങ്ങൾ വീണ്ടെടുക്കേണ്ട നേരമാണ്. ഹിറ്റ്ലറിന്റെ നാസിസത്തിനെതിരെ ഒരു പറ്റം ചെറുപ്പക്കാർ ആരംഭിച്ച പ്രസ്ഥാനമാണ് വൈറ്റ് റോസ്. സ്നേഹവും സമാധാനവും പകരുകയായിരുന്നു അവരുടെ ലക്ഷ്യം. പിടിക്കപ്പെട്ടാൽ വധശിക്ഷ ഉറപ്പായിരുന്നു. എന്നിട്ടും അവർ പ്രചരണം നടത്തി. അവരുടെ ലഘുലേഖയിൽ ഇപ്രകാരം എഴുതിയിരുന്നു: നിങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കാൻ അധികാരത്തിലിരിക്കുന്ന നരാധമൻമാരെ അനുവദിക്കുന്നതെന്തിനാണ്? നിങ്ങളെ നാശത്തിലേക്ക് നയിക്കുന്നവരെ അന്ധമായി അനുഗമിക്കുന്നത് എന്തിനാണ്?... ഇത് നമ്മുടെ ഭാവിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള തീവ്രയത്നസമരമാണ്. നമുക്ക് വേണ്ടത് കളങ്കമറ്റ സ്വാതന്ത്ര്യവും സ്വച്ഛവുമായ അഭിപ്രായ പ്രകാശനത്തിനുള്ള അന്തരീക്ഷവുമാണ്.

നമുക്ക് സ്വാതന്ത്ര്യത്തിന്റെ ചേതനയുള്ള ഒരു പുതിയ യൂറോപ്പ് പടുത്തുയർത്താം. ഒടുവിൽ സോഫി ഷോളിനെ വധശിക്ഷയ്ക്കു വിധിച്ചു. ശിരസ് ഛേദിക്കപ്പെടും മുമ്പ് അവൾ എഴുതി സൂര്യൻ ഇപ്പോഴും എന്തു ശോഭയോടെയാണ് തിളങ്ങുന്നത്.

സഹോദരനെ ഒരിക്കലും വെറുക്കരുതെന്നാണ് ലേവ്യരുടെ പാഠം. തെറ്റുചെയ്യുന്ന അയൽക്കാരനെ ശാസിക്കുക, പകയും പ്രതികാരവും ഉപേക്ഷിക്കുക, അയൽക്കാരനെ സ്നേഹിക്കുക. ഇത്തരം ലളിതമായ കാര്യങ്ങളാണ് ദൈവം ആവശ്യപ്പെടുന്നത്.

സൗഹൃദമില്ലാതെ ജീവിതം സാക്ഷികളില്ലാത്ത മരണംപോലെയാണ് എന്ന് ഒരു സ്പാനിഷ് പഴമൊഴിയുണ്ട്. അധിനിവേശവും അധീശത്വവും തേടുന്ന മനുഷ്യർ ലോകത്തെ അസ്ഥിരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വിദൂരവത്കരിക്കപ്പെടുന്ന അയൽക്കാർ ജീവിതത്തിന്റെ അർത്ഥം ഭൗതികസമ്പത്തിൽ മാത്രമായി തളയ്ക്കുകയാണ്. സ്നേഹിക്കാനാണ് മതവും നിയമങ്ങളുമൊക്കെ.

ഇസ്രയേലിൽ പഴയകാലത്ത് പ്രതികാരത്തിന്റെ നിയമം ഉണ്ടായിരുന്നു. ആഇ 18-ാം നൂറ്റാണ്ടിൽ ബാബിലോൺ രാജാവായിരുന്ന ഹമുറബി ക്രോഡീകരിച്ച നിയമങ്ങളിൽ ഇത് പറയുന്നുണ്ട്. 1901 ലാണ് തൂണിൽ സൂക്ഷിച്ചിരുന്ന ഈ നിയമങ്ങൾ കണ്ടെടുത്തത്.

എത്ര വലിയവനായാലും അധികാരമുള്ളവനായാലും നിയമം ആർക്കും ഇളവു നല്കിയിരുന്നില്ല. തന്നോട് ചെയ്ത അതേ അളവിലുള്ള ദ്രോഹം എതിരാളിക്ക് ശിക്ഷയായി നല്കാൻ അനുവാദം ഉണ്ടായിരുന്നു. കണ്ണിനാണ് പരിക്കേൽപ്പിച്ചതെങ്കിൽ തിരിച്ചും അങ്ങനെതന്നെ ചെയ്യാം; പക്ഷേ കൊല്ലരുത്. നീ അവനോടു കാരുണ്യം കാണിക്കരുത്. ജീവനുപകരം ജീവൻ. കണ്ണിനു കണ്ണ്, പല്ലിനുപല്ല്, കൈക്കു കൈ, കാലിനു കാല്. (നിയമ 19:21)

യഹൂദസെലസ്റ്റുകൾ ഈ തത്വമാണ് റോമാസാമ്രാജ്യത്വത്തിനെതിരെ പ്രയോഗിച്ചത്. ആയുധബലം കൊണ്ട് ശത്രുവിനെ നേരിടുക. എതിരാളിയെ ഇടതുകരണത്തടിക്കാനാണ് നമുക്ക് വശംകിട്ടുക. എന്നിട്ടും വലതുകരണത്ത് അടിവീണാൽ അത് വളരെ ഗൗരവമുള്ളതാണ്. അപ്പോൾ ഇടതുകൈകൊണ്ടാകണം അടിക്കുക, ഇടതുകൈ കൂടുതൽ അശുദ്ധമാണ്. കവിളിൽ അടികിട്ടുമ്പോൾ നൊടിയിടയിൽ തിരിച്ചടിക്കാനുള്ള പ്രേരണയുണ്ടാകും. അവിടെ സംയമനത്തോടെ നിന്ന് മറ്റേ കവിൾകൂടി കാട്ടിക്കൊടുക്കാനാണ് യേശു പറയുക, അപ്പോൾ വലിയ കലഹം ഒഴിവാകും. റോമാ 12:19 പ്രിയപ്പെട്ടവരേ, പ്രതികാരം നിങ്ങൾ തന്നെ ചെയ്യാതെ, അതു ദൈവത്തിന്റെ ക്രോധത്തിനു വിട്ടേക്കുക വസ്ത്രം എടുക്കുന്നവന് മേലങ്കികൂടി നല്കുക. രണ്ട് വസ്ത്രവും ഊരിക്കഴിഞ്ഞാൽ ആൾ പൂർണനഗ്നനാകും. വലിയ അപമാനകരമായ കാര്യം. എന്നിട്ടും ക്രിസ്തു ക്ഷമയുടെ ഉപദേശം നല്കുന്നു.

റോമൻ നിയമം അവരുടെ പടയാളികൾക്ക് ഒരു മൈൽദൂരംവരെ അവരുടെ ആർട്ടിലറീസ് ചുമക്കാൻ മറ്റുള്ളവരെ നിയോഗി

ക്കാൻ അനുവാദം കൊടുത്തിരുന്നു. ഈ നിയമത്തിന്റെ ചുവടുപിടിച്ചാണ് പടയാളികൾ യേശുവിന്റെ കുരിശ് ചുമക്കാൻ സയറിൻകാരനായ ശിമയോനെ നിയോഗിച്ചത്. ചുമക്കുന്ന ആൾക്ക് ആരോഗ്യമുണ്ടെങ്കിൽ പത്തുകിലോവരെ ചുമക്കാം. പക്ഷേ, പടയാളികൾ പലപ്പോഴും ഈ നിയമം തെറ്റിച്ചിരുന്നു. യേശുവിന്റെ കുരിശിന് അതിൽ കൂടുതൽ ഭാരം ഉണ്ടായിരുന്നു.

ഇങ്ങനെ ഒരു മൈൽദൂരം സഞ്ചരിക്കുന്നതിനിടയിൽ മറ്റൊരു പട്ടാളക്കാരൻ പ്രത്യക്ഷപ്പെട്ട് അതേ പണിചെയ്യാൻ ആവശ്യപ്പെട്ടേക്കാം. അതുകൊണ്ടാണ് യേശു പറയുക ഒരു മൈൽ കൂടി അധികം പോകാൻ പട്ടാളക്കാരുടെ ചുമട് എടുക്കുന്നവന് ആ സമയം തന്റേതായ പല ഉത്തരവാദിത്വങ്ങൾ ഉണ്ടാകാം. അരുണാചൽ പ്രദേശിലെ മിഷൻ പ്രവർത്തനങ്ങൾക്കിടയിൽ കാണുന്ന സ്ഥിരക്കാഴ്ചയാണ് തദ്ദേശീയർ പട്ടാളക്യാമ്പുകളിലേക്ക് അവരുടെ സാധനങ്ങളുമായി കാട്ടുവഴികളിലൂടെ നടക്കുന്നത്. അതിനവർക്ക് കേന്ദ്രഗവൺമെന്റ് അനുവദിച്ച കൂലിയുണ്ട്. പലപ്പോഴും സൈന്യം അവർക്ക് കൂലി കുറച്ചാണ് നല്കുക. വലിയ സാമ്പത്തിക ചൂഷണം അവിടെയുണ്ട്.

മാർപാപ്പമാരുടെ കല്ലറയിൽ സ്ഥാപിച്ചിരിക്കുന്ന മോസസിന്റെ ശില്പം മൈക്കലാഞ്ചലോയുടെ കരവിരുതാണ്. സ്വകാര്യ ജീവിതത്തിൽ പരുക്കനും വിചിത്രസ്വഭാവക്കാരനുമായിരുന്നു അയാൾ. തന്റെ സൃഷ്ടികളിൽ അയാൾ അതൃപ്തനാണ്. മോസസിന്റെ പ്രതിമ പണിതീർന്നു കഴിഞ്ഞപ്പോൾ ജീവൻ തുടിച്ചുനിന്നു. ആ പ്രതിമയെ നോക്കി മൈക്കലാഞ്ചലോ പറഞ്ഞു നീ എന്നോടു സംസാരിക്കാത്തതെന്താണ്? പിന്നെ അയാൾ ചുറ്റികകൊണ്ട് പ്രതിമയുടെ കാൽമുട്ട് തകർത്തു. ശില്പിയും കവിയും രാഷ്ട്രീയക്കാരും സാധാരണക്കാരും എല്ലാവരും ജീവിതത്തിന്റെ ചില ദശാസന്ധികളിൽ സ്നേഹത്തിന്റെ നനുത്ത ഭാവങ്ങൾ സ്വീകരിക്കാം. ഇന്ത്യയിൽ ഭരണകൂട ഭീകരത വർദ്ധിക്കുകയാണ് ഇന്ത്യയിൽനിന്നും അതിർത്തികടന്നു പാക്കിസ്ഥാനിലേക്ക് പായുന്ന സംത്തോഡ എക്സ്പ്രസ് സമാധാനത്തിന്റെ അടയാളമായിരുന്നു. വിദൂരങ്ങളിലേക്കു നീണ്ടു കിടക്കുന്ന മാനവ സ്നേഹത്തിന്റെ പാളങ്ങളിൽ കാടും പുഴയും ഇരുളും വിജനതകളും കടന്ന് തീവണ്ടികൾ പായട്ടെ! ക്രിസ്തു എന്നൊരാൾ സ്നേഹത്തെക്കുറിച്ചുമാത്രം സംസാരിച്ചുകൊണ്ടിരിക്കുന്നു.

ആണ്ടുവട്ടം ആറ ഏഴാം ഞായർ (ഫെബ്രുവരി 23)

**നീർച്ചാലുകൾ**

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# സ്വർഗത്തിൽ ഇല്ലാത്തതായി ഒന്നേയുള്ളൂ..

ലേവ്യ. 19: 1–2. 17–18 | 1 കൊറി. 3: 16–23 | മത്താ. 5:38–45



വിധിച്ചു സമയം കളയാതെ സ്നേഹിച്ച് സന്തോഷത്തോടെ ജീവിച്ചു മരിക്കാം നമുക്ക്. ഒരാളെ വിധിക്കുമ്പോൾ അയാളുടെ ഉള്ളിലുള്ള എല്ലാ മൂല്യങ്ങളെയുമാണ് നാം പലപ്പോഴും നശിപ്പിക്കുന്നത്.

ഇന്നത്തെ തിരുവചന ഭാഗത്ത് മലയിലെ പ്രസംഗത്തിലൂടെ ഈശോ നമ്മുടെ മുമ്പിൽ തുറന്നു കാണിക്കുക, നമ്മെ സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ മക്കളാകാനുള്ള ചില വഴികളാണ്.

ഒന്നാമതായി ശത്രുക്കളെ സ്നേഹിക്കുക. രണ്ടാമതായി പീഢിപ്പിക്കുന്നവർക്കു വേണ്ടി പ്രർത്ഥിക്കുക. നാം പിൻതുടരാനായി ഈശോ കാണിച്ചുതന്ന വഴിത്താരകളാണ് ഇവ രണ്ടും.

പൊതുജനത്തിനെപ്പോഴുമൊരു മൂന്നാം കണ്ണുണ്ട്. മറ്റുള്ളവരെ വിധിക്കാനുള്ള കണ്ണ്. ആ കണ്ണുകളോടെ നോക്കുന്നവർക്കു മുമ്പിൽ നിൽക്കുന്നവരെല്ലാം ശിക്ഷാർഹരാണെന്നും കുറ്റക്കാരാണെന്നും മാത്രമേ പറയാനുണ്ടാവൂ. കൈയ്യിൽ കല്ലും ചങ്കിൽ ധാർഷ്ഠ്യവുമായി വന്ന ഒരു പറ്റം മനുഷ്യരെ ക്രിസ്തു തിരുത്തന്നത് വിധിക്കരുത് എന്ന താക്കീത് നൽകി കൊണ്ടായിരുന്നു. ഓരോ പുലരിയിലും ഇന്ന് ആരെ വിധിക്കണമെന്ന് ചിന്തിച്ചുകൊണ്ടാണ് ഓരോരുത്തരും ഉണരുന്നതെന്ന് സമീപകാല സംഭവങ്ങൾ വിരൽ ചൂണ്ടുന്നുണ്ട്.

മനുഷ്യന്റെയും സമൂഹത്തിന്റെയും പല വിധികല്പനകളും തെറ്റായിരുന്നു എന്നാണ് ചരിത്രം പറഞ്ഞു തരുന്നത്. ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കൻ ഐക്യനാടുകളിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഏറ്റവും പ്രായംകുറഞ്ഞ ആഫ്രിക്കൻ വംശജനായ 14 വയസ്സുകാരൻ ജോർജ്ജ് സ്റ്റെന്നി ജെറിയുടെ ജീവിതം അന്യരുടെ വിധിയിൽ തകർന്നു പോയതായിരുന്നു. രണ്ടു വെളുത്ത വംശജരായ 11 വയസ്സായ ബെറ്റി, 7 വയസ്സായ മരിയ എന്നീ പെൺകുട്ടികളെ ജോർജ്ജ് സ്റ്റെന്നി കൊലപ്പെടുത്തി എന്നായിരുന്നു ജനങ്ങളുടെ ആരോപണവും വിധിയും. വിചാരണസമയത്തും വധശിക്ഷയുടെ ദിവസവും ബൈബിൾ നെഞ്ചോടു ചേർത്തു വച്ച് ഞാൻ നിരപരാധിയാണെന്ന് ജനക്കൂട്ടത്തോട് വിലവിളിച്ച് പ

റഞ്ഞതായിരുന്നു.

ആരും ആ ബാലന്റെ നിഷ്ക്കളങ്ക മനസ്സ് കണ്ടില്ല. അവർ അവനെതിരെ വിധിവാചകം മുഴക്കി. അവനെ കുറ്റവാളിയാക്കി മുട്ടുകുത്തി വധശിക്ഷയ്ക്ക് വിധിച്ചു. 1944 ജൂൺ 16 പുലർച്ചെ സ്റ്റിന്നിന്റെ തലയിൽ 538 വോൾട്ട് വൈദ്യുതി കടത്തിവിട്ട് വധശിക്ഷ നടപ്പിലാക്കി. 70 വർഷങ്ങൾക്കു ശേഷം 2015-ൽ സ്റ്റന്നിന്റെ നിരപരാധിത്വം തെക്കൻ കരോലിനയിലെ ഒരു ന്യായാധിപൻ തെളിയിച്ചു. ജോർജ്ജ് സ്റ്റിന്നി നിരപരാധിയായിരുന്നു. മറ്റൊരാൾ തന്ത്രപൂർവ്വം സ്റ്റിന്നിനെ കുടുക്കുകയായിരുന്നു. അവനെ ആ 70 വർഷം മുമ്പ് വിധിച്ച ജനക്കൂട്ടത്തിന് സ്റ്റിന്നിന്റെ നിഷ്ക്കളങ്ക ജീവിതം തിരിച്ചു കൊടുക്കുവാൻ കഴിഞ്ഞുവോ?

അനാവശ്യമായ ചില വിധി പ്രസ്താവനകളിലൂടെ എത്ര പേരുടെ ജീവിതമാണ് നാം വലിച്ച് താഴേക്ക് എറിഞ്ഞിട്ടുള്ളത്. സെൻഹിദ്രിൻ സംഘവും പീലാത്തോസും ഒരല്പം സംയമനത്തോടെ അനാവശ്യമായി പ്രസ്താവിക്കുന്നതിൽ നിന്നു പിന്തിരിഞ്ഞുവെങ്കിൽ ഒരു പക്ഷേ പീലാത്തോസും ആ സെൻഹിദ്രിൻ സംഘവും ഇന്ന് അറിയപ്പെടുന്നവരായി തീരുമായിരുന്നു.

ബെനകഡിക്ട് ഓണംകുളം എന്ന അച്ചനെ മലയാളികൾക്ക് മറക്കാനാവില്ല. അനാവശ്യമായി അച്ചനെതിരെ ജനം വിധിയെഴുതിയതായിരുന്നു സംഭവം. മറിയകുട്ടിയെ അച്ചനാണ് കൊന്നതെന്ന് പറഞ്ഞു പരത്തിയ അച്ചനെതിരെ വിധി പ്രസ്താവിച്ചു അവർ മടങ്ങി പോയപ്പോൾ തകർന്നത് പാവം ആ വൈദീകന്റെ പ്രഭയുള്ള ജീവിതമായിരുന്നു. ഒടുവിൽ അച്ചനല്ല ആ സ്ത്രീയെ കൊന്നതെന്ന് തിരിച്ചറിയുമ്പോഴേക്കും കാലം ഒരുപാടു വൈകിയിരുന്നു.

ഒരാളെ വിധിച്ചാൽ നിന്നിൽ എന്തു സംഭവിക്കുമെന്ന് വ്യക്തമായി പറഞ്ഞു തരുന്നത് പാവങ്ങളുടെ അമ്മയായ മദർ തെരേസയാണ്. മറ്റുള്ളവരെ വിധിച്ചാൽ നിനക്കവരെ സ്നേഹിക്കാനുള്ള സമയം നഷ്ടപ്പെടുമെന്നാണ് അമ്മ പറഞ്ഞു തരുന്നത്. If you judge people, you have no time to love them". അതുകൊണ്ട് ആരെയും വിധിച്ച് നിന്റെ സമയം കളയരുതെന്ന് അമ്മ അമ്മയുടെ ജീവിതം കൊണ്ട് നമ്മെ പഠിപ്പിച്ചു തരുന്നുണ്ട്. അന്യരെ വിധിക്കാനുള്ള ഒത്തിരി സാഹചര്യങ്ങൾ അമ്മയുടെ ജീവിതത്തിൽ ഉണ്ടായിരുന്നു. ആ സാഹചര്യങ്ങളെ അമ്മയും നേരിട്ടത് സ്നേഹം കൊണ്ട് മാത്രമായിരുന്നു. ആ സ്നേഹപ്രകടനങ്ങളാണ് അമ്മയെ ജീവിച്ചിരിക്കുന്ന വിശുദ്ധയാക്കിയത്.

വിധിച്ചു സമയം കളയാതെ സ്നേഹിച്ച് സന്തോഷത്തോടെ ജീവിച്ചു മരിക്കാം നമുക്ക്. ഒരാളെ വിധിക്കുമ്പോൾ അയാളുടെ ഉള്ളിലുള്ള എല്ലാ മൂല്യങ്ങളെയുമാണ് നാം പലപ്പോഴും നശിപ്പിക്കുന്നത്. ഏതെങ്കിലും ഒരു തെറ്റു പറ്റുക എന്നത് മനുഷ്യസഹജമാണ്. ആ തെറ്റിനെ വിധിക്കുന്നതിന്റെ പേരിൽ അയാളിലുള്ള മറ്റു ഗുണങ്ങളെ കൂടിയാണ് വിധിപ്രസ്താവനയിലൂടെ അനാവശ്യമായി നശിപ്പിക്കുന്നത്. അതുകൊണ്ടാണ് ക്രിസ്തു ഇങ്ങനെ പറഞ്ഞത്: പതിരും കതിരും ഒന്നിച്ചു വളരട്ടെ എന്ന്. പതിര് പെറുക്കിയെടുക്കുന്നതിനിടയിൽ ഒരു മണി കതിരു പോലും നശിപ്പിക്കപ്പെടരുതെന്ന് അവൻ ആഗ്രഹിക്കുന്നത് ഈ പശ്ചാത്തലത്തിൽ നിന്നുംവേണം വായിക്കാൻ. ഒരാളെ നീ വിധിക്കുമ്പോൾ അയാളുടെ തലമുറയെക്കൂടിയാണ് നീ വിധിക്കുന്നത്.

അമ്മയ്ക്ക് എയ്ഡ്സ് ആയതുകൊണ്ട് മക്കൾക്ക് സ്കൂളിൽ പഠിക്കാൻ അവസരം നിഷേധിച്ച എത്ര സംഭവങ്ങളുണ്ട് നമുക്ക് ചുറ്റിലും. നിന്റെയും എന്റെയും ചില വിധി പ്രസ്താവനകളുടെ പേരിൽ എത്ര കുടുംബം അനാഥമായി പോകുന്നുണ്ട് എന്ന് ഓരോരുത്തരും ഇനിയെങ്കിലും ചിന്തിക്കുക തന്നെ വേണം. വിധിക്കുന്നവർ ദൈവത്തിന്റെ അധികാരമാണ് കൈയ്യിലെടുക്കുന്നത്. മറ്റുള്ളവരെ വിധിക്കരുത് എന്ന കല്പന ലംഘിക്കുന്നവർ നിശ്ചയമായും നരകത്തീയിൽ വീഴും എന്നാണ് പഴയനിയമസംഭവങ്ങൾ നമുക്ക് പറഞ്ഞു തരുന്നത്. വിധിക്കാൻ ദൈവം മനഷ്യർക്ക് അനുവാദം കൊടുത്തിട്ടില്ല. അനുവാദമില്ലാത്ത കാര്യങ്ങൾ നീ ചെയ്യുമ്പോൾ നീ നിന്റെ തന്നെ മരണമാണ് വിളിച്ചു വരുത്തുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നവർ അനാവശ്യ വിധിയിലൂടെ മറ്റുള്ളവർക്കെതിരെ തിരിയുന്നുണ്ടെങ്കിൽ അത് ദൈവകല്പനകൾക്ക് എതിരാണെന്നതിൽ സംശയമില്ല. ദൈവം വിധി നടത്തുമെന്നും തെറ്റു ചെയ്തവരെ ദൈവം ശിക്ഷിച്ചുക്കൊള്ളുമെന്നും ഒരു ചെറിയ ബോധ്യമെങ്കിലും നമുക്കുണ്ടായിരുന്നെങ്കിൽ ഈ നാട് നിശ്ചയമായും അഗസ്തീനോസ് പറഞ്ഞ ദൈവനഗരം ആകുമായിരുന്നേനെ.

സ്വർഗ്ഗത്തിൽ എന്താണ് ഇല്ലാത്തത്? കുട്ടി അമ്മയോട് ചോദിച്ചു: മറ്റുള്ളവരെ വിധിക്കുന്ന സ്വഭാവം സ്വർഗ്ഗത്തിലില്ലെന്നു അമ്മ മറുപടി നൽകി.

നോമ്പുകാലം 1-ാം ഞായർ (മാർച്ച് 01)

**നീർച്ചാലുകൾ**

ഫാ. എഡിസൻ യോഹന്നാൻ

# മിന്നുന്നതെല്ലാം പൊന്നല്ല

ഉൽ. 2: 7-9. 3:1-7 | റോമ. 5: 12-19 | മത്താ. 4:1-11

**മീ**ൻ പിടിക്കുമ്പോൾ ചൂണ്ട ഉപയോഗിക്കുന്നത് നമ്മൾ കണ്ടിരിക്കാം. കടലിൽ ചൂണ്ട വെറുതെയല്ല എറിയുന്നത്; മത്സ്യം ചൂണ്ടയിൽ കൊത്തുവാൻ വേണ്ടി ഇര ആവശ്യമാണ്. അത് പുഴുവോ, ചെറുമത്സ്യങ്ങളോ, തിളങ്ങുന്ന നൈലോൺ വസ്തുക്കളോ ആകാം. ചൂണ്ടയിൽ

കാണപ്പെടുന്ന ആകർഷണത്താൽ മത്സ്യങ്ങൾ ഓടിവന്ന് കൊത്തുന്നതോടെ അവയുടെ വായ് കുരുക്കപ്പെടുന്നു. ജീവിതത്തിൽ പ്രലോഭനങ്ങളുടെ അവസ്ഥയും ഇപ്രകാരമാണ്; പല ആകർഷണങ്ങളും പ്രലോഭനത്തിലേക്ക് നയിക്കുന്നു. വീട്ടിൽ ചില്ല് പൊട്ടിച്ച കുട്ടി അടികിട്ടാതിരിക്കുവാൻ അത് താനല്ല ചെയ്തത് എന്നുപറയുമ്പോൾ തൽക്കാലമെങ്കിലും ആശ്വാസം ലഭിക്കും; ഒരു സൽപ്പേര് ഉണ്ടാകും. മയക്കുമരുന്നിലേക്കോ ലഹരിയിലേക്കോ വഴുതപ്പെട്ട ജീവിതങ്ങൾ ചില ആകർഷണങ്ങളാലാണ് ഇതിലേക്ക് എത്തപ്പെടുക, പിന്നെ അത് ഒരു ഊരാക്കുടുക്കായിമാറുന്നു; ഏടാകൂടമാകുന്നു.

ഇന്നത്തെ സുവിശേഷത്തിൽ യേശുനാഥൻ നേരിടുന്ന പ്രലോഭനങ്ങളെയാണ് നാം കാണുക. സ്നാനം കഴിഞ്ഞ് നാൽപ്പതു രാപകലുകൾ മരുഭൂമിയിൽ ഉപവസിച്ച ശേഷം ശരീരവും മനസ്സും ക്ഷീണിച്ച യേശുവിന്റെ പക്കലാണ് പ്രലോഭകൻ എത്തുക. ക്ഷീണാവസ്ഥകൾ പ്രലോഭനത്തിന് സാധ്യതയേറുന്നു.

യേശു നേരിട്ടത് മൂന്ന് പ്രലോഭനങ്ങളാണ്. കല്ലുകളെ അപ്പമാക്കുക; ദേവാലയമുകളിൽ നിന്ന് താഴേക്കുചാടുക; പിശാചിനെ ആരാധിക്കുക. ആദ്യത്തേത് ശാരീരികമായ പ്രലോഭനമാണ് – ശരിയെന്ന് തോന്നപ്പെടാവുന്നത് ചെയ്യുക. ഭക്ഷണവും വെള്ളവുമായ അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടിയുള്ള അഭിവാഞ്ഛ സ്വാഭാവികമായ ഒരു കാര്യമാണ്. അത്യാവശ്യകാരങ്ങൾക്കുവേണ്ടി അവ എന്തും ചെയ്തുനേടാമെന്ന ധാരണ ഒരു പ്രലോഭനമാണ്. അത് കല്ലുകൾ അപ്പമാക്കലാണ്. ജീവിതത്തിൽ നിലനിൽപ്പിനായുള്ള പോരാട്ടങ്ങളിലും നീതിക്കുവേണ്ടിയുള്ള സമരങ്ങളിലും സത്യത്തിന്റെയും ധർമ്മത്തിന്റെയും വഴികൾ വെടിയരുത്.

രണ്ടാമത്തെ പ്രലോഭനം; അത് ഒരു 'ഇമോഷണൽ' തരത്തിൽപ്പെട്ടതാണ് –ദൈവസ്നേഹത്തെ ചോദ്യം ചെയ്യൽ. യേശു ദൈവപുത്രനാണെന്ന് പ്രലോഭകന് അറിയാം, കൂടാതെ ജ്ഞാനസ്നാനവേളയിൽ ദൈവപിതാവ് അത് വെളിവാക്കുകയും ചെയ്തു 'ഇവൻ എന്റെ പ്രിയപുത്രൻ'. യേശു താഴേയ്ക്ക് ചാടിയാൽ അവനെ ദൈവപിതാവ് തന്റെ ദൂതന്മാരെ അയച്ച് കാത്തുകൊള്ളുമല്ലോ. പിതാവായ ദൈവത്തിന് യേശുവിനോടുള്ള സ്നേഹത്തെ പരീക്ഷിക്കലാണിത്. സ്നേഹം പരീക്ഷണവിധേയമാകുന്നു. ദൈവത്തോടും ഉറ്റവരോടും മിത്രങ്ങളോടും ഉള്ള സ്നേഹം ആശ്രയത്തിൽ നിന്നും പങ്കുവയ്ക്കലിൽ നിന്നും ഉറവ കണ്ടെത്തുന്നാണ്; നിഷേധിക്കപ്പെടേണ്ടതല്ല.

മൂന്നാമത്തെ പ്രലോഭനത്തെ, 'നിയന്ത്രണ പ്രലോഭനം' എന്നുവിളിക്കാം. യേശുവിന്റെ ജീവിതത്തിനുമേൽ നിയന്ത്രണം ഏറ്റെടുക്കുന്ന പ്രലോഭനം. 'നീ എന്നെ ആരാധിച്ചാൽ എല്ലാം നിനക്ക് തരാം' എന്ന പ്രലോഭകന്റെ വാഗ്ദാനം. ഇതുവഴി യേശുവിന് സകലത്തിന്റെയുംമേൽ ആധിപത്യം ഒരു ഷോർട്ട് കട്ട് വഴി നേടാമായിരുന്നു. എന്നാൽ യേശുവിന്റെ വഴി സ്വയത്യാഗത്തിലൂടെ കുരിശിലൂടെ രക്ഷനേടുക എന്നതാണ്. അതിന് സഹനത്തിന്റെ തീച്ചൂളയിലൂടെ കടക്കേണ്ടതുണ്ട്. എന്റെ ജീവിതത്തിൽ മുഴുവൻ നിയന്ത്രണവും ഏറ്റെടുക്കുമ്പോഴും ദൈവത്തിനോ ദൈവപദ്ധതികൾക്കോ സ്ഥാനമില്ലാതാകുമ്പോഴും ഈ 'നിയന്ത്രണ പ്രലോഭനത്തിൽ' നമ്മൾ വീണുപോകുന്നു. ദൈവകൃപയ്ക്ക് സ്ഥാനം നൽകാനും കുറുക്കുവഴികൾ ഉപേക്ഷിച്ച് ശ്രമകരമായ പാത്രങ്ങൾ അഥവാ ഇടുങ്ങിയ വഴികൾ തെരഞ്ഞെടുക്കാം.

യേശുവിനുണ്ടായ പ്രലോഭനങ്ങളെ കുറച്ചുമണിക്കൂറുകൾ പ്രലോഭകൻ അവന്റെ മുന്നിൽ അവതരിപ്പിച്ചതായി സുവിശേഷകൻ നാടകീയമായി പ്രതിപാദിക്കുന്നു. അതോടൊപ്പം മറ്റൊരു ചിന്ത യേശുനാഥൻ തന്റെ മരണം വരെ നിരന്തരം അനുഭവിച്ചവയാണ് ഈ പ്രലോഭനങ്ങൾ എന്ന് മനസ്സിലാക്കാം. ഒരു സാമൂഹ്യ പ്രവർത്തകനോ, രാഷ്ട്രീയ നേതാവോ, മതതീവ്രവാദിയോ ആകാനല്ല യേശുവിന്റെ ദൗത്യം. പിന്നെയോ കുരിശിലൂടെ രക്ഷനൽകുന്ന ദൈവപുത്രനായിരിക്കുക എന്നതാണ് അതിനായി ഒരു സമൂഹത്തെ ഒരുക്കണം, പിന്നെ സ്നേഹത്തിന്റെ പാഠങ്ങൾ അവരെ പഠിപ്പിക്കണം.

ചുരുക്കത്തിൽ ഈ വചനഭാഗം അനുസ്മരിപ്പിക്കുക: 1) ആരും തന്നെ പ്രലോഭനങ്ങളിൽ നിന്നും മോചിതരല്ല, കാരണം ദൈവപുത്രനായ യേശുവിന് തന്നെ ഇവ നേരിടേണ്ടിവന്നിട്ടുണ്ട്. 2) പ്രലോഭനത്തെ പാപമായി ഒരിക്കലും സാമ്യപ്പെടുത്തരുത്. അവ പാപത്തിലേക്കുള്ള വഴികളാണ്, വാതായനങ്ങളാണ്. 3) പ്രലോഭനങ്ങളെ ചെറുക്കുകയാണ് അവയെ നേരിടുവാനുള്ള ഏറ്റവും നല്ല വഴി. മനുഷ്യരായ നമുക്ക് സ്വന്തം ശക്തികൊണ്ട് ഒരിക്കലും അവയെ ചെറുക്കാൻ സാധിക്കുകയില്ല – പിന്നെയോ ദൈവവചനമാണ് നമ്മുടെ ശക്തി. യേശു ഓരോ പ്രലോഭനത്തെയും ദൈവവചനം കൊണ്ടാണ് തോല്പിച്ചത്. 4) പിശാചിനെയും അവന്റെ പ്രലോഭനങ്ങളെയും ദൈവാത്മാവിന്റെ ശക്തിയാൽ പ്രതിരോധിക്കുക. പരിശുദ്ധാത്മാവിനായി പ്രാർഥിക്കുക, ആത്മാവിന്റെ കൃപയിൽ വ്യാപരിക്കുക 5) ദൈവത്തിന്റെ ഹിതം എന്താണ് എന്ന് അന്വേഷിക്കുക. ഞാൻ ജീവിക്കുന്നത് ദൈവത്തിന്റെ ഇഷ്ടമനുസരിച്ചാണോ എന്ന് മനസ്സിലാക്കുക.



യേശു നേരിട്ടത് മൂന്ന് പ്രലോഭനങ്ങളാണ്. കല്ലുകളെ അപ്പമാക്കുക; ദേവാലയമുകളിൽ നിന്ന് താഴേക്കു ചാടുക; പിശാചിനെ ആരാധിക്കുക. ആദ്യത്തേത് ശാരീരികമായ പ്രലോഭനമാണ് - ശരിയെന്ന് തോന്നപ്പെടാവുന്നത് ചെയ്യുക. ഭക്ഷണവും വെള്ളവുമായ അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടിയുള്ള അഭിവാഞ്ഛ സ്വാഭാവികമായ ഒരു കാര്യമാണ്. അത്യാവശ്യകാരങ്ങൾക്കുവേണ്ടി അവ എന്തും ചെയ്തു നേടാമെന്ന ധാരണ ഒരു പ്രലോഭനമാണ്. അത് കല്ലുകൾ അപ്പമാക്കലാണ്.




**2020 മാർച്ച് മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# തപസുകാലം മാനസാന്തരത്തിന്റെ, കൃപയുടെ അവസരമാക്കാം

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

ഇക്കഴിഞ്ഞ ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച നെറ്റിയിൽ ചാരം പൂശിക്കൊണ്ട്, തപസുകാലത്തിന് നാം തുടക്കം കുറിച്ചു. നമ്മുടെ നെറ്റിയിൽ ചാരം പൂശുന്ന വേളയിൽ തിരുവചനം നമ്മെ ഓർമ്മിപ്പിച്ച വലിയൊരു ജീവിത സത്യം ഇതായിരുന്നു. ''മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു നീ പിൻതിരിയും'' അതിനാൽ ''അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക''. ഇതൊരു ഓർമ്മപ്പെടുത്തലാണ്: മനുഷ്യന്റെ നിസ്സാരതയെയും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ.

അനുതാപത്തിന്റെ, മാനസാന്തരത്തിന്റെ ഈ വഴിയിൽ നമ്മെ സഹായിക്കുവാനായ് സഭാമാതാവ് നിർദ്ദേശിക്കുന്ന പ്രധാനപ്പെട്ട മൂന്ന് മാർഗ്ഗങ്ങളാണ് പ്രാർത്ഥന, ഉപവാസം, ദാനധർമ്മം. ഈ മൂന്ന് പുണ്യകർമ്മങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുകയാണ്. നമുക്ക് ഓർമ്മവച്ച നാളുമുതൽ തപസുകാലത്ത് ഈ മൂന്ന് പുണ്യപ്രവൃത്തികളും നമ്മളാൽ കഴിയുന്ന രീതിയിൽ നാം ചെയ്യുന്നുണ്ട്.

തപസുകാലം ആചരിക്കുമ്പോൾ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ ഇവയാണ്:

1) തപസ്സനുഷ്ഠാനത്തിന്, നോമ്പുകാലത്തിന് അതിൽ തന്നെ പ്രസക്തിയില്ല. ഇത് ഒരുക്ക സമയമാണ്. നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ യേശുക്രിസ്തുവിന്റെ പെസഹാരഹസ്യം യോഗ്യതയോടെ ആചരിക്കുവാനുള്ള ഒരുക്കകാലം. ഇത്തരുണത്തിൽ തപസ്സുകാലം നമ്മെ ക്ഷണിക്കുന്നത് ഉത്ഥാനത്തിന്റെ സന്ദേശമായ പ്രത്യാശയിലേക്കാണ്.

2) നോമ്പാചരണം വൈയക്തികമായ ഒരനുഷ്ഠാനം മാത്രമല്ല, മറിച്ച് ഒരു വിശ്വാസ സമൂഹത്തിന്റെ കൂട്ടായ ഒരുക്കമാണിത്. അതായത് എന്റെ കൂടെയും എനിക്ക് ചുറ്റും വസിക്കുന്നവരുടെയും രക്ഷക്ക്, അനുതാപത്തിനും മാനസാന്തരത്തിനും എനിക്ക് കൂടി ഒരു പങ്കുണ്ട്, ഉത്തരവാദിത്തമുണ്ട് എന്ന സത്യം ഈ തപസുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

3) രക്ഷാകരമായ ഈ ഒരുക്കകാലം, അതായത് നമ്മുടെ പ്രാർത്ഥനയും ഉപവാസവും ദാനധർമ്മങ്ങളും നമ്മുടെ അനുദിന ജീവിത യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടതാകണം, ജീവിതബന്ധിയായി മാറണം. 2020 ലെ തപസുകാലം ഇന്ന് നാം അനുഭവിക്കുന്ന വ്യക്തി - കുടുംബ - സമൂഹതലങ്ങളിലെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും പരിഹാരം കണ്ടെത്താൻ ഉതകുന്ന രീതിയിലായിരിക്കണം.

മേല്പറഞ്ഞ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ഇന്നത്തെ നമ്മുടെ കുടുംബകൂട്ടായ്മ യോഗത്തിൽ ഈ വർഷത്തെ തപസുകാലം എങ്ങനെ കൂടുതൽ അർത്ഥവത്തായി ആചരിക്കാം, അനുഗ്രഹത്തിന്റെ, രക്ഷയുടെ പുണ്യദിനങ്ങളാക്കി മാറ്റാം എന്ന് വചനവെളിച്ചത്തിൽ പ്രാർത്ഥനാപൂർവ്വം ചിന്തിക്കാം; ചർച്ച ചെയ്യാം.

## 4. യേശുവിനെ ക്ഷണിക്കൽ

സ്വയം നഷ്ടപ്പെടാൻ തയ്യാറാകുന്നതിന്റെ തോതനുസരിച്ചാണ് സ്നേഹത്തിന്റെ മാറ്റ് വർദ്ധിക്കുന്നതെന്ന് കുരിശിലെ ബലിയിലൂടെ നമ്മെ പഠിപ്പിച്ച യേശുനാഥനെ, ഈ തപസുകാലം അർത്ഥവത്തായ് ആചരിക്കുന്നതിനുള്ള കൃപയാചിച്ചുകൊണ്ട് നമ്മുടെ മധ്യേ ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**മത്താ. 6:1-18**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

* ഐശ്വര്യവും സമ്പത്തും തങ്ങൾ ചെയ്യുന്ന സൽകൃത്യങ്ങളുടെ ഫലമാണെന്ന് യഹൂദജനം വിശ്വസിച്ചു. ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നത് ബാഹ്യമായ് അനുഷ്ഠിച്ചാൽ മതിയെന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്.

* യഹൂദന്മാരുടെ ഈ മനോഭാവം

മനസിലാക്കിയ യേശു സൽകൃത്യങ്ങളുടെ യഥാർത്ഥ സ്വഭാവവും അവയുടെ ചൈതന്യവും എന്തെന്ന് പഠിപ്പിക്കുന്നു.

* സ്വയം സംതൃപ്തിക്കും പ്രതിഫലത്തിനും മറ്റുള്ളവരുടെ കൈയടിക്കും പ്രശസ്തിക്കും വേണ്ടി സൽകൃത്യങ്ങൾ ചെയ്യരുത്.

* ദൈവതിരുമുമ്പിൽ സമർപ്പിക്കുന്ന കാഴ്ചകളാക്കി മാറ്റണം നാം ചെയ്യുന്ന ഓരോ നല്ല പ്രവൃത്തിയും.

* മനുഷ്യരെ കാണിക്കാൻ ചെയ്യുന്ന സത്കൃത്യത്തിന് ദൈവതിരുമുമ്പിൽ നിന്ന് പ്രതിഫലം ലഭിക്കയില്ല. സത്കൃത്യങ്ങൾ എപ്പോഴും രഹസ്യമായി, ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു ചെയ്യുക.

* ഏത് സത്കൃത്യവും സ്നേഹത്തോടെ മാത്രം ചെയ്യുക. അന്ത്യദിനത്തിൽ നാം വിധിക്കപ്പെടുക നമ്മുടെ സ്നേഹത്തിന്റെ തോതനുസരിച്ചാണെന്ന് മറക്കാരിക്കുക.

* നമ്മെ സ്നേഹിക്കാത്തവരേയും സ്നേഹിക്കാനും ബഹുമാനിക്കാനും, നാവുകൊണ്ട് എപ്പോഴും നന്മയായിട്ടുള്ളത് മാത്രം പറയുവാനും ശ്രദ്ധയോടും താത്പര്യത്തോടും കൂടി മറ്റുള്ളവരെ ശ്രവിക്കുവാനും, മറ്റുള്ളവരോടൊത്തും മറ്റുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തുക.

* പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കണമെന്നും പ്രാർത്ഥനയുടെ ഉള്ളടക്കം എന്താകണമെന്നും യേശുവ്യക്തമായി പഠിപ്പിക്കുന്നു: വിനയത്തിന്റെ, അനുതാപത്തിന്റെ, കൃതജ്ഞതയുടെ വികാരങ്ങളാകണം നമ്മുടെ പ്രാർത്ഥനയെ നയിക്കേണ്ടത്.

* ആർത്തി മൂത്ത് എല്ലാം സ്വന്തമാക്കി സമ്പത്ത് കുന്നുകൂട്ടുകയോ അപരന്റെ സ്വത്ത് അപഹരിക്കുകയോ അല്ല ചെയ്യേണ്ടത്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഓരോ ദിനവും ആവശ്യമായ അന്നത്തിനുവേണ്ടി പ്രാർത്ഥിക്കണം: ഭക്ഷണത്തിലെ ആർത്തിയും ധൂർത്തും ആത്മ പരിശോധനക്ക് വിധേയമാകണം.

* സഹോദരന്റെ തെറ്റ് ക്ഷമിക്കുവാനുള്ള കൃപയും ദൈവത്തിന്റെ ക്ഷമിക്കുന്ന കരുണക്കുവേണ്ടിയും പ്രാർത്ഥിക്കണം.

* അനുദിന ജീവിതത്തിലെ പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും അതിജീവിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണം.

നാം ശ്രവിച്ച വചനത്തിന്റെയും വചനവിചിന്തനത്തിന്റെയും വെളിച്ചത്തിൽ ഈ വർഷത്തെ നോമ്പുകാലം കുറച്ചുകൂടി അർത്ഥവത്തായും ജീവിത ബന്ധിയാക്കി മാറ്റുവാനുമുതകുന്ന ചില മാർഗ്ഗനിർദ്ദേശങ്ങൾ:

⇨ കുടുംബകൂട്ടായ്മകളിലും കുടുംബപ്രാർത്ഥനകളിലും കൂടുതൽ ഉണർവോടെ പങ്കെടുക്കുന്നതിനു പുറമേ അനുദിനദിവ്യബലിയ്ക്കും കൂദാശസ്വീകരണത്തിനും പ്രത്യേകിച്ച് കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിനും പ്രാധാന്യം കൊടുക്കുക. ലഭിക്കുന്ന അവസരങ്ങളിൽ ദിവ്യകാരുണ്യാരാധനയിലും ധ്യാനങ്ങളിലും പങ്കെടുക്കണം.

⇨ യുവജനങ്ങളെയും കുഞ്ഞുങ്ങളെയും ഇതിൽ പങ്കെടുപ്പിക്കേണ്ടത് ഓരോ കൂട്ടായ്മയുടേയും കടമയാണെന്ന ബോധ്യവും ഉണ്ടാകണം.

⇨ യൂണിറ്റ്/വാർഡ്/ഇടവക/ഫെറോനാതലത്തിൽ നടത്തുന്ന കുരിശിന്റെ വഴി ജീവിതബന്ധിയാക്കുക, ഒരു പ്രത്യേക നിയോഗം വച്ചുകൊണ്ട് വേണ്ട ഒരുക്കത്തോടെ കുരിശിന്റെ വഴിയിൽ പങ്കെടുക്കുക.

⇨ ത്യാഗപൂർവ്വം അവശരും ആവശ്യക്കാരുമായ നമ്മുടെ സഹോദരങ്ങളെ സഹായിക്കുന്നതിനായ് ഉപവാസം വഴി നമുക്ക് മിച്ചം വരുന്ന ധനം ഉപയോഗിക്കാം. ഉയിർപ്പു തിരുനാളിൽ ഇതെല്ലാം ഒന്നിച്ചു ചേർത്ത് പൊതുവായ ഒരു ജീവകാരുണ്യ പ്രവർത്തനത്തിനുവേണ്ടിയോ, യൂണിറ്റിലെയോ ഇടവകയിലെയോ നമുക്കറിയുന്നതോ ആയ ഏറ്റവും അർഹിക്കുന്ന ഒരു കുടുംബത്തെ സഹായിക്കാൻ ഓരോ കൂട്ടായ്മയും ശ്രദ്ധിക്കണം.

⇨ ന്യായമായ് നമുക്കനുഭവിക്കാവുന്ന ചില സന്തോഷങ്ങൾ വേണ്ടെന്നു വയ്ക്കുന്നത് ഉചിതമാണ്. പ്രത്യേകിച്ച് സീരിയൽ കാണുന്നത്, മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് എന്നിവ കുറയ്ക്കുക. മദ്യപാനം, ചീട്ടുകളി മുതലായ ദുശീലങ്ങൾക്ക് കടിഞ്ഞാണിടുക. അനാവശ്യമായി കൂട്ടുകൂടിയിരുന്ന് മറ്റുള്ളവരെക്കുറിച്ച് പരദൂഷണം പറയുന്നത് ഒഴിവാക്കി വചനവായനയ്ക്കും ജപമാല പ്രാർത്ഥിക്കുന്നതിനും സമയം കണ്ടെത്തുക.

⇨ പെസഹാ വ്യാഴം, ദുഃഖവെള്ളി ദിനങ്ങളിലെ ദിവ്യകാരുണ്യ ആരാധനക്കായ് മുൻ കൂട്ടി ഒരുങ്ങുക. വ്യക്തിപരമായ് നാം ചെയ്യുന്നതും കുടുംബങ്ങളിൽ നാം അനുഷ്ഠിക്കുന്നതും കുടുംബകൂട്ടായ്മയിൽ ഒന്നു ചേർന്ന് ചെയ്യുന്നതുമായ പരിത്യാഗപ്രവർത്തികൾക്ക് ഒരു രൂപരേഖ തയ്യാറാക്കുന്നത് നല്ലതാണ്.

## 8. ചർച്ച

a. ഈ നോമ്പുകാലത്ത് വ്യക്തിപരമായി ചെയ്യാനാഗ്രഹിക്കുന്ന രണ്ട് പുണ്യപ്രവർത്തികൾ കൂട്ടായ്മയിൽ പങ്കുവയ്ക്കുക.

b. നമ്മുടെ പരിത്യാഗവും ഉപവാസവും കൊണ്ട് മിച്ചം പിടിക്കുന്ന ധനം എന്തിനായ് ഉപയോഗിക്കണം എന്ന് ചർച്ച ചെയ്ത് തീരുമാനിക്കുക.

c. ആത്മീയ കാര്യങ്ങളിൽ വിട്ടു നിൽക്കുന്നവരെ കൂട്ടായ്മയോട് ചേർത്തു നിർത്തുവാനും കൂട്ടായ്മയിലെ എല്ലാവരും കുമ്പസാരിച്ച് ദിവ്യബലിയിൽ പങ്കെടുപ്പിക്കുന്നതിനും നമുക്കെന്ത് ചെയ്യാൻ സാധിക്കും.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

രക്ഷയുടെയും മാനസാന്തരത്തിന്റെയും പുണ്യദിനങ്ങളായ ഈ തപസുകാലം പരസ്യ പാപങ്ങളിൽ നിന്ന കന്നുകൊണ്ട് പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും അങ്ങയെ പ്രഘോഷിക്കുന്ന ഒരു കൂട്ടായ്മയായ് രൂപപ്പെടുവാനും, ഈ നോമ്പുകാലത്ത് നമ്മെളെടുക്കുന്ന നല്ല തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാനും വേണ്ട കൃപാവരത്തിനായ് നമുക്ക് പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# ഗവ. എൽ.പി.സ്കൂൾ, കാഞ്ഞിരംകുളം

## നെയ്യാറ്റിൻകര ഉപജില്ല

ഗ്രാമഭാവത്തിന് മങ്ങലേൽപ്പിക്കാത്ത കാഞ്ഞിരംകുളത്തിന്റെ തിലകക്കുറിയായി, തലമുറകൾക്ക് അക്ഷരദീപം പകർന്നു നൽകി പ്രശോഭിക്കുന്ന ഒരു പൊതുവിദ്യാലയമാണ് കാഞ്ഞിരംകുളം എൽപി സ്കൂൾ.

150 വർഷത്തിലധികം പഴക്കമുള്ള ഒരു കുടിപ്പള്ളിക്കൂടമായിരുന്നു ഇത് എന്നാണ് പഴമക്കാരുടെ സാക്ഷ്യം. കാഞ്ഞിരംകുളത്തെ പ്രശസ്തരായ നാലുകെട്ട് കുടുംബക്കാരാണ് പ്രസ്തുത സ്ഥലവും പള്ളിക്കൂടവും ഗവൺമെന്റിന് സംഭാവനയായി നൽകിയതിനാൽ ഈ വിദ്യാലയം 'നാലുകെട്ട് പള്ളിക്കൂടം' എന്ന പേരിലും അറിയപ്പെട്ടിരുന്നു. 1954 ൽ അപ്പർ പ്രൈമറി സ്കൂളായും, 1964 ൽ ഹൈസ്കൂളായും ഈ വിദ്യാലയം ഉയർന്നു. ഈ പ്രദേശത്തെ പെൺകുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം വർധിപ്പിക്കാനായി ഇത് ഒരു ഗേൾസ് ഹൈസ്കൂൾ ആയാണ് ഉയർത്തിയത്.

1966 ൽ അതുവരെ ഹൈസ്കൂളിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന എൽ.പി വിഭാഗം പ്രത്യേകമായി ഗവ. എൽ.പി.സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. അന്നുമുതൽ ഇങ്ങോട്ട് വളർച്ചയുടെ നാളുകളായിരുന്നു. കുട്ടികളുടെ ബാഹുല്യം കാരണം ആദ്യകാലങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തനം നടന്നിരുന്നത്. വിദ്യാഭ്യാസപരമായി കാഞ്ഞിരംകുളം ഗ്രാമത്തിന്റെ മുന്നേറ്റത്തിന് ഈ വിദ്യാലയം അന്നും ഇന്നും ഒരു മാർഗ ദീപമാണ്. മന്ത്രി, ഡോക്ടേഴ്സ്, എൻജിനീയേഴ്സ്, ശാസ്ത്രജ്ഞർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങി അനേകം പ്രതിഭകൾ ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർഥികളായിരുന്നു എന്ന സത്യം അഭിമാനത്തോടെ പരാമർശിക്കാൻ കഴിയും.

വർഷംതോറും നൂറുകണക്കിന് കുരുന്നുകൾക്ക് അക്ഷരദിപം പകർന്ന് നൽകി കാഞ്ഞിരംകുളത്തിന് അഭിമാനമായി മാറിയ ഈ വിദ്യാകേന്ദ്രം ഇന്നും ഈ പ്രദേശത്തിന് അഭിമാനകരമായി മാറുകയാണ്. ഇപ്പോൾ എൽകെജി, യുകെജി, ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി ഇംഗ്ലീഷ്, മലയാളം മീഡിയം വിഭാഗങ്ങളിലായി 450 ലധികം വിദ്യാർഥികൾ പഠിക്കുന്നു. പ്രീപ്രൈമറി സെക്ഷനിൽ 4 അധ്യാപകരും 4 ഹെൽപ്പർമാരും പ്രൈമറി വിഭാഗത്തിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 11 അധ്യാപകരുമാണ് ഉള്ളത്. ഇതിനുപുറമെ, ഹിന്ദി, കംപ്യൂട്ടർ എന്നിവയ്ക്കായി രണ്ട് താൽക്കാലിക അധ്യാപകരും ഉണ്ട്. കലാകായികവിദ്യാഭ്യാസം, പ്രവൃത്തിപരിചയം എന്നിവയിൽ പ്രാവീണ്യം നേടിയ സ്പെഷ്യൽ ടീച്ചേഴ്സിന്റെ സേവനവും ഈ സ്കൂളിന് ലഭ്യമാണ്. ആഴ്ചയിൽ ഓരോ ദിവസം യോഗ പരിശീലനവും കൃത്യമായി നടന്നുവരികയാണ്.

മാസം തോറും നടത്തുന്ന ടെസ്റ്റ് പേപ്പറുകൾ, ക്ലാസ് പിടിഎ കൾ എന്നിവ കുട്ടികളുടെ പഠനനിലവാരവും സ്വഭാവ സവിശേഷതകളും മെച്ചപ്പെടുത്താനും കുട്ടികളുടെ പഠനത്തെക്കുറിച്ച് രക്ഷിതാവിന് ബോധ്യപ്പെടാനുമുള്ള ക്രിയാത്മക വേദി

കളാകുന്നു.

പഠന പ്രവർത്തനങ്ങളെപ്പോലെ തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും ഏറെ മുന്നിലാണ് ഈ വിദ്യാലയത്തിലെ കുരുന്നുകൾ. കലാകായിക പ്രവർത്തിപരിചയ മേളകൾ, ഗാന്ധിദർശൻ പ്രവർത്തനങ്ങൾ, മാതൃഭൂമി സീഡ് ക്ലബ്, മനോരമ നല്ലപാഠം ക്ലബ്, വിവിധ ഭാഷാ ക്ലബുകൾ, പരിസ്ഥിതി ക്ലബ് തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. അനവധി പുരസ്കാരങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിഎസ് എസ്സി നൽകിയ സ്വർണ ലോക്കറ്റ് പുരസ്കാരം, മാതൃഭൂമി സീഡ് നൽകുന്ന ഹരിതമുകുളം അവാർഡ്, മനോരമ നല്ലപാഠം നൽകുന്ന ബെസ്റ്റ് സ്കൂൾ അവാർഡ്, ഗാന്ധി ദർശന്റെ മികച്ച വിദ്യാലയം എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ നേടി കാഞ്ഞിരംകുളത്തിന് അഭിമാനമായി മാറുകയാണ് ഈ പൊതുവിദ്യാലയം.

സ്കൂളിന്റെ മികവിനായി പ്രവർത്തിക്കുന്ന സജീവമായ പിടിഎ, മദർ പിറ്റിഎ, എസ്എസ്ജി, പൂർവവിദ്യാർഥികൾ എന്നിവരുടെ ഇടപെടലും സഹായസഹകരണങ്ങളും ഈ വിദ്യാലയത്തെ ജനപ്രിയമാക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലമായി തുടർച്ചയായി നെയ്യാറ്റിൻകര സബ്ജില്ലയിലെ മികച്ച പിറ്റിഎക്കുള്ള ക്യാഷ് അവാർഡ് കാഞ്ഞിരംകുളം എൽപിഎസിലെ പിടിഎ സമിതിക്കാണ് ലഭിച്ചുവരുന്നത് എന്നത് പ്രശംസനീയമാണ്.

എൽകെജി മുതൽ കംപ്യൂട്ടർ പഠനം, വിവിധ ക്ലബുകളിലൂടെ കുട്ടികളുടെ സമഗ്രവികസനം, എൽകെജി മുതൽ ഡാൻസ്, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, വിദ്യാർഥികളുടെ സൗകര്യാർഥം സ്കൂൾ വാൻ സൗകര്യം ഇവയെല്ലാം ഈ പൊതുവിദ്യാലയത്തിന്റെ ഭാഗമാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന കുട്ടികളുടെ അവകാശം പൂർണമായും സാക്ഷാൽക്കരിക്കുന്ന ഈ പൊതുവിദ്യാലയം കുട്ടികളുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ഈ പ്രദേശത്തിന്റെ തന്നെയും അഭിമാനമായി മാറട്ടെ.








## മയിൽ

പീലി വിടർത്തി ആടുന്ന മയിലേ
നിൻ പീലികളത്ര സുന്ദരം.
കണ്ണിനും മനസ്സിനും ആമോദം
ചന്തം തിങ്ങുമാ പൊൻപീലി
പലപല വർണങ്ങൾ കോർത്തതാം
ആ പീലിയൊന്നെനിക്കു കിട്ടാൻ
ഏറെ കൊതിച്ചു ഞാൻ കാത്തിരുന്നു.
കൂട്ടുകാരോടെല്ലാം തിരക്കിനടന്നു.
ഉത്സവനാളിൽ അമ്മ വാങ്ങിത്തന്നു
നെടുനീളമുള്ളൊരു മുഴുവൻ പീലി
ആ പീലി കണ്ടപ്പോൾ എൻ മനസ്സിൽ
പലപല വർണങ്ങൾ മിന്നിമാഞ്ഞു.



നീതു എൽ.ആർ
ക്ലാസ്. 4 ബി.

## തത്തമ്മ

നീലാകാശത്ത് പാറി നടക്കും
കുഞ്ഞി തത്തമ്മേ...
പച്ച തത്തമ്മേ...
പാട്ടുകൾ പാടും തത്തമ്മേ
പാലും പഴവും തന്നേക്കാം
എന്റെ അടുക്കൽ വരുമോ നീ..
കൂടെ കളിക്കാൻ വരുമോ നീ
പാട്ടുകൾ പാടാൻ വരുമോനീ
നിന്നെ കാണാൻ എന്തൊരു ഭംഗി
നിന്നെ കണ്ടു കൺകുളിരുന്നു
എൻ കൂടെ നീ വന്നാലോ
നമുക്കൊത്തു കളിച്ചീടാം.



സെഫ്ന എസ്.ജെ
ക്ലാസ്. 4 ബി.

● ജെ.സി



# ആമസോൺ സിനഡ് നൽകുന്ന ഉദാത്ത ദർശനം

ആമസോൺ നദീതട സംസ്കാരവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒൻപത് രാജ്യങ്ങളിലെ (ബൊളീവിയ, ബ്രസീൽ, കൊളംബിയ, ഇക്വഡോർ, ഗയാന, പെറു, വെനിസ്വേല, സൂരിനാം) ജനവിഭാഗങ്ങളെയാണ് സിനഡ് പ്രതിനിധീകരിച്ചത്. 2019 ഒക്ടോബർ മാസം ആറു മുതൽ 27 വരെ റോമിൽ നടന്ന ആമസോൺ സിനഡിന്റെ നിർദ്ദേശങ്ങൾ ഇന്ന് ആഗോളതലത്തിൽ ചർച്ചാവിഷയമായിട്ടുണ്ട്. ആദിവാസികളും ആഫ്രിക്കൻ വംശജരും കർഷകരുമടക്കം 3 കോടി 30 ലക്ഷം ജനങ്ങൾ ആമസോൺ പ്രദേശത്തുണ്ട്. ആമസോൺ സിനഡിന്റെ ഔദ്യോഗിക രേഖയ്ക്ക് അഞ്ച് അധ്യായമുണ്ട്. സമഗ്രപരിവർത്തനത്തിൽ ആമസോൺ ജനതയുടെയും ഭൂപ്രകൃതിയുടെയും നിലവിളി കേൾക്കണമെന്നതാണ് ഒന്നാം അധ്യായം. മുറിവേറ്റ ഇടവും ജനങ്ങളുമാണ് ആമസോണിലുള്ളത്. പ്രകൃതി ചൂഷണം, കോർപ്പറേറ്റ് മേധാവിത്വം, സെക്സ് ടൂറിസം, അവയവകച്ചവടം, അഭയാർഥി പ്രവാഹം ആദിവാസികളുടെ പുനഃരധിവാസം തുടങ്ങിയ ഗൗരവമേറിയ പ്രശ്നങ്ങളാണ് ഈ ജനത അനുഭവിക്കുന്നത്. വനനശീകരണത്തിന്റെ തോത് 17 ശതമാനത്തിലേറെയാണ്.

തുടർന്നുള്ള അധ്യായങ്ങളിൽ അജപാലനപരവും സാംസ്കാരികവും, പാരിസ്ഥിതികവും സഭാത്മകവുമായ മണ്ഡലങ്ങളിൽ പരിവർത്തനം ലക്ഷ്യമാക്കി മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങളാണ്. ജനതനേരിടുന്ന ദാരിദ്ര്യത്തിനും രോഗത്തിനും അനീതിക്കും അക്രമത്തിനും നേരെ സഭയ്ക്ക് കണ്ണടയ്ക്കാനാവില്ല. ആമസോൺ പ്രദേശത്തെയും അതുൾക്കൊള്ളുന്ന ജനത്തിന്റെയും സാംസ്കാരിക വൈവിധ്യത്തെയും സഭ ആദരിക്കണമെന്ന നിർദ്ദേശമാണ് സാംസ്കാരിക പരിവർത്തനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആഗോള പരിസ്ഥിതി വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ ആമസോൺ സിനഡ് ആഗ്രഹിക്കുന്നത് ഒരു പാരിസ്ഥിതിക പരിവർത്തനമാണ്. ഫ്രാൻസിസ് പാപ്പ 2015 ൽ പ്രസിദ്ധീകരിച്ച 'ലൗദാത്തോസി' എന്ന ചാക്രിക ലേഖനത്തിന്റെ അന്തസത്തയിലൂന്നിയ നീതിബോധമാണ് അത്. ആമസോൺ വനാന്തരങ്ങൾ ഈയടുത്തകാലത്ത് കത്തിനശിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ നിർദ്ദേശങ്ങൾ കൂടുതൽ പ്രസക്തമാകുന്നു. സഭയിൽ വരുത്തേണ്ട കാലോചിതമായ മാറ്റങ്ങൾ അവസാന അധ്യായത്തിലുണ്ട്.

സഭയുടെ നടത്തിപ്പിലും നയരൂപീകരണത്തിലും സ്ത്രീ-പുരുഷ ഭേദമന്യേയുള്ള പങ്കാളിത്തത്തെ സ്ഥിരീകരിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയായി ഇതിനെ കാണാം. സ്ത്രീകൾക്ക് സവിശേഷ പരിഗണന നൽകി അവർക്ക് ഡീക്കൻ പട്ടം നൽകണമെന്നും ആമസോണിന്റെ പ്രത്യേക സാഹചര്യം (പുരോഹിതരുടെ കുറവ്) പരിഗണിച്ച് വിവാഹിതരുടെ പൗരോഹിത്യത്തിനുള്ള സാധ്യതയും നിർദ്ദേശിക്കുന്നുണ്ട്. സാംസ്കാരിക യാഥാർഥ്യത്തെ ആധുനിക ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കണം. ഭാരതസഭയ്ക്ക് ഏതെല്ലാം തലത്തിൽ സാംസ്കാരിക പരിവർത്തനം ആവശ്യമാണ് എന്ന് ഗൗരവപൂർവം ചിന്തിക്കാൻ ആമസോൺ സിനഡ് നമ്മെ പ്രേരിപ്പിക്കുന്നു. ഭാരതത്തിലെ ആദിവാസികളെയും ദളിത് ജീവിതങ്ങളെയും കടലോരജനങ്ങളെയും നാം എത്രമാത്രം പഠനവിധേയമാക്കിയിട്ടുണ്ട്? ആമസോൺ സിനഡിന്റെ പഠനരേഖ ജാതി-മതവിഭാഗീയതകളെ അതിജീവിക്കുന്നതും സാർവലൗകികവുമാണ്.

# Jubilee Memorial Hospital


**Latin Archdiocese of Trivandrum**

*Little Flower College of Nursing*




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstructive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Total Page 44 Pub. Date : 01.02.2020
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto